بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ   نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ   وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد
وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ
വീക്കിലി ഖാദിയാൻ

Weekly
BADAR Qadian
Malayalam

വാല്യം 4
ലക്കം 50

വാർഷിക വരിസംഖ്യ 500 രൂപ

പത്രാധിപർ
എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ
മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2019 ഡിസംബർ 12/ഹി:ശം:1398 ഫതഹ് 12/ഹി:ഖ: 1441 റബീഉൽ ആഖർ 14

### അല്ലാഹുവിന്റെ വചനം

فَاِذَا عَزَمۡتَ
فَتَوَکَّلۡ عَلَی اللّٰہِ ؕ
اِنَّ اللّٰہَ یُحِبُّ الۡمُتَوَکِّلِیۡنَ ○
(آل عمران:160)

‘അങ്ങനെ കാര്യം തീരുമാനിച്ചു കഴിഞ്ഞാൽ നീ അല്ലാഹുവിൽ ഭരമേൽപിക്കുക. തീർച്ചയായും അല്ലാഹു തന്നിൽ ഭരമേൽപിക്കുന്നവരെ ഇഷ്ടപ്പെടുന്നു.’(3:160)

### അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

# നമ്മുടെ നബി(സ)തിരുമേനിയെക്കാളുപരി ലോകത്ത് ഒരു സമ്പൂർണമനുഷ്യന്റേയും മാതൃക കാണുകയില്ല. ഖിയാമത്തുന്നാൾവരെ ഉണ്ടാകുകയുമില്ല.

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

### നബി(സ) തിരുമേനിയുടെ ദാസത്വം

“വിശുദ്ധഖുർആൻ പാരായണം ചെയ്തുനോക്കുക. നമ്മുടെ നബി(സ)തിരുമേനിയെക്കാളുപരി ലോകത്ത് ഒരു സമ്പൂർണമനുഷ്യന്റേയും മാതൃക കാണുകയില്ല. ഖിയാമത്തുന്നാൾവരെ ഉണ്ടാകുകയുമില്ല. പിന്നീട് നോക്കൂ! പ്രതാപപരമായ ദിവ്യദൃഷ്ടാന്തങ്ങൾ കിട്ടിയിട്ടും ഹുദൂറിനോടൊപ്പം(സ) ദാസത്വംതന്നെ നിലനിന്നു. ആവർത്തിച്ചാവർത്തിച്ച് *ഇന്നമാ അന ബശ്റുൻമ്മിഥ്ലുക്കം*(18:111)– തീർച്ചയായും ഞാൻ നിങ്ങളെപ്പോലുള്ള ഒരു മനുഷ്യൻ മാത്രമാകുന്നു– എന്ന് പറഞ്ഞുകൊണ്ടിരുന്നു. എത്രത്തോളമെന്നാൽ, തൗഹീദിന്റെ കലിമയിൽ തന്റെ ദാസത്വം സമ്മതിച്ചതിന്റെ ഒരു ഭാഗം നിർബന്ധമായും ഉണ്ടാകണമെന്ന് നിശ്ചയിക്കപ്പെട്ടു. അതു പറയാതെ മുസ്‌ലിം, മുസ്‌ലിമാകുകയില്ല. ചിന്തിക്കുക! പലവട്ടം ചിന്തിക്കുക. അതിനാൽ ഏതൊരു അവസ്ഥയിലാണോ സമ്പൂർണ മാർഗദർശകന്റെ ജീവിതരീതി നമുക്ക് പാഠം നല്കിക്കൊണ്ടിരിക്കുന്നത്; അതായത് അത്യുന്നതമായ സ്ഥാനത്തെത്തിയിട്ടും ദാസത്വത്തിന്റെ സമ്മതം കൈയിൽനിന്ന് വിട്ടില്ല. ആരെയെങ്കിലും കുറിച്ച് അങ്ങനെ വിചാരിക്കുകയും അത്തരം കാര്യങ്ങൾ മനസ്സിൽ കൊണ്ടുവരികയും ചെയ്യുക എന്നത് പാഴും നിരർഥവുമാണ്.

### നിയന്ത്രണങ്ങൾ രണ്ടുതരം

അതേ! ഇതു സത്യസന്ധമായ കാര്യമാണ്; ഇതാർക്കും നിഷേധിക്കാനും സാധിക്കുകയില്ല. അതായത് അല്ലാഹുവിന്റെ നിയന്ത്രണങ്ങൾ അതിരറ്റതും അനവധിയുമാണ്. അത് എണ്ണിക്കണക്കാക്കുക അസംഭാവ്യമാണ്. മനുഷ്യൻ എത്രത്തോളം സ്വാത്മ പരിത്യാഗവും(സുഹ്ദ്) അത്യധ്വാനവും (മുജാഹദ) ചെയ്യുന്നുവോ അത്രത്തോളം അവൻ അല്ലാഹുവിന്റെ അടുത്തായിക്കൊണ്ടിരിക്കുന്നു. ഈ ബന്ധംകൊണ്ടുതന്നെ ആ നിയന്ത്രണങ്ങളുടെ ഒരു നിറം അവനിൽ പതിയുന്നു. നിയന്ത്രണങ്ങൾ അല്ലാഹുവിന്റെ പരിചയത്തിന്റെ കവാടം അവനിൽ തുറക്കുന്നു. ഇക്കാര്യത്തെക്കുറിച്ച് നിങ്ങൾക്കു പറഞ്ഞുതരുന്നതും ഈ അവസരത്തിൽ നല്ലതാണെന്ന് തോന്നുന്നു; നിയന്ത്രണങ്ങളും രണ്ടുതരമുണ്ട്. ഒന്ന് സൃഷ്ടിയുടെ അടിസ്ഥാനത്തിൽ. രണ്ടാമത്തേത് സാമീപ്യത്തിന്റെ അടിസ്ഥാനത്തിൽ. നബിമാർക്ക് (അലയ്ഹിസ്സലാമിന്റെ) ഒപ്പമുള്ള ഒരു നിയന്ത്രണം. ഇതേ സൃഷ്ടിയുടെ തരത്തിലും പരിഗണിച്ചുമാണത്. അത് *യഅ്കുലുത്ത്വആമ വ യംശീ ഫിൽ അസ്വാഖി* (25:8)–ഈ ദൂതൻ ഭക്ഷണം കഴിക്കുകയും അങ്ങാടിയിൽ നടക്കുകയും ചെയ്യുന്നു– തുടങ്ങിയ വർണത്തിലാണുണ്ടാകുന്നത്. ആരോഗ്യവും രോഗവുമെല്ലാം അവന്റെതന്നെ അധികാരത്തിലായിരിക്കും ഉണ്ടാകുക. ഒരു പുതിയ നിയന്ത്രണം സാമീപ്യത്തിന്റെ നിലകളിലുണ്ടാകുന്നു. അല്ലാഹു ഏതു രീതിയിലാണ് അവന്റെ അടുത്തുണ്ടാകുക എന്നാൽ, അവനെ സംബോധനകൾ ചെയ്യാനും അവനോട് സംസാരിക്കാനും തുടങ്ങുന്നു. അവരുടെ പ്രാർഥനകൾക്ക് മറുപടി കിട്ടുന്നു. എന്നാൽ, ചിലർക്ക് മനസ്സിലാക്കാൻ കഴിയുകയില്ല. ഇതുവരെ മാത്രമല്ല, പ്രത്യുത വെറും സംസാരത്തിനും സംബോധനയ്ക്കുമുപരി ദൈവത്വത്തിന്റെ പുതപ്പ് അവരുടെമേൽ കിടക്കുന്ന ഒരു നേരവും വന്നെത്താറുണ്ട്. അല്ലാഹു തന്റെ അസ്തിത്വത്തിന്റെ പലരീതിയിലുള്ള മാതൃകകൾ അവരെ കാണിക്കുന്നു. ഒരു ശരിയായ ഉദാഹരണം ഈ സാമീപ്യത്തിനും ബന്ധത്തിനുമുണ്ട്. ഇരുമ്പിനെ ഏതെങ്കിലും അഗ്നിയിൽ വെക്കുകയാണെങ്കിൽ, അതിന്റെ സ്വാധീനംകൊണ്ട് ആ ഇരുമ്പ് അങ്ങനെയുള്ള ഒരു കഷണമാണെന്ന് തോന്നുന്നു. ആ നേരത്ത് അതിൽ അഗ്നിയിലുള്ളതുപോലുള്ള പ്രകാശവുമുണ്ടാകുന്നു. അഗ്നിയുടെ ഗുണമായ ചൂടും അതിൽ വന്നുചേരുന്നു. എന്നാൽ, ഇങ്ങനെയൊക്കെയാണെങ്കിലും ആ ഇരുമ്പ് അഗ്നിയോ അഗ്നിയുടെ കഷണമോ അല്ലെന്നത് വ്യക്തമായ കാര്യമാണ്. ഒരു സ്ഥാനത്തെത്തുമ്പോൾ അല്ലാഹുവിന്റെ ആളിൽനിന്ന് ദൈവത്വത്തിന്റെ പ്രത്യേകതകൾ ഉൾക്കൊള്ളുന്ന കർമങ്ങൾ ഉണ്ടാകുന്നു.

ഇപ്രകാരംതന്നെ നമ്മുടെ അനുഭവത്തിലുണ്ടായിട്ടുള്ളതാണ് അല്ലാഹുവിന്റെ ആളുകൾ ദൈവസാമീപ്യത്തിൽ ഒരു ഉന്നത സ്ഥാനത്തെത്താറുണ്ട്. അങ്ങനെ റബ്ബാനിയായ വർണം മനുഷ്യത്വത്തിന്റെ വർണത്തേയും ഗന്ധത്തേയും സമ്പൂർണവും തികവാർന്നനിലയിലും തന്റെ വർണത്തിന്റെ താഴെ ആവാഹിച്ചെടുക്കുന്നു. എപ്രകാരം അഗ്നി ഇരുമ്പിനെ അതിന്റെ താഴെ എങ്ങനെ ഒളിപ്പിക്കുന്നുവെന്നാൽ, ബാഹ്യത്തി ൽ അഗ്നിയല്ലാതെ മറ്റൊന്നും കാണുകയില്ല. ഛായാപരമായ നിലയിൽ അവൻ ദൈവിക സവിശേഷഗുണങ്ങളുടെ വർണം തന്റെ ഉള്ളിൽ ഉണ്ടാക്കുന്നു. ഈ നേരത്ത് അവനിൽനിന്ന് പ്രാർഥനയും അപേക്ഷയുമില്ലാതെ എങ്ങനെയുള്ള കർമങ്ങ

(ശേഷം പേജ് 8ൽ)

# ഖാദിയാൻ ജൽസസാലാനയെ സംബന്ധിച്ചുള്ള അടിയന്തര വിളംബരം

2019 ഡിസംബറിൽ നടക്കാൻ പോകുന്ന ഖാദിയാൻ ജൽസസാലാനയെ സംബന്ധിച്ച് ബദ്ർ പത്രത്തിൽ ‘ഇത് 125–ാമത് ജൽസ’യാണെന്ന് വിളംബരം വന്നുകൊണ്ടിരുന്നു. ഈ ചരിത്രപരമായ ജൽസ പരിഗണിച്ച് ഹുദൂർ അയ്യദഹുല്ലാഹ് ചില പ്രത്യേക പരിപാടികൾക്ക് സമ്മതവും തന്നിരുന്നു. ഇതിന്റെ വിവരം സർക്കുലർ മുഖേന ജമാഅത്തുകളെ അറിയിക്കുകയും ചെയ്തിരുന്നു. ഇതിന്നിടയിൽ ‘ഖാദിയാൻ അഹ്മദിയ്യ ചരിത്രവിഭാഗ’ത്തിന്റെ അന്വേഷണത്തിന്റെ വെളിച്ചത്തിൽ ‘2019–ൽ നടക്കാൻ പോകുന്ന ജൽസ 125–ാമത് ജൽസ അല്ല, 126–ാമത് ജൽസയാണെന്ന് വിവരം ഹുദൂറിനെ അറിയിക്കുകയുണ്ടായി. ഹുദൂർ അയ്യദഹുല്ലാഹ് അതിന് സമ്മതം നല്കുകയും പ്രോഗ്രാം തുടർന്നുകൊണ്ടുപോകാൻ നിർദേശിക്കുകയും ചെയ്തിരിക്കുന്നു. ബദ്ർ വായനക്കാർ ഇക്കാര്യം ശ്രദ്ധിക്കുക **(ഖാഇം മഖാം നാളിർ ഇസ്‌ലാഹ് വ ഇർശാദ്, മർക്കസിയ്യ)**

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

**അഞ്ചുനേരനമസ്കാരങ്ങളിൽ അശ്രദ്ധ കാണിക്കുന്ന ഒരു നാസ്വിറും ഉണ്ടാകാതിരിക്കേണ്ടതാണ്.**

**ഇപ്പോൾ ഖിലാഫത്തുവ്യവസ്ഥതിയുമായി ബന്ധപ്പെട്ടിരിക്കുന്നവർ മാത്രമേ തഖ്‌വയിൽ അഭിവൃദ്ധിപ്പെടുകയുള്ളൂ. ഖിലാഫത്തിനെ സ്നേഹിക്കുന്നതിലും അനുസരിക്കുന്നതിലും അഭിവൃദ്ധിപ്പെടുന്നവർക്കു മാത്രമേ പാപങ്ങളിൽനിന്ന് മോക്ഷം ലഭിക്കുകയുള്ളൂ. നോക്കുക! അല്ലാഹുവിന്റെ എത്ര വലിയ ഔദാര്യമാണ്. അതായത് അവൻ കാലത്തിന്റെ ഖലീഫയുടെ അടുത്തിരിക്കുന്നതിനുവേണ്ടി എം.ടി.എയുടെ മാർഗവും പ്രദാനം ചെയ്തു. നിങ്ങൾക്ക് എല്ലാ ജുമുഅ ഖുത്ബകളും വിവിധ സന്ദർഭങ്ങളിൽ ചെയ്തിട്ടുള്ള പ്രസംഗങ്ങളും നേരിട്ട് കേൾക്കാൻ സാധിക്കുന്നു. അതുകൊണ്ട് നിങ്ങളേയും നിങ്ങളുടെ കുടുംബത്തേയും എം.ടി.എയുമായി ചേർത്തുവെക്കുക. എന്തൊരു നല്ല കാര്യമാണോ കേൾക്കുന്നത് അതനുസരിച്ച് പ്രവർത്തിക്കാനും ശ്രമിക്കുക.**

## 2019 ഒക്ടോബറിൽ ഖാദിയാനിൽ നടന്ന മജ്‌ലിസ് അൻസ്വാറുല്ലാഹ് സാലാന ഇജ്തിമായിന്റെ അവസരത്തിൽ സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ ഉപദേശ നിർഭരമായ സന്ദേശം

MA-24-9-2019
ഇസ്‌ലാമാബാദ് (യു.കെ)

ഭാരതത്തിലെ പ്രിയപ്പെട്ട അൻസ്വാറുല്ലാഹ് അംഗങ്ങളേ!

അസ്സലാമുഅലയ്ക്കും വ റഹ്മത്തുല്ലാഹി വ ബറക്കാത്തുഹു.

അൽഹംദുലില്ലാഹ്! നിങ്ങൾക്ക് ഈ വർഷവും നിങ്ങളുടെ ഇജ്തിമാ സംഘടിപ്പിക്കാൻ തൗഫീഖ് കിട്ടുകയാണ്. അല്ലാഹു എല്ലാ അൻസ്വാറിനും ഈ അനുഗൃഹീത അവസരത്തിൽനിന്ന് പൂർണമായും ഫലമെടുക്കാൻ തൗഫീഖ് പ്രദാനം ചെയ്യുമാറാകട്ടെ. ആമീൻ. എന്നോടു ഈ അവസരത്തിൽ സന്ദേശമയക്കാൻ അപേക്ഷിച്ചിരിക്കുന്നു. ഞാൻ നിങ്ങളെ ഈ സന്ദർഭത്തിൽ അല്പം ഉപദേശിക്കാനാഗ്രഹിക്കുകയാണ്.

നിങ്ങൾക്ക് കാലത്തിന്റെ ഇമാം ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിക്കാനും അഹ്മദിയ്യാ ഖിലാഫത്തുമായി ബന്ധപ്പെട്ടിരിക്കാനും തൗഫീഖ് കിട്ടി എന്നത് അല്ലാഹുവിന്റെ വലിയ ഔദാര്യമാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)തന്റെ പ്രിയപ്പെട്ട ജമാഅത്തിനോട് തഖ്‌വ(ഭക്തിയിൽ)യിൽ അഭിവൃദ്ധിപ്പെടാൻ ആവർത്തിച്ച് ഉപദേശിക്കുകയും അത് കരസ്ഥമാക്കുന്നതിന് മാർഗദർശനം നല്കുകയും ചെയ്തു. അവിടന്ന് പറയുന്നു:

"അടിയന്തരമായ ഒരു കാര്യം എന്നു പറയുന്നത് തഖ്‌വയിൽ അഭിവൃദ്ധിപ്പെടുക എന്നതാണ്. ഒരു ജമാഅത്തും അതിനൊരു ഇമാമും ഇല്ലാത്തിടത്തോളം മനുഷ്യന് സ്വയം അഭിവൃദ്ധിപ്പെടാൻ കഴിയില്ല. മനുഷ്യന് സ്വയം അഭിവൃദ്ധിപ്പെടാനുള്ള ശക്തിയുണ്ടായിരുന്നെങ്കിൽ നബിമാരുടെ ആവശ്യമില്ലായിരുന്നു. ആകർഷണശക്തിയുള്ളതും ദുആ മുഖേന ആത്മാക്കളെ പരിശുദ്ധമാക്കുന്നതുമായ ഒരു മനുഷ്യൻ, തഖ്‌വയ്ക്കുവേണ്ടി ജനിക്കേണ്ട ആവശ്യമുണ്ട്. നോക്കൂ! എത്രമാത്രം ഭരണാധികാരികൾ കഴിഞ്ഞുകടന്നിട്ടുണ്ട്. അവരിലാരെങ്കിലും സ്വാലിഹീങ്ങളുടെ(സദ്‌വൃത്തരുടെ) ഒരു ജമാഅത്ത് ഉണ്ടാക്കിയിട്ടുണ്ടോ? ഒരിക്കലുമില്ല. ഇതിനു കാരണം അവർ ആളുകളെ ആകർഷിച്ചെടുക്കാനുള്ള കഴിവുള്ളവരായിരുന്നില്ല എന്നതാണ്. പക്ഷേ, നബി(സ) തിരുമേനി എങ്ങനെയണ് ആക്കിയത്? കാരണം ആരെയാണോ അല്ലാഹു അയക്കുന്നത് അയാളുടെ ഉള്ളിൽ ഒരു ഔഷധബീജം വെച്ചിട്ടുണ്ടാകും. അതിനാൽ ആരാണോ സ്നേഹത്തിലും അനുസരണത്തിലും അയാളോടൊപ്പം അഭിവൃദ്ധിപ്പെടുന്നത്, അയാളുടെ ഔഷധപരമായ ബീജം കാരണത്താൽ അവന്റെ പാപത്തിന്റെ വിഷം അകലുന്നു. കൃപയുടെ കിരണങ്ങൾ അയാളിലും വീഴാൻ തുടങ്ങുന്നു." (മൽഫൂദാത്ത്, വാള്യം 3, പേജ് 626 - 627)

അല്ലാഹു ഇക്കാലത്ത് നബി(സ)തിരുമേനിയുടെ സത്യസന്ധമായ പ്രേമിയേയും തന്റെ ഏറ്റവും പ്രിയപ്പെട്ട അസ്തിത്വമായ മസീഹ് മഹ്ദിയേയും അയച്ചു. പിന്നീട് അദ്ദേഹത്തിന്റെ പ്രാതിനിധ്യത്തിൽ ഖലീഫമാരുടെ അനശ്വരമായ പരമ്പരയും ആരംഭിച്ചു. ഇപ്പോൾ ഖിലാഫത്തു വ്യവസ്ഥിതിയുമായി ബന്ധപ്പെട്ടിരിക്കുന്നവർ മാത്രമേ തഖ്‌വയിൽ അഭിവൃദ്ധപ്പെടുകയുള്ളൂ. ഖിലാഫത്തിനെ സ്നേഹിക്കുന്നതിലും അനുസരണത്തിലും അഭിവൃദ്ധിപ്പെടുന്നവർക്കു മാത്രമേ പാപങ്ങളിൽനിന്ന് മോക്ഷം ലഭിക്കുകയുള്ളൂ. നോക്കുക! അല്ലാഹുവിന്റെ എത്ര വലിയ ഔദാര്യമാണ്. അതായത് അവൻ കാലത്തിന്റെ ഖലീഫയുടെ അടുത്തിരിക്കുന്നതിനുവേണ്ടി എം.ടി.എയുടെ മാർഗവും പ്രദാനം ചെയ്തു. നിങ്ങൾക്ക് എല്ലാ ജുമുഅ ഖുത്ബകളും വിവിധ സന്ദർഭങ്ങളിൽ ചെയ്തിട്ടുള്ള പ്രസംഗങ്ങളും നേരിട്ട് കേൾക്കാൻ സാധിക്കുന്നു. അതുകൊണ്ട് നിങ്ങളേയും നിങ്ങളുടെ കുടുംബത്തേയും എം.ടി.എയുമായി ചേർത്തുവെക്കുക. എന്തൊരു നല്ല കാര്യമാണോ കേൾക്കുന്നത് അതനുസരിച്ച് പ്രവർത്തിക്കാനും ശ്രമിക്കുക. ഇക്കാലത്ത് അല്ലാഹു ആഗ്രഹിച്ചതുപോലെ മസീഹ് മൗഊദ്(അ) മുഖേന മറ്റു മതങ്ങളുടെമേൽ ഇസ്‌ലാമിന്റെ വിജയമുണ്ടാകുന്നതിനും ലോകത്തെ മുഴുവൻ ഒരൊറ്റ ഒരാളെപോലെ ആക്കുന്നതിനും നിങ്ങളും ആ ഏകതയുടെ മാലയിൽ ഒരു കണ്ണിയായി മാറുക. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

"ലോകത്തിലെ വിവിധ സ്ഥലങ്ങളിൽ വസിക്കുന്നവരേയും യൂറോപ്പിലേയും ഏഷ്യയിലേയും സൽപ്രകൃതക്കാരായ എല്ലാവരേയും തൗഹീദിലേക്ക് വലിച്ചടുപ്പിക്കാൻ അല്ലാഹു ഉദ്ദേശിക്കുന്നു; തന്റെ ദാസരെ ഒരേയൊരു ദീനിൽ ഒരുമിച്ചുകൂട്ടാനും. ഇതാണ് അല്ലാഹുവിന്റെ ഉദ്ദേശ്യം. ഇതിനായാണ് ഞാൻ അയക്കപ്പെട്ടിട്ടുള്ളത്." (അൽവസ്വിയത്ത്, റൂഹാനീഖസാഇൻ, വാള്യം 20, പേജ് 306 - 307)

അതിനാൽ ഖിലാഫത്തിനെ, അല്ലാഹുവിന്റെ പാശത്തെ എപ്പോഴും ശക്തിയായി താങ്ങിപ്പിടിക്കുക. ഖിലാഫത്തിന് ആരാധനകളുമായി വലിയ ബന്ധമുണ്ടെന്നും എപ്പോഴും ഓർക്കുക. ആരാധനയെന്താണ്? നമസ്കാരം തന്നെയാണ്. മുഅമിനീങ്ങളോടു മനഃസമാധാനവും ഖിലാഫത്തും വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്നുണ്ട്. അടുത്ത ആയത്തിൽ അഖീമുസ്സ്വലാത്ത എന്ന കല്പനയുമുണ്ട്. അതുകൊണ്ട് സമാധാനം കരസ്ഥമാക്കുന്നതിനും ഖിലാഫത്ത് വ്യവസ്ഥിതിയിൽനിന്ന് അനുഗ്രഹം പ്രാപിക്കുന്നതിനും ഏറ്റവും ആദ്യത്തെ നിബന്ധന നമസ്കാരം നിലനിറുത്തുക എന്നതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

"നമസ്കാരത്തെക്കാളുപരി ഒരു ജപവുമില്ല. കാരണം അതിൽ ദൈവത്തെ സ്തുതിക്കലുണ്ട്. പാപപൊറുതി തേടലുണ്ട്. സ്വലാത്തുണ്ട്. എല്ലാ ജപങ്ങളുമുണ്ട്. ഇതെല്ലാം അടങ്ങിയതാണ് നമസ്കാരം. ഇതുമുഖേന എല്ലാ ദുഃഖവും വിഷമവും അകലുന്നു. പ്രയാസങ്ങൾ പരിഹരിക്കപ്പെടുന്നു. നബി(സ) തിരുമേനിയ്ക്ക് അല്പം വിഷമം നേരിട്ടാൽ അവിടന്ന് നമസ്കരിക്കാൻ നില്ക്കും. അതുകൊണ്ടാണ് പറഞ്ഞത്. ***അലാ ബിദിക്‌രില്ലാഹി തത്വ്മഇന്നുൽ ഖുലൂബ്*** മനസ്സമാധാനം ലഭിക്കാൻ നമസ്കാരമല്ലാതെ മറ്റൊരു മാർഗവുമില്ല." (മൽഫൂദാത്ത്, വാള്യം 3, പേജ് 310 - 311)

ഓർക്കുക! നമസ്കാരം ഓരോ മുസ്‌ലിമിനും ഫർളാണ്. വിശുദ്ധഖുർആനിലും തിരുഹദീഥുകളിലും ഇത് വളരെ താക്കീത് ചെയ്തു പറഞ്ഞിരിക്കുന്നു. അഞ്ചുനേര നമസ്കാരത്തിൽ അശ്രദ്ധ ഉണ്ടാക്കുന്നതായ ഒന്നും ഉണ്ടാകാൻ പാടില്ല. അല്ലാഹു കർമപരമായ പരിഷ്കരണം ഇഷ്ടപ്പെടുന്നു. അല്ലാഹുവിനോടുള്ള കടമകളും സൃഷ്ടികളോടുള്ള കടമകളും ശ്രദ്ധിക്കുന്നവർക്ക് അല്ലാഹു ഉത്തമമായ പ്രതിഫലം നല്കും. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

നിങ്ങളോടൊപ്പമുള്ളവരെ കർമപരമായ വഴി കാണിക്കാൻ അല്ലാഹു ഉദ്ദേശിക്കുന്നു. കരുണ, സൽസ്വഭാവം, നന്മ, സൽകർമം, അനുകമ്പ, വിനയം തുടങ്ങിയവയിൽ കുറവ് വരുത്തുകയാണെങ്കിൽ പലതവണ പറഞ്ഞുകഴിഞ്ഞിട്ടുള്ളതാണ് ഏറ്റവുമാദ്യം അത്തരം ജമാഅത്തായിരിക്കും നശിപ്പിക്കപ്പെടുക എന്നെനിക്കറിയാം. മൂസാ(അ)യുടെ കാലത്ത് അദ്ദേഹത്തിന്റെ സമുദായം അല്ലാഹുവിന്റെ കല്പനകളെ വിലമതിക്കാതിരുന്നപ്പോൾ, മൂസാ(അ) അവരിൽ ഉണ്ടായിരുന്നിട്ടും ഇടിമിന്നൽ കൊണ്ട് അവർ നശിപ്പിക്കപ്പെട്ടു." (മൽഫൂദാത്ത്, വാള്യം 4, പേജ് 112)

നിങ്ങൾ ഭാഗ്യവാന്മാരാണ്. എല്ലാ വർഷവും ഇജ്തിമാഇനുവേണ്ടി ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പ്രിയപ്പെട്ട നാട്ടിൽ സംഘടിക്കുന്നു. ഇത് അങ്ങേയറ്റം അനുഗൃഹീതമായ അവസരമാണ്. അതിനെ ദുആകളിലും ദൈവസ്മരണയിലും കഴിച്ചുകൂട്ടുക. അല്ലാഹുവിന്റെ ഏറ്റവുമധികം അനുഗ്രഹങ്ങൾ പ്രാപിച്ച് നിങ്ങളുടെ വീടുകളിലേക്ക് മടങ്ങുക. ഈ നല്ല സ്വാധീനത്തെ അവസാനംവരെ സ്വന്തം ഉള്ളിൽ കാത്തുസൂക്ഷിക്കുക. അല്ലാഹു നിങ്ങൾക്ക് ഈ എല്ലാ ഉപദേശങ്ങളുമനുസരിച്ച് പ്രവർത്തിക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. ആമീൻ.

വസ്സലാം.
വിനീതൻ
**മിർസാ മസ്റൂർ അഹ്മദ്**
**ഖലീഫത്തുൽ മസീഹ് അൽഖാമിസ്**

| | |
|---|---|
| **'മാതാപിതാക്കളുടെ സ്വന്തം മാതൃക കുട്ടികൾക്കു മുമ്പിൽ നിലനില്ക്കാത്തിടത്തോളം കുട്ടികളിൽ അത് സ്വാധീനമുണ്ടാക്കുകയില്ല. അതുകൊണ്ട് സുബ്ഹി നമസ്കാരത്തിനും എഴുന്നേല്ക്കുക.' (ഖുത്ബാത്തെ മസ്റൂർ, വാള്യം 3, പേജ് 565)** | **അമീറുൽ മുഅ്മിനീന്റെ ഉപദേശം:-** |

**ത്വാലിബെ ദുആ:**
**Dr. C. Salahuddin, Ameer Ahmadiyya Jama-ath Calicut, Kerala.**

| | |
|---|---|
| **"വ്യക്തിപരമായ നിലയിൽ ലയ്‌ലത്തുൽഖദ്റിൽ നിന്ന് അനുഗ്രഹം പ്രാപിക്കുന്നതിന് ഈ റമളാനിൽ പരസ്പരമുള്ള വൈരാഗ്യങ്ങൾ അവസാനിപ്പിക്കാൻ നമ്മൾ ശ്രമിക്കേണ്ടതാണ്." (ജുമുഅ ഖുത്ബ 25-7-2014)** | **അമീറുൽ മുഅ്മിനീന്റെ ഉപദേശം:-** |

**ത്വാലിബെ ദുആ:**
**Muhammad Safwan&Family, Ahmadiyya Jama-ath Kakkanad, Kerala.**

## ഖുത്ബ ജുമുഅ

**അല്ലാഹു കടം വെക്കാറില്ല, പ്രത്യുത വർധിപ്പിച്ച് മടക്കുന്നതാണ്.**

അല്ലാഹുവിന്റെ മാർഗത്തിൽ സദുദ്ദേശ്യത്തോടുകൂടി ചെലവഴിച്ചിട്ടുള്ളതും പരിശുദ്ധ മുതലിൽനിന്ന് എന്തൊന്ന് ചെലവഴിക്കുന്നുവോ അതും ആയിരക്കണക്കിന് ഇരട്ടിയായി തിരിച്ചു കിട്ടാവുന്നതാണ്, കിട്ടുന്നു.

അല്ലാഹു യഥാർഥ മുഅ്മിന്റെ നിർവചനം തന്നെ നല്കിയിട്ടുള്ളത് അവർ അല്ലാഹുവിന്റെ ശ്രദ്ധ പിടിച്ചുപറ്റുന്നതിന് അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കുന്നവരാണെന്നാണ്.

അല്ലാഹു ആരുടെമേലും ഒരിക്കലും അക്രമം ചെയ്യുകയില്ല. വിവിധ കാര്യങ്ങൾ ചെയ്ത് തെറ്റായ പ്രവൃത്തികൾ ചെയ്ത് അല്ലാഹുവിന്റെ കല്പനകളെ ലംഘിച്ച് തന്റെമേൽ അക്രമം ചെയ്യുന്നത് മനുഷ്യൻതന്നെയാണ്; നഷ്ടം പേറുകയും ചെയ്യുന്നു.

അത്ഭുതകരമായ തരത്തിലുള്ള ആളുകളെയാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് അല്ലാഹു നല്കിയത്. ഇവരുടെ മാതൃക കണ്ട് തനിക്ക് അത്ഭുതം തോന്നുന്നുവെന്ന് അവരെക്കുറിച്ച് അവിടന്ന് തന്റെ ജീവിതകാലത്തു പറഞ്ഞു; എങ്ങനെയൊക്കെയാണ് ഇവർ ത്യാഗങ്ങൾ ചെയ്യുന്നത്.

ഭൗതീകതയിൽ മുങ്ങിക്കഴിയുകയും അല്ലാഹുവിൽനിന്ന് അകലുകയും ചെയ്യുന്ന ലോകത്തിലെ ഈ ഭാഗത്തും അല്ലാഹു അഹ്മദികൾക്ക് തന്റെ അനുഗ്രഹങ്ങൾ നല്കി സ്വന്തം അസ്തിത്വത്തിനുള്ള തെളിവ് നല്കുന്നു. അതോടൊപ്പം അഹ്മദിയ്യത്തിന്റെ യാഥാർഥ്യവും സത്യതയും അവരിൽ വെളിപ്പെടുത്തുകയും ചെയ്യുന്നു

**അല്ലാഹു ഈ ത്യാഗം ചെയ്യുന്നവരുടെയെല്ലാം ധനത്തിലും വിശ്വാസത്തിലും ധാരാളമായി അനുഗ്രഹം നല്കുമാറാകട്ടെ.**

**തഹ്‌രീക്കെ ജദീദിന്റെ 85-ാം വർഷത്തിന്റെ വിജയകരവും അനുഗൃഹീതവുമായ അവസാനവും 86-ാം വർഷം തുടങ്ങിയതിന്റെ വിളംബരവും.**

ലോകം മുഴുവൻ താമസിക്കുന്ന വിവിധ ജനതകളുമായി ബന്ധം വെക്കുന്ന അഹ്മദി പുരുഷന്മാരുടേയും കുട്ടികളുടേയും അതുപോലെ തന്നെ പുതിയ അഹ്മദികളുടേയും അതുല്യമായ ത്യാഗങ്ങളും അതിന്റെ ഫലമായി അവരുടെമേലുണ്ടാകുന്ന ദൈവിക അനുഗ്രഹങ്ങളുടേയും ചർച്ച

**ഖുത്ബ ജുമുഅ 2019 നവംബർ 08/1398 നുബുവ്വത്ത് 08**
**മസ്ജിദ് ബയ്ത്തുൽ ബുത്തൂഹ്, മോർഡൻ(സർറെ)യു.കെ**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ
أَمَّا بَعْدُ فَأَعُوذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيمِ -
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِينَ - الرَّحْمٰنِ الرَّحِيمِ - مٰلِكِ يَوْمِ الدِّينِ -
إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِينُ - اِهْدِنَا الصِّرَاطَ الْمُسْتَقِيمَ -
صِرَاطَ الَّذِينَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوبِ عَلَيْهِمْ وَلَا الضَّآلِّينَ -
لَيْسَ عَلَيْكَ هُدٰهُمْ وَلٰكِنَّ اللّٰهَ يَهْدِي مَنْ يَّشَآءُ ؕ وَمَا تُنْفِقُوا مِنْ خَيْرٍ فَلِأَنْفُسِكُمْ ؕ
وَمَا تُنْفِقُونَ إِلَّا ابْتِغَآءَ وَجْهِ اللّٰهِ ؕ وَمَا تُنْفِقُوا مِنْ خَيْرٍ يُّوَفَّ إِلَيْكُمْ وَأَنْتُمْ لَا تُظْلَمُونَ ○

ഇതിന്റെ തർജുമ ഇപ്രകാരമാണ്, അവരെ നേർമാർഗത്തിലാക്കുകയെന്നത് നിന്റെ ചുമതലയല്ല. അല്ലാഹു ഉദ്ദേശിക്കുന്നവരെ അവൻ നേർമാർഗത്തിൽ ചലിപ്പിക്കുന്നതാണ്. ഏതൊരു നല്ല ധനം അല്ലാഹുവിന്റെ മാർഗത്തിൽ നിങ്ങൾ ചെലവഴിക്കുന്നുവോ, അല്ലാഹുവിന്റെ പ്രീതി കാംക്ഷിച്ചു കൊണ്ടാണ് നിങ്ങൾ യഥാർഥത്തിൽ ചെലവ് ചെയ്യുന്നതെങ്കിൽ അതിന്റെ പ്രതിഫലം നിങ്ങൾക്കു തന്നെയാണ് ലഭിക്കുക. നിങ്ങളോട് അനീതി ചെയ്യപ്പെടുകയില്ല. (2:273)

ഈ ആയത്തിൽനിന്ന് വ്യക്തമാകുന്നത്, അല്ലാഹു(ഇതിൽ)വ്യക്തമാക്കിയിരിക്കുന്നത് സന്മാർഗം നല്കുക, ശരിയായ വഴിയിലേക്ക് കൊണ്ടുപോകുക, ശരിയായ ലക്ഷ്യത്തിലേക്ക് കൊണ്ടുപോകുന്ന ആ വഴിയിൽ അവനെ ഇടുക, പിന്നീട് ആ വഴിയിലെ ഹിദായത്തിലും മാർഗദർശനത്തിലും നിലനിറുത്തുക, ലക്ഷ്യസ്ഥാനത്ത് എത്തിക്കുക, വഴിതെറ്റുന്നതിൽനിന്ന് രക്ഷിക്കുക, പര്യവസാനം ശുഭകരമാക്കുക തുടങ്ങിയവയെല്ലാം അല്ലാഹുമായി ബന്ധപ്പെട്ടതാണെന്നാണ്. അല്ലാഹുവിന്റെതന്നെ ജോലിയാണ്. ആർക്കെങ്കിലും നേരായമാർഗം കാണിച്ച് കൊടുക്കാൻ നമുക്ക് സാധിക്കുമെങ്കിലും അവരെ തീർച്ചയായും അതിലിട്ടുകൊള്ളണമെന്നും അതിൽ നിലനിറുത്തിക്കൊള്ളണമെന്നുമില്ല. കാരണം അല്ലാഹുവാണ് ആ ചുമതല ഏറ്റെടുത്തിരിക്കുന്നത്. മനുഷ്യൻ അല്ലാഹുവിലേക്ക് അടുക്കാൻ പരിശ്രമിക്കുമ്പോൾ, അതിനായി ദുആ ചെയ്യുമ്പോൾ പിന്നീട് അല്ലാഹുവിന്റെ കൃപകൊണ്ട് ലക്ഷ്യസ്ഥാനംവരെ എത്തുന്നു. അതിനാൽ ഹിദായത്ത് ലഭിച്ചതിനുശേഷം നമ്മൾ ആ ഹിദായത്തിന്റെ വഴിയിൽ അല്ലാഹു പറഞ്ഞിട്ടുള്ള മാർഗമനുസരിച്ച് നടക്കാൻ ശ്രമിച്ചു കൊണ്ടിരിക്കേണ്ടതാണ്. അവനോടു ദുആയും ചെയ്തുകൊണ്ടിരിക്കേണ്ടതാണ്. അവനോടു ദുആ ചെയ്തുകൊണ്ട്, അതിൽ നില നിന്നുകൊണ്ട് പര്യവസാനം നന്നായിരിക്കാൻ അവന്റെ കൃപയും തേടിക്കൊണ്ടിരിക്കേണ്ടതാണ്. ഒരിക്കലും നമ്മുടെ ബലഹീനത നമ്മെ അല്ലാഹുവിലേക്ക് കൊണ്ടുപോകുന്ന വഴിയിൽനിന്ന് തെറ്റിച്ചു കളയാൻ പാടില്ല.

അല്ലാഹു ഈ ആയത്തിൽ പറഞ്ഞ രണ്ടാമത്തെ കാര്യം ഇതാണ്, നല്ല മുതലിൽനിന്ന് നിങ്ങൾ എന്തൊന്ന് ചെലവഴിക്കുന്നുവോ അത് നിങ്ങളുടെ ഗുണത്തിനുവേണ്ടിത്തന്നെയാണ്. അല്ലാഹു പറയുന്നു: *വമാ തുൻഫിഖൂ മിൻ ഖയ്‌രിൻ ഫലിഅൻഫുസിക്കും* ഏത് നല്ല മുതലും നിങ്ങൾ അല്ലാഹുവിന്റെ വഴിയിൽ ചെലവഴിക്കുന്നതായാൽ അതിന്റെ ഫലം നിങ്ങൾക്കുതന്നെയായിരിക്കും. അല്ലാഹു കടം വെക്കാറില്ല, പ്രത്യുത വർധിപ്പിച്ച് മടക്കുന്നതാണ്. ഒരു കർഷകൻ വയലിൽ വിത്തു വിതയ്ക്കുമ്പോൾ അജ്ഞനും ബുദ്ധിയില്ലാത്തവനും അവനെന്താണ് ചെയ്തതെന്ന് ചോദിക്കും. മുഴുവൻ ധാന്യവും വെള്ളത്തിലിട്ട് നഷ്ടപ്പെടുത്തിക്കളഞ്ഞല്ലോ എന്ന് പറയും. പക്ഷേ, ബുദ്ധിമാനറിയാം ഈ വിതച്ച ധാന്യങ്ങൾ വളർന്ന് വലുതായി ആയിരക്കണക്കിന് ലക്ഷക്കണക്കിന് കോടിക്കണക്കിന് ധാന്യമായി പുറത്തുവരുമെന്ന്; എന്തെങ്കിലും വിപത്ത് അതിന്മേൽ വന്നുഭവിക്കുകയും അവനൊന്നും കിട്ടാതിരിക്കുകയും ചെയ്താലൊഴികെ.

അതിനാൽ അല്ലാഹുവിന്റെ മാർഗത്തിൽ സദുദ്ദേശ്യത്തോടുകൂടി ചെലവഴിച്ചിട്ടുള്ളതും പരിശുദ്ധ മുതലിൽനിന്ന് എന്തൊന്ന് ചെലവഴിക്കുന്നുവോ അതും ആയിരക്കണക്കിന് ഇരട്ടിയായി തിരിച്ചു കിട്ടാവുന്നതാണ്, കിട്ടുന്നു. അഹ്മദികൾ തങ്ങളുടെ അനുഭവങ്ങൾ എഴുതിക്കൊണ്ടിരിക്കുന്നു. എങ്ങനെ തങ്ങൾ അല്ലാഹുവിന്റെ വഴിയിൽ ത്യാഗങ്ങൾ ചെയ്തുവെന്നും അല്ലാഹു എങ്ങനെ തങ്ങൾക്ക് വർധിപ്പിച്ച് നല്കിയെന്നുമുള്ള കാര്യം വ്യക്തമാക്കിക്കൊണ്ടിരിക്കുന്നു. ബലഹീനരായ ചില വിശ്വാസികളുമുണ്ടാകും. പുതിയതായി ജമാഅത്തിൽ വരുന്നവരുമുണ്ടാകും. അവരും പറയുന്നു, ഇക്കാര്യം എത്രത്തോളം ശരിയാണെന്ന് പരീക്ഷിച്ചുനോക്കുന്നു; അല്ലാഹു വർധിപ്പിച്ച് നല്കുന്നുണ്ടോ എന്ന്! പിന്നീട് അല്ലാഹു അവരുടെ ഈമാൻ ശക്തിപ്പെടുത്തുന്നതിനുവേണ്ടി അവരെ അനുഗ്രഹിക്കുകയും ചെയ്യുന്നു. പക്ഷേ, ഭൂരിഭാഗമാളുകളും അല്ലാഹു പറഞ്ഞ *വമാ തുൻഫിഖൂന ഇല്ലബ്ത്തിഗാഅ വജ്ഹില്ലാഹ്* എന്ന കാര്യം മനസ്സിലാക്കുന്നവരാണ്. എന്തൊന്ന് ചെലവഴിച്ചാലും അല്ലാഹുവിന്റെ ശ്രദ്ധ ആഗ്രഹിച്ച് ചെലവഴിച്ചാലും അവർ ദീനിന്റെ ആവശ്യങ്ങൾക്കായിട്ടാണ് ചെലവഴിക്കുന്നത്. അപ്പോൾ അത് അല്ലാഹുവിന്റെ ശ്രദ്ധ ആഗ്രഹിച്ചുകൊണ്ടുതന്നെയാണ് ചെലവഴിക്കുന്നത്. അല്ലാഹു യഥാർഥ മുഅ്മിന്റെ നിർവചനം തന്നെ നല്കിയിട്ടുള്ളത് അവർ അല്ലാഹുവിന്റെ ശ്രദ്ധ പിടിച്ചുപറ്റുന്നതിന് അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കുന്നവാരണെന്നാണ്. തീർച്ചയായും അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുന്നതിനുവേണ്ടി ചെലവഴിക്കുന്നവരുടെ അവസ്ഥകൾ അല്ലാഹു അറിയുന്നു. പിന്നീട് അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുന്നതിനുവേണ്ടി ചെലവഴിക്കുന്നവർ അല്ലാഹുവിന്റെ ഫള്‌ലുകളും കാണുന്നു; എങ്ങനെയാണ് അല്ലാഹു തങ്ങളുടെ ത്യാഗങ്ങളെ സ്വീകരിച്ചുകൊണ്ട് തങ്ങൾക്ക് തിരിച്ചുതരുന്നതെന്ന്! ഇക്കാര്യം അവരുടെ ഈമാൻ കൂടുതൽ വർധിപ്പിക്കുന്നു. താൻ കടം വെക്കുകയില്ലെന്ന് അല്ലാഹു പറയുന്നു. നിങ്ങൾ എന്റെ പ്രീതി ആഗ്രഹിച്ചുകൊണ്ട് നിങ്ങളുടെ പരിശുദ്ധ ധനത്തിൽ നിന്ന് എന്റെ ദീനിനുവേണ്ടി എന്റെ കല്പന പ്രകാരം ചെലവഴിക്കുന്നതായാൽ ഞാൻ അത് തിരിച്ച് നല്കുന്നതാണ്. അത് പരിശുദ്ധ ധനം ആയിരിക്കണം എന്നതാണ് നിബന്ധന. അതിനാൽ ഈ രാജ്യങ്ങളിൽ, വികസിത രാജ്യങ്ങളിൽ കഴിയുന്നവർ ചിലർ പ്രത്യേകിച്ചും പരിശുദ്ധ ധനം സമ്പാദിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. കൂടുതൽ സമ്പാദിക്കാൻ വേണ്ടി സർക്കാരിന്റെ സ്ഥാപനങ്ങളെ വഞ്ചിക്കരുത്. സമ്പാദിക്കുന്നുമുണ്ട്, സർക്കാരിനോടു തെറ്റായ കാര്യങ്ങൾ പറഞ്ഞ് സ്റ്റൈഫണ്ടും സർക്കാറിൽനിന്ന് അനുവദനീയമല്ലാത്ത പണവും വാങ്ങുകയും ചെയ്യുന്നു. സർക്കാരിന്റെ അവകാശവും പൗരന്റെ നിർബന്ധ കടമയുമായ ടാക്സും നല്കുന്നില്ല. മറ്റുള്ളവരുടെ അവകാശവും പിടിച്ചെടുക്കുന്നു. മറ്റു മാർഗത്തിലൂടെ നാടിന്റെ പുരോഗതിക്ക് ചെലഴിക്കപ്പെടേണ്ട പണത്തിലും തടസ്സം സൃഷ്ടിക്കുന്നു. എല്ലാത്തിനെക്കാളുമുപരി തെറ്റായ വിവരം നല്കി കളവിന്നിരയാകുന്നു. ഇക്കാര്യങ്ങളെല്ലാം തെറ്റാണ്. പാപമാണ്. പരിശുദ്ധ ധനത്തിൽനിന്ന് അകറ്റിക്കൊണ്ടുപോകുന്നതാണ്.

പരിശുദ്ധ ധനത്തിൽ മറ്റു മാർഗങ്ങളിലൂടെ തെറ്റായ രീതിയിൽ സമ്പാദിച്ച ധനം പെടുകയില്ല. അല്ലാഹു വിലക്കിയിട്ടുള്ള ജോലികൾ ചെയ്തുണ്ടാക്കുന്ന ധനവും പരിശുദ്ധമല്ല. എന്തായാലും അല്ലാഹു പറയുന്നു. എന്റെ ശ്രദ്ധ കരസ്ഥമാക്കുന്നതിനുവേണ്ടി ചെയ്യുന്ന ധനത്യാഗത്തെ ഞാൻ സ്വീകരിക്കുമെന്ന് മാത്രമല്ല പ്രത്യുത *യുവഫ്ഫ ഇലയ്ക്കും* നിങ്ങൾക്ക് പൂർണമായും മടക്കിത്തരികയും ചെയ്യും. വിവിധ വഴികളിലൂടെ മടക്കിത്തരുന്നതാണ്. അല്ലാഹു ആരുടെമേലും ഒരിക്കലും അക്രമം ചെയ്യുകയില്ല. വിവിധ കാര്യങ്ങൾ ചെയ്ത് തെറ്റായ പ്രവർത്തികൾ ചെയ്ത് അല്ലാഹുവിന്റെ കല്പനകളെ ലംഘിച്ച് തന്റെമേൽ അക്രമം ചെയ്യുന്നത് മനുഷ്യൻതന്നെയാണ്; നഷ്ടം പേറുകയും ചെയ്യുന്നു. അല്ലാഹുവിന്റെ അനുഗ്രഹംകൊണ്ട്, അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ കരസ്ഥമാക്കുന്നവരും അല്ലാഹുവിന്റെ ഇക്കാര്യം അനുഭവിച്ചിട്ടുള്ളവരും ഗ്രാഹ്യമുള്ളവരുമായ ആയിരക്കണക്കിന് എന്നല്ല ലക്ഷക്കണക്കിന് അഹ്മദികളുണ്ട്. അവരിൽ ചിലരുടെ കുറച്ച് ഉദാഹരണങ്ങൾ ഇന്ന് സമർപ്പിക്കുന്നതാണ്. ഈ ത്യാഗങ്ങളുടെ ദൃശ്യങ്ങൾ നമ്മൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലംമുതലേ കണ്ടുവരുന്നതാണ്. സംഭവങ്ങൾ വായിക്കുന്നു, ഇന്നും അത് കാണാൻ കഴിയുന്നു. ഇത് പഴയ കാര്യങ്ങളൊന്നുമല്ല. തികച്ചും വിപരീതമായ അവസ്ഥകളായിരുന്നിട്ടും അഹ്മദി അല്ലാഹുവിന്റെ ശ്രദ്ധ പിടിച്ചുപറ്റാൻ എന്തെന്തെല്ലാം ത്യാഗങ്ങളാണ് വരിക്കുന്നത്; എല്ലാം അവന്റെ തൃപ്തി കരസ്ഥമാക്കാൻ ചെയ്യുന്നു. ഇന്നത്തെ ഖുത്ബയിൽ തഹ്‌രീക്കെ ജദീദിന്റെ പുതുവർഷ വിളംബരവും ചെയ്യേണ്ടതുണ്ട്. അതുകൊണ്ട് ഇതുസംബന്ധമായി കുറച്ച് സംഭവങ്ങളും അവതരിപ്പിക്കുന്നതായിരിക്കും.

സിയറ ലിയോൺ (Sierra Leone)റീജ്യണിലെ ഒരു മുബലിഗ് എഴുതുന്നു: ലുൻസാർ (Lunsar) റീജ്യണിലെ ഒരു നവഅഹ്മദിയാണ് കമ്മാറ സാഹിബ്. അദ്ദേഹത്തിന് തഹ്‌രീകെ ജദീദിനെ കുറിച്ച് പരിചയപ്പെടുത്തുകയും ചന്ദകളുടെ അനുഗ്രഹങ്ങൾ വിവരിച്ചുകൊടുക്കുകയും ചെയ്തു. അങ്ങനെ ആ നവ അഹ്മദി ചന്ദ ആമിനോടൊപ്പം തഹ്‌രീക്കെ ജദീദ് ചന്ദയും നല്കി. അദ്ദേഹത്തിന്റെ പക്കൽ കുറച്ചു പണം മാത്രം ബാക്കിയായി. അതുകൊണ്ട് അദ്ദേഹത്തിന്(ദരിദ്രനായിരുന്നു) ഒരു മാസത്തേക്കുള്ള അരി വാങ്ങാമായിരുന്നു. പക്ഷേ, അദ്ദേഹം ആ തുകയും ചന്ദ കൊടുത്തു. മുബല്ലിഗ് സാഹിബ് പറയുന്നു: കുറച്ച് ദിവസത്തിന് ശേഷം അദ്ദേഹം വീണ്ടും വന്നു. എന്നിട്ട് പറഞ്ഞു: ഞാൻ തഹ്‌രീക്കെ ജദീദ് ചന്ദ കൊടുത്തതിന്റെ അടുത്ത ദിവസം കമ്പനി പറഞ്ഞു: 'ഞങ്ങൾ നിങ്ങൾ ജോലിചെയ്തുകൊണ്ടിരിക്കുന്ന വകുപ്പ് മാറ്റിയിരിക്കുന്നു. പുതിയ വകുപ്പിൽ താങ്കൾക്ക് ഇരട്ടി ശമ്പളം ലഭിക്കുന്നതായിരിക്കും. മറ്റുള്ള ബെനിഫിറ്റ്സും അധികമായിരിക്കും.' അല്ലാഹു ഫള്‌ൽ ചെയ്യുമ്പോൾ ചന്ദയുടെ കാരണത്താൽ ബർക്കത്തുകളുണ്ടാകുന്നു. പറയുന്നു: ഏതൊരു അനുഗ്രഹത്തെ സംബന്ധിച്ചാണോ ഞാൻ കേട്ടിരുന്നത്, അല്ലാഹു എനിക്ക് ആ അനുഗ്രഹങ്ങളുടെ മിന്നലാട്ടം കാണിച്ചുതന്നു.' വീണ്ടും പറയുന്നു: 'ഇനി മുതൽ ചന്ദ ആമിനോടൊപ്പം ചന്ദ തഹ്‌രീക്കെ ജദീദുംകൂടി നല്കുന്നതാണ്.'

വീണ്ടും സിയറ ലിയോണിലെ പോർട്ട് ലുകോ(Port Loko)യിലെ മുബലിഗ് ഒരു സംഭവം പറയുന്നു: ഇതു നോക്കുക. ദാരിദ്ര്യം ഉണ്ടായിരുന്നിട്ടും ത്യാഗം ചെയ്യുന്നവരെ അല്ലാഹു എങ്ങനെയാണ് അനുഗ്രഹിക്കുന്നത്. പിന്നീട് ഇക്കാര്യം അവരുടെ ഈമാന്റെ വർധനയ്ക്കുള്ള നിമിത്തവുമായിത്തീരുന്നു. അദ്ദേഹം പറയുന്നു, സംഭവം ഇങ്ങനെയാണ്. ഒരു ഗ്രാമമാണ് സാന്ദാ മാബ്ലോനോട്ടർ (Sanda Mablonotor).അവിടെ മുഹമ്മദ് സാഹിബ് എന്നൊരു അഹ്മദിയുണ്ട്. അദ്ദേഹത്തിന് തഹ്‌രീക്കെ ജദീദ് ചന്ദയായി എഴുതിയ തുക കൊടുക്കാൻ സാധിച്ചിരുന്നില്ല. അങ്ങനെ വർഷാവസാനം വന്നപ്പോൾ അദ്ദേഹം പറഞ്ഞു: 'എന്റെ പക്കൽ കുറച്ച് നാഴി അരി അല്ലാതെ ഒന്നും തന്നെയില്ല. കുറച്ച് അരിയായിരിക്കും ഉണ്ടാകുക. ഒരു കിലോയോ, ഒന്നര കിലോയോ! അദ്ദേഹം ആ അരി വിൽക്കുകയും അതുകൊണ്ട് വാഗ്ദാനം പൂർത്തിയാക്കുകയും ചെയ്തു. അദ്ദേഹം പറയുന്നു: അതിനടുത്ത ദിവസം എന്റെ ഒരു അകന്ന ബന്ധു ഒരു ചാക്ക് അരിയും കുറച്ച് തുകയും ഉപഹാരമെന്ന നിലയിൽ എനിക്ക് അയച്ചുതന്നു. പറയുന്നു: എന്റെ വിശ്വാസത്തിന് ദൃഢത കൈവന്നിരിക്കുന്നു. കാരണം ഞാൻ കുറച്ച് നാഴി ധാന്യം അല്ലാഹുവിന്റെ മാർഗത്തിൽ ചെലവ് ചെയ്തപ്പോൾ അല്ലാഹു അതിന് പകരമായി എനിക്ക് നൂറ് കിലോ നല്കുകയുണ്ടായി, അതോടൊപ്പം കുറച്ച് പണവും നല്കി.

ഗിനിബസാവോയിലെ മുബല്ലിഗ് എഴുതുന്നു: ഇതിലും ദരിദ്രരുടെ ത്യാഗങ്ങളുടെ നിലവാരമുണ്ട്. പിന്നീട് അല്ലാഹു എങ്ങനെയാണ് അവരുടെ ഈമാൻ ആർദ്രമാക്കിത്തീർക്കുന്നത്. കബോഡോ ജമാഅത്തിലെ അംഗമാണ് ദയാലു സാഹിബ്. അദ്ദേഹത്തിനോട് തഹ്‌രീക്കെ ജദീദ് ചന്ദയുടെ പ്രാധാന്യം പറഞ്ഞപ്പോൾ ആ സമയത്ത് അദ്ദേഹം തന്റെ പോക്കറ്റിൽ കൈയിട്ടു. പോക്കറ്റിൽ ആയിരം ഫ്രാങ്ക് സിഎഫ്എ ഉണ്ടായിരുന്നു. അത് തഹ്‌രീക്കെ ജദീദ് ചന്ദ കൊടുത്തു. അദ്ദേഹം പറഞ്ഞു. ഈ തുക കൊണ്ട് കുട്ടികൾക്ക് ഭക്ഷ്യവസ്തുക്കൾ വാങ്ങുന്നതിന് ഞാൻ ചന്തയിൽ പോകുകയായിരുന്നു. ചന്ദ കൊടുത്തതിനുശേഷം വീണ്ടും വീട്ടിൽപോയി. വീട്ടിൽ പൈസയൊന്നുമുണ്ടായിരുന്നില്ല. അദ്ദേഹം മത്സ്യം പിടിക്കുമായിരുന്നു. വലയും സാധനവുമെടുത്ത് മീൻ പിടിക്കാൻ പോയി; കുട്ടികൾക്ക് എന്തെങ്കിലും വാങ്ങണമല്ലോ. ഉടക്കുവലയിട്ടാണ് മീൻ പിടിച്ചത്. ഞാൻ വലയിട്ടപ്പോൾ ഒരു മണിക്കൂറിനുള്ളിൽ അല്ലാഹു 73 കിലോ മത്സ്യംകൊണ്ട് എന്റെ വല നിറച്ചു. എന്റെ കൂടെയുണ്ടായിരുന്ന മറ്റു മീൻപിടുത്തക്കാരും ഇത് കണ്ടു. അവർ പറഞ്ഞു: 'നീ വളരെ ഭാഗ്യവാനാണ്. ഒരു മണിക്കൂറിനുള്ളിൽ നിനക്ക് ഇത്ര മത്സ്യം കിട്ടിയല്ലോ. മുഴുവൻ രാത്രി അധ്വാനിച്ചാലും ഇത്രയും മത്സ്യം കിട്ടാറില്ല.' അദ്ദേഹം പറയുന്നു: തഹ്‌രീക്കെ ജദീദ് ചന്ദയിൽ ബർക്കത്തുണ്ടെന്ന് ഞാൻ കേട്ടു. ഞാൻ ഒരു മണിക്കൂർ മുമ്പേയാണ് ചന്ദ കൊടുത്തത്. ഉണ്ടായിരുന്ന തുകയെല്ലാം കൊടുത്തിരുന്നു. അങ്ങനെ അദ്ദേഹം വീണ്ടും മിഷൻഹൗസിൽ വന്നു. കാരണം വരുമാനം അധികമുണ്ടായി. വീണ്ടും അദ്ദേഹം ചന്ദ കൊടുത്തു. ദരിദ്രനാണ്. എന്നിട്ടും അദ്ദേഹത്തിന്റെ മനസ്സ് തുറന്നു. അല്ലാഹു നല്കുമ്പോൾ മനസ്സ് അടഞ്ഞുപോകുകയില്ല. കൈ തടഞ്ഞുപോകുകയില്ല. പ്രത്യുത അല്ലാഹുവിന്റെ കൂടുതൽ അനുഗ്രഹത്തിന് വീണ്ടും അവർ ചന്ദ കൊടുക്കുന്നു.

കോംഗോയിൽനിന്ന് അമീർ സാഹിബെഴുതുന്നു. ബന്ദോ നന്ദോ റീജ്യണിലെ ജമാഅത്തിന്റെ തദ്ദേശ മുഅല്ലിം തഹ്‌രീക്കെ ജദീദിനെക്കുറിച്ച് ജമാഅത്തിനോടു പറഞ്ഞു; പങ്കെടുക്കുന്നവരുടെ അംഗസംഖ്യ കൂടുതൽ വർധിപ്പിക്കാനാണ് ഞാൻ ജമാഅത്തുകളോടു പറഞ്ഞിരുന്നത്. ഞാൻ പറഞ്ഞ ഇക്കാര്യം അദ്ദേഹം അവരോടു പറഞ്ഞപ്പോൾ ആ നേരത്ത് ഗ്രാമവാസികളുടെ കൈയിൽ ചന്ദ നല്കുന്നതിന് ഒരു തുകയും ഉണ്ടായിരുന്നില്ല. അവർ ദരിദ്രരായിരുന്നു. ചെറിയ ഗ്രാമമായിരുന്നു. അപ്പോൾ തദ്ദേശവാസികൾ പറഞ്ഞു: 'ചന്ദ എന്തായാലും തരണം.'

അങ്ങനെ അവർ കാട്ടിൽപോയി. വിറകു വെട്ടി. പിന്നീട് അത് കരിയാക്കി. ആ ഗ്രാമത്തിൽ അത് വാങ്ങുന്നവരാരുമുണ്ടായിരുന്നില്ല. കോംഗോയിൽ ഒരുപാട് പുഴകളുണ്ട്. ജലയാത്രയാണ് അധികവും. കരിയുടെചാക്കുകളുമായി വഞ്ചിയിലൂടെയുള്ള യാത്രയാണ്. വളരെ പ്രയാസമായിരുന്നു. അത് ഒരു പട്ടണത്തിൽ കൊടുത്തുവന്നു. അത് വിറ്റു. അതിന് 96000 ഫ്രാങ്ക് കിട്ടി. അത് സംഘമായി ഗ്രാമവാസികൾ തഹ്‌രീക്കെ ജദീദിൽ കൊടുത്തു. ഹദ്‌റത്ത് മസീഹ് മൗഊദ്(അ)ന് അല്ലാഹു നല്കിയത് അത്ഭുതകരമായ തരത്തിലുള്ള ആളുകളെയാണ്. ഇവരുടെ മാതൃക കണ്ട് തനിക്ക് അത്ഭുതം തോന്നുന്നുവെന്ന് അവരെക്കുറിച്ച് അവിടന്ന് തന്റെ ജീവിതകാലത്തു പറഞ്ഞു. എങ്ങനെയൊക്കെയാണ് ഇവർ ത്യാഗങ്ങൾ ചെയ്യുന്നത്.' (ഉമീമ രിസാല അഞ്ചാമെ ആഥം, റൂഹാനീ ഖസാഇൻ വാള്യം 11, പേജ് 313 അടിക്കുറിപ്പ്)

തഹ്‌രീക്കെ ജദീദിന്റെ തുടക്കത്തിൽ ഹദ്‌റത്ത് മുസ്‌ലിഹ് മൗഊദ്(റ) ദരിദ്രരായവരുടെ ത്യാഗത്തിന്റെ നിലവാരം വിവരിക്കാറുണ്ടായിരുന്നു;ചിലരുടെ കൈയിൽ മുട്ടകളാണുള്ളത്. ആ സ്ത്രീകൾ അതു കൊണ്ടുവന്നു. ചിലരുടെ കൈയിൽ കുറച്ചു തുട്ടുകളാണുണ്ടായിരുന്നത്. അവർ അത് കൊണ്ടുവന്നു. ഇത് ഇന്നും നമുക്ക് കാണാൻ കിട്ടുന്നുണ്ട്. എങ്ങനെയാണ് അല്ലാഹുവിന്റെ ശ്രദ്ധ പിടിച്ചുപറ്റുന്നതിനുവേണ്ടി ആളുകൾ *ലി വജ്ഹില്ലാഹ്* ചെലവഴിക്കുന്നത്.

ഗിനി-ബിസോ(Guinea-Bissau)യിലെ മുബല്ലിഗ് എഴുതുന്നു: നമ്മുടെ രാജ്യത്തിലെ ഒരു വിദൂര പ്രദേശമായ കബൂക്കറെ(Cabucare)യിൽ ഒരു അഹ്മദി സ്ത്രീയുണ്ട്. അവർക്ക് 50 വയസ്സാണ്. വളരെ ദരിദ്രയാണ്. വരുമാനത്തിനുള്ള ഒരു മാർഗവും അവർക്കില്ലായിരുന്നു. പറയുന്നു: കുറച്ചുകാലം മുമ്പേ തഹ്‌രീക്കെ ജദീദ് ചന്ദ കൊടുക്കുന്നതിനെ സംബന്ധിച്ച് ആളുകളെ ഉപദേശിച്ചിരുന്നു. 'തന്റെ കൈയിൽ ഒന്നുമില്ല. ഒരു കോഴിക്കുഞ്ഞ് മാത്രമെയുള്ളൂ. അതിനെ വളർത്തി വലുതാക്കി വിറ്റ് തഹ്‌രീക്കെ ജദീദ് ചന്ദ കൊടുക്കണമെന്ന് അവർ നിയ്യത്തു ചെയ്തു. കുറച്ച് കാലം കഴിഞ്ഞപ്പോൾ അവിടെ കോഴികൾക്ക് പകർച്ചവ്യാധി പടർന്നു പിടിച്ചു. അവരുടെ കോഴിക്കും അത് ബാധിച്ചു. 'അതിനെ അറുക്കുക, അല്ലെങ്കിൽ അത് ചത്തുപോകു'മെന്ന് ബന്ധുക്കളും വീട്ടുകാരും പറഞ്ഞു. അറുക്കുകയില്ലെന്ന് അവർ പറഞ്ഞു. അവർ ദുആ ചെയ്തു. 'അല്ലാഹുവേ! ഈ കോഴിയല്ലാതെ എന്റെ കൈയിൽ മറ്റൊന്നും തന്നെയില്ല. നീ തന്നെ സഹായിച്ചാലും. അതിനെ രക്ഷപ്പെടുത്തിയാലും.'അവർ പറയുന്നു: അടുത്തദിവസം ഉറക്കമെഴുന്നേറ്റപ്പോൾ അതിന് കുഴപ്പമൊന്നും ഉണ്ടായിരുന്നില്ല. അതിന്റെ രോഗം സുഖമായിരുന്നു. അതു വളർന്നു. 20 ദിവസത്തിനുശേഷം ഈ കോഴി തന്റെ തഹ്‌രീക്കെ ജദീദ് ചന്ദയാണെന്ന് പറഞ്ഞ് അവർ അതിനെ കൊണ്ടുപോയി മുഅല്ലിം സാഹിബിനുകൊടുത്തു. തങ്ങൾക്ക് അടയാളമൊന്നും കാണാൻ കഴിയുന്നില്ലെന്നാണ് ആളുകൾ പറയുന്നത്. കാണണമെങ്കിൽ, അല്ലാഹുവുമായി ശരിയായ ബന്ധമുണ്ടെങ്കിൽ, നല്ല നിയ്യത്താണെങ്കിൽ അല്ലാഹു അടയാളവും കാണിക്കുന്നു. ഈ ചെറിയ ചെറിയ അടയാളങ്ങൾ തന്നെയാണ് അവരുടെ ഈമാന്റെ വർധനയ്ക്ക് നിമിത്തമാകുന്നത്. അങ്ങനെ അല്ലാഹു അവരുടെ ഈമാനെ വർധിപ്പിക്കുന്നു.

അല്ലാഹുവിന്റെ പെരുമാറ്റത്തിന്റെ മറ്റൊരു ഉദാഹരണമുണ്ട്. ടാൻസനിയാ(Tanzania)യിലെ മാറാ റീജ്യണിലെ മുഅല്ലിം പറയുന്നു: ഒരു ആത്മാർഥനായ യുവഅഹ്മദി റാശിദ് ഹുസയ്ൻ സാഹിബിന്റേത് റേഷൻ തുടങ്ങിയ സാധനങ്ങളുള്ള ചെറിയ കടയാണ്. വാഗ്ദാനമനുസരിച്ചുള്ള തന്റെ തഹ്‌രീക്കെ ജദീദ് ചന്ദ മുഴുവൻ അദ്ദേഹം കൊടുത്തുകഴിഞ്ഞിരുന്നു. വർഷത്തിന്റെ അവസാനം മുഅല്ലിം സാഹിബ് കൂടുതൽ പറഞ്ഞപ്പോൾ കൊടുക്കേണ്ടവർക്ക് ഇനിയും കൊടുക്കാമെന്ന് പറഞ്ഞു. അദ്ദേഹം ഈ സംഘത്തിൽ പെട്ടിരുന്നില്ല. കാരണം ആ നാളുകളിൽ അദ്ദേഹത്തിന്റെ സാമ്പത്തിക സ്ഥിതി വളരെ മോശമായിരുന്നു. കടയിൽ പെട്ടെന്ന് വിറ്റു പോകാത്തതായ ഒരു സാധനം മാത്രമെ ഉണ്ടായിരുന്നുള്ളൂ. അദ്ദേഹം പറയുന്നു: 'എന്റെ കൈയിൽ വെറും മൂവായിരം ഷില്ലിംഗാണ് ഉണ്ടായിരുന്നത്.' അതു അദ്ദേഹം കൊടുത്തു. അന്നു വൈകുന്നേരം അദ്ദേഹം വീണ്ടും മുഅല്ലിം സാഹിബിന്റെ അടുത്തു വന്നു. അദ്ദേഹം പറഞ്ഞു: 'എന്നിൽനിന്ന് അത്ഭുതകരമായ ഒരു സംഭവമുണ്ടായി: 'എന്റെ കൈയിലാണെങ്കിൽ ആ തുകയല്ലാതെ മറ്റൊന്നുമില്ല താനും. അതു ഞാൻ ചന്ദ കൊടുത്തതുമാണ്. എന്റെ കടയിലുള്ള സാധനമാണെങ്കിൽ അങ്ങനെ വിറ്റഴിയുന്നതുമല്ല. പക്ഷേ, അല്ലാഹു ചന്ദയുടെ അനുഗ്രഹംകൊണ്ട് അസാധാരണമായ നിലയിൽ, അത്ഭുതകരമായി എന്നെ സഹായിച്ചു. ഉച്ചയ്ക്കുതന്നെ എന്റെ അടുത്ത് ഒരു ഉപഭോക്താവു വന്നു. അദ്ദേഹം സാധനം വാങ്ങി. പെട്ടെന്ന് വിറ്റഴിയുകയില്ലെന്ന് ഞാൻ കരുതിയ മുഴുവൻ സാധനവും അയാളെടുത്തു. ആ വിറ്റ ഇനത്തിൽ എനിക്ക് മുപ്പതിനായിരം ഷെല്ലിംഗ് കിട്ടി. ഈ ചന്ദയുടെ ബർക്കത്തുകൊണ്ടുമാത്രമാണ് അല്ലാഹു ഈ ജീവിത വിഭവം എനിക്കു നല്കിയത്.

സെൻട്രൽ ആഫ്രിക്കയിലെ ഒരു പട്ടണമായ ബാജിയിലെ ഒരു സാഹിബാണ് ആർജനാ സാഹിബ്. അദ്ദേഹത്തിന്റെ ഒരു സംഭവമുണ്ട്. അല്ലാഹു ഈമാൻ ശക്തിപ്പെടുത്തിന്നതിനു വേണ്ടി എങ്ങനെയാണ് അനുഗ്രഹിക്കുന്നതെന്ന് നോക്കുക. അദ്ദേഹം പുതിയ അഹ്മദിയാണ്. അദ്ദേഹം പറയുന്നു: 'അഹ്മദിയ്യത്ത് സ്വീകരിച്ചിട്ടു എട്ടുമാസം കഴിഞ്ഞു. ഈ എട്ടുമാസം കൊണ്ട് എന്റെ ഉള്ളിൽ വലിയ മാറ്റമുണ്ടായി. എം.ടി.എ സ്ഥിരമായികാണുമായിരുന്നു. അതിൽ ഖുത്‌ബ ജുമുആയും കേൾക്കുമയിരുന്നു. ഞാൻ അങ്ങയുടെ ഖുത്‌ബ കേട്ടപ്പോൾ 'അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കുന്നവർ ദരിദ്രരാകുകയില്ലെന്നും അല്ലാഹു അയാളുടെമേൽ അനുഗ്രഹമിടുന്നുവെന്നും' ഉള്ള വാക്കുകൾ കേട്ടു. ആ നേരത്ത് തഹ്‌രീക്കെ ജദീദിന്റെ വസൂലിയെ കുറിച്ച് മുബല്ലിഗു സാഹിബും ആഹ്വാനം ചെയ്യുന്നുണ്ടായിരുന്നു. അപ്പോൾ ഞാനും നോക്കാമെന്ന് പറഞ്ഞു. എന്റെ പോക്കറ്റിൽ ആ നേരത്ത് വെറും അഞ്ഞൂറ് ഫ്രാങ്കെ ഉണ്ടായിരുന്നുള്ളൂ. വളരെ കുറഞ്ഞ തുക. ഞാനതു ന്ലകി. രാത്രിയിൽ എന്തുകഴിക്കുമെന്ന ചിന്തയായി പിന്നീട്. പറയുന്നു: എനിക്ക് ഖലീഫത്തുൽ മസീഹ് പറഞ്ഞ 'അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കുന്നവർ ദരിദ്രരാകുകയില്ല. അല്ലാഹു അയാളുടെമേൽ അനുഗ്രഹമിടുന്നു' എന്ന കാര്യം ഓർമവന്നു. ഞാൻ ആ അഞ്ഞൂറ് ഫ്രാങ്ക് കൊടുത്തുകഴിഞ്ഞിരുന്നു.' ഇദ്ദേഹം പുതിയ അഹ്മദിയാണ്. വിശ്വാസത്തിൽ ബലഹീനതയുമുണ്ടായിരുന്നു. അതിന്റെ അർഥം പൂർണവിശ്വാസം അപ്പോൾ ഉണ്ടായിരുന്നില്ല എന്നാണ്. പക്ഷേ, എന്തായാലും മാറ്റങ്ങൾ ഉണ്ടായി വരുന്നുണ്ടായിരുന്നു. നിയ്യത്ത് നല്ലതായിരുന്നു. അദ്ദേഹം പറയുന്നു: 'അല്ലാഹു എന്താണ് ചെയ്യുന്നതെന്ന് നോക്കാൻ ഞാൻ നാലഞ്ചു മണിക്കൂർ മിഷൻഹൗസിൽനിന്നു. ആയിടയിൽ ഒരു ബന്ധുവിന്റെ ഫോൺ വന്നു. തന്റെ കൈയിൽരത്നക്കല്ലുണ്ടെന്നും അതു നിങ്ങളുടെ പട്ടണത്തിൽവന്ന് വില്ക്കണമെന്നും തനിക്കു അവിടെ പരിചയമില്ലാത്തതുകൊണ്ട് തന്നെ സഹായിക്കണമെന്നും അദ്ദേഹം പറഞ്ഞു. അങ്ങനെ അദ്ദേഹം വന്നു. ഞാൻ അദ്ദേഹത്തേയും കൂട്ടി ഒരു രത്ന വ്യാപാരിയുടെ അടുത്തുപോയി. അവിടെ മുത്തുകളുടെ കച്ചവടവും നടക്കാറുണ്ട്. രത്നക്കല്ലു വിറ്റതിനുശേഷം എന്റെ സുഹൃത്തായ ബന്ധു 27000 ഫ്രാങ്ക് എനിക്ക് ഉപഹാരമായിത്തന്നു. ഇതുമാത്രമല്ല വാങ്ങിയ ആളും 10000 ഫ്രാങ്ക് സമ്മാനമായി നല്കി. ഞാൻ അഞ്ഞൂറ് ഫ്രാങ്കെ നല്കിയിരുന്നുള്ളൂ. അല്ലാഹു കുറച്ചു മണിക്കൂറുകൾകൊണ്ട് 37000 ഫ്രാങ്ക് നല്കി അനുഗ്രഹിച്ചു. അദ്ദേഹം പറയുന്നു: അതുമുഖേന അഭിവൃദ്ധിയുണ്ടായി.

യു.കെ.യിലെ ഒരു വനിതയോടും അല്ലാഹു എപ്രകാരമാണ് തന്റെ അത്ഭുതം കാണിച്ചതെന്ന് നോക്കുക, അതിലൂടെ അവരുടെ ഈമാനും വർധിച്ചു. അവർ പറയുന്നു: ഞാൻ തഹ്‌രീക്കെ ജദീദ് ചന്ദ നല്കിക്കഴിഞ്ഞിരുന്നു. എന്നാൽ, പിന്നീട് തദ്ദേശ സദ്‌ർ സാഹിബയിൽ നിന്ന് ഒരു സന്ദേശം ലഭിക്കുകയുണ്ടായി, അതായത് നമ്മുടെ ടാർഗറ്റ് പൂർത്തിയാക്കുന്നതിന് ഇനിയും കുറച്ച് തുകയുടെ ആവശ്യമുണ്ട്. കൂടുതൽ ചന്ദ കൊടുക്കാൻ കഴിയില്ലല്ലോ എന്നു ഞാൻ ചിന്തിച്ചു. കാരണം എന്റെ കൈയിലുള്ള പൈസ വേറൊരിടത്ത് ചെലവഴിക്കാനുള്ളതാണ്. പക്ഷേ, അവസാനം വീണ്ടും ചന്ദ കൊടുക്കാൻതന്നെ ഞാൻ തീരുമാനിച്ചു. അങ്ങനെ എന്റെ പക്കലുണ്ടായിരുന്ന എല്ലാ പണവും ചന്ദയായി ഞാൻ ചന്ദ നല്കി. അടുത്ത ദിവസം ഞാൻ എന്റെ ബാങ്ക് അക്കൗണ്ട് നോക്കിയപ്പോൾ അത്ഭുതപ്പെട്ടുപോയി. കാരണം എത്ര തുകയാണോ ഞാൻ ചന്ദയായി നല്കിയത് അതിന്റെ നാലിരട്ടി തുക ബാങ്കിൽ നിന്ന് എന്റെ അക്കൗണ്ടിലേക്ക് വന്നിരിക്കുന്നു! അതു സംബന്ധമായി എനിക്ക് ഒരുവിധ പ്രതീക്ഷയും ഉണ്ടാ

**അല്ലാഹുവിന്റെ കലാം:**

**'നിങ്ങൾ മനഃപൂർവം സത്യത്തെ അസത്യവുമായി കലർത്തുകയും സത്യം മറച്ചു വെക്കുകയും ചെയ്യരുത്.'**
**(2:43)**

ത്വാലിബെ ദുആ:
K.Muhammad Shareef & Family
Ahmadiyya Jama-ath Vaniyambalam, Kerala.

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**'ഭൗതികശക്തികൾ ഇസ്‌ലാം-അഹ്മദിയ്യത്തിനെ തെല്ലും ഭയപ്പെടേണ്ട ആവശ്യമില്ല. എല്ലാ രൂപത്തിലും ഞങ്ങൾ ഒരു ആത്മീയ ജമാഅത്താണ്.'**
**(ഡന്മാർക്ക് പര്യടനം, ചോദ്യോത്തരം 2016 മെയ് 18)**

ത്വാലിബെ ദുആ:
P.P. Nasiruddin , Ahmadiyya Jama-ath Kannur Town, Kerala.

യിരുന്നില്ല. ആഫ്രിക്കയിൽ മാത്രമല്ല. ഇവിടെ യൂറോപ്പിലും സദുദ്ദേശ്യത്തോടെ കൊടുക്കുന്ന വർക്കും അല്ലാഹു ബർക്കത്ത് നല്കുന്നു. അതിനുള്ള ഉദാഹരണങ്ങളുമുണ്ട്.

ബുർക്കിനാ ഫാസോ (Burkina Faso)യിലെ അമീർ സാഹിബ് എഴുതുന്നു: കോലോയിലെ ഒരു അഹ്മദിയാണ് സാവാഡോ സാഹിബ്. അദ്ദേഹം തഹ്‌രീക്കെ ജദീദിന്റെ ചന്ദയായി നൂറ് ഫ്രാങ്ക് എല്ലാ മാസവും നല്കുമായിരുന്നു. അദ്ദേഹത്തിന് ആരോ മൂന്ന് ആടുകൾ ഉപഹാരമായി നല്കിയപ്പോൾ അതിൽ ഒരെണ്ണം അദ്ദേഹം തഹ്‌രീക്കെജദീദിന്റെ ചന്ദയായി നല്കി. ബാക്കി രണ്ടെണ്ണം തന്റെ കൈവശം വെച്ചു. അല്ലാഹു ആ ആടുകളിൽ എത്രമാത്രം അനുഗ്രഹം നിറച്ചെന്നാൽ, അദ്ദേഹം ഇപ്പോൾ നിരവധി മൃഗങ്ങളുടെ ഉടമസ്ഥനാണ്. നൂറിന് പകരമായി ആയിരം ഫ്രാങ്കാണ് ഇപ്പോൾ മാസന്തോറും തഹ്‌രീക്കെ ജദീദിന്റെ ചന്ദ നല്കുന്നത്.

പിന്നീട് ആത്മാർഥതയുടേയും കൂറിന്റേയും വികാരങ്ങളുടെ മറ്റൊരു ഉദാഹരണമുണ്ട്. ബെനിനിലെ റീജ്യണായ ലോക്കോ സാക്കേയിലെ മുബല്ലിഗ് എഴുതുന്നു: ലോക്കോ സാക്കേയിലെ മിക്ക പ്രദേശങ്ങളിലും വെള്ളപ്പൊക്കമുണ്ടായി. വഴികളെല്ലാം അടഞ്ഞു. കുറച്ചു ജമാഅത്തുകളുമായി ഫോണിലൂടെ ബന്ധപ്പെട്ടു. പക്ഷേ, അതിർത്തി പ്രദേശമായ കാരണത്താൽ മിക്ക ജമാഅത്തുകളുമായും ബന്ധപ്പെടാൻ കഴിഞ്ഞിരുന്നില്ല. പോലീസുകാരുടെ കൈയിൽ മോട്ടോർ ബോട്ടുണ്ടെന്ന് ലോക്കൽ മിഷണറി പറഞ്ഞു. നമ്മൾ അവരുമായി സംസാരിച്ചാൽ അവിടം വരെ എത്താൻ സാധിക്കും. അവരുടെ അവസ്ഥ എന്താണെന്ന് അറിയാനും കഴിയും. പറയുന്നു: പോലീസുകാർ പറഞ്ഞു: പെട്രോൾ അടിച്ചാൽ അവിടെ കൊണ്ടുപോയി വിടാം. എന്തായാലും ബോട്ടിൽ ഞങ്ങൾ അവിടെയെത്തി. അവിടുത്തെ സ്വദ്റിനെ കണ്ടപ്പോൾ അദ്ദേഹം കരഞ്ഞുപോയി. പറയുന്നു: അദ്ദേഹത്തിന് ഒരുപാട് നഷ്ടമുണ്ടായിട്ടുണ്ടെന്ന് ഞങ്ങൾക്കറിയാമിയിരുന്നു. കൃഷിയും നശിച്ചു. വീടിന്റെ ഒരു മുറിയും തകർന്നുവീണു. പറയുന്നു: അല്ലാഹു സഹായം ചെയ്യുമെന്നും നഷ്ടം നികത്തപ്പെടുമെന്നും പറഞ്ഞ് ഞാൻ അദ്ദേഹത്തെ സമാധാനിപ്പിച്ചു. അപ്പോൾ അദ്ദേഹം പറഞ്ഞു: എനിക്കു നഷ്ടമുണ്ടായ കാരണത്താലല്ല കരയുന്നത്. പ്രത്യുത വെള്ളപ്പൊക്കം വരുന്നതിനുമുമ്പേ ഞാൻ ചന്ദ പിരിച്ച് വെച്ച് മുഅല്ലിം വരുന്നതും കാത്തിരിക്കുകയായിരുന്നു. തുടർന്ന് വെള്ളപ്പൊക്കം കാരണത്താൽ എല്ലാ വഴിയും അടഞ്ഞു. എനിക്ക് അതിന്റെ വലിയ ചിന്തയായിരുന്നു. ഞാൻ ദുആ ചെയ്തു. അല്ലാഹുവേ! എന്റെ ചന്ദ കേന്ദ്രത്തിലെത്തിക്കുന്നതിന് ഒരു വഴിയുമില്ല. ദിവസം കുറച്ചേയുള്ളൂ. ഏതെങ്കിലും മാർഗം ആക്കിത്തന്നാലും. ഞങ്ങൾ ഏതവസ്ഥയിലാണുള്ളതെന്ന് നിങ്ങൾ ഇന്ന് കാണാൻ വന്നു. ചന്ദ വാങ്ങാനല്ല നിങ്ങൾ വന്നത്. ഞങ്ങളുടെ വിവരം അറിയാനാണ്. അക്കാരണത്താലാണ് ഞാൻ അനിയന്ത്രിതമായി കരഞ്ഞുപോയത്. അല്ലാഹു എത്രവേഗമാണ് എന്റെ ദുആ സ്വീകരിച്ചത്. ഞാനെന്റെ കടമ നിറവേറ്റാൻ അർഹനായി. എനിക്കുണ്ടായ നഷ്ടത്തെ കുറിച്ച് എനിക്ക് ഒരു ചിന്തയുമില്ല. അല്ലാഹുവിനുവേണ്ടി ഞാൻ ചെയ്യാമെന്ന് വാഗ്ദാനം ചെയ്ത ജോലി, അല്ലാഹുവിന്റെ ശ്രദ്ധ പിടിച്ചുപറ്റുന്നതിനുവേണ്ടി ചെയ്യേണ്ട ത്യാഗം അതു സമയത്തു നിറവേറ്റപ്പെടണമായിരുന്നു.

ഇന്ത്യയിലെ കർണാടക സംസ്ഥാനത്തിൽനിന്ന് ഇൻസ്പെക്ടർ ഇബ്റാഹീം സാഹിബ് എഴുതുന്നു: ഇതിലും അല്ലാഹുവിന്റെ പെരുമാറ്റത്തിന്റെ മറ്റൊരു ഉദാഹരണമുണ്ട്. 'ഗുൽബർഗയിൽ ഒരു ഖാദിമുണ്ട്. അദ്ദേഹത്തിന് ബാംഗ്ളൂരിലെ ഒരു കമ്പനിയിൽ ഇരുപതിനായിരം രൂപ മാസശമ്പളത്തിൽ ജോലി ഉണ്ടായിരുന്നു. അദ്ദേഹത്തിനോടു ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറഞ്ഞിട്ടുള്ള നിലവാരപരമായ ത്യാഗത്തെ സംബന്ധിച്ച് പകുതി ശമ്പളം ഈ പദ്ധതിയിൽ നല്കാൻ പറഞ്ഞു.(ഖുത്‌ബാത്തെ മഹ്മൂദ് വാള്യം 28,പേജ് 173, ജുമുഅ ഖുത്ബ 9-5-1947) അദ്ദേഹത്തിന്റെ വീട്ടിലെ അവസ്ഥ അത്ര മെച്ചപ്പെട്ടതായിരുന്നില്ലെങ്കിലും അദ്ദേഹം പതിനായിരം രൂപയുടെ വാഗ്ദാനം നല്കി. അദ്ദേഹത്തിന്റെ ബന്ധുക്കൾ പറഞ്ഞു: നിനക്ക് ഇപ്പോൾ പുതിയൊരു ജോലിയാണ് ലഭിച്ചിരിക്കുന്നത്. അതുകൊണ്ട് ഇത്ര വാഗ്ദാനം നല്കിയാൽ നിനക്ക് അത് പ്രയാസമായിരിക്കും. അദ്ദേഹം പറഞ്ഞു: 'ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറഞ്ഞത്, മനുഷ്യൻ പൂർണമായ പരിശ്രമം നടത്തുന്നതുവരെ അല്ലാഹുവിന്റെ മലക്കുകൾ അതിൽ ശക്തിയും സ്വാധീനവും സൃഷ്ടിക്കുകയില്ല എന്നാണ്.(ഖുത്‌ബാത്തെ മഹ്മൂദ് വാള്യം 32,പേജ് 136, ജുമുഅ ഖുത്ബ 7-9-1951) അതു കാരണം ഞാൻ എന്തായാലും ഇത് നല്കുന്നതാണ്.' പറയുന്നു: 'ഈ സംഭവം നടന്ന് അല്പകാലം കഴിഞ്ഞതേയുള്ളൂ, അദ്ദേഹത്തിന് മറ്റൊരു കമ്പനിയിൽ ജോലി ലഭിച്ചു. അവിടെ അല്ലാഹുവിന്റെ അനുഗ്രഹത്താൽ അദ്ദേഹത്തിന് ഒരു ലക്ഷത്തി ഇരുപത്തി ഏഴായിരം രൂപ മാസവരുമാനമായി ലഭിക്കുന്നു. പറയുന്നു: ഇത് ചന്ദ നല്കിയതിന്റെ അനുഗ്രഹമാണ്.

കേരളത്തിലെ തഹ്‌രീക്കെ ജദീദ് ഇൻസ്പെക്ടർ എഴുതുന്നു: 'ഇവിടെ കരുളായിലെ ഒരു ആത്മാർഥ അഹ്മദിയുണ്ട്. തഹ്‌രീക്കെ ജദീദിൽ സാമ്പത്തിക ത്യാഗം സമർപ്പിക്കുന്നവരിൽ വളരെ വലിയ സ്ഥാനം വഹിക്കുന്നയാളാണ്. അദ്ദേഹത്തിന് ഫർണീച്ചർ വ്യാപാരമാണ്. വക്കീലുൽമാലിന്റെ പര്യടനത്തിന്നിടയിൽ അദ്ദേഹം ദുആ ഉദ്ദേശിച്ച് തന്റെ ഫാക്ടറികൾ കാണിച്ചു. എന്നല്ല ഈയിടെയായി വ്യാപാരാവസ്ഥ മോശമാണെന്നും പറഞ്ഞു. ദുആ ചെയ്യാൻ പ്രത്യേകം പറഞ്ഞു. അവിടെ ദുആ ചെയ്യിക്കുകയു ചെയ്തു. അങ്ങനെയൊക്കെയായിട്ടും അദ്ദേഹം പതിനഞ്ച് ലക്ഷം രൂപ വാഗ്ദാനമെഴുതി. എന്നാൽ, നടപ്പുവർഷം രണ്ട് ലക്ഷം മാത്രമെ നല്കിയിരുന്നുള്ളൂ. സമയം കുറവായിരുന്നു. അദ്ദേഹം വളരെ പ്രയാസത്തിലായി. വലിയ ഗതിമുട്ടിയ അവസ്ഥയിലായി. ചന്ദ എങ്ങനെ നല്കുമെന്ന് ചിന്തയിലായിരുന്നു. എനിക്കും കത്തെഴുതി; സാമ്പത്തിക വർഷത്തിന്റെ അവസാന ദിവസമാണ്, അല്ലാഹു തന്റെ അനുഗ്രഹത്താൽ എനിക്ക് വാഗ്ദാനം പൂർത്തിയാക്കാനുള്ള തൗഫീഖ് ലഭിക്കുന്നതിനുവേണ്ടി ദുആ ചെയ്താലും. പറയുന്നു: അതിന് അൽപം മണിക്കൂറുകളെ കഴിഞ്ഞുള്ളൂ, ഒരു ഭാരിച്ച തുക അദ്ദേഹത്തിന്റെ അക്കൗണ്ടിലേക്ക് വന്നു. അതിലൂടെ അദ്ദേഹം നല്കിയത് വാഗ്ദാനം മാത്രമല്ല, മറിച്ച് ഒരു നല്ല തുക കൂടുതലായും നല്കി. വ്യാപാരസംബന്ധമായി അദ്ദേഹത്തിന് ആവശ്യമുണ്ടായിരുന്ന സംഖ്യയും അതിൽനിന്ന് ലഭിച്ചു.

ഇനി ബെനിൻ (Benin)നിലെ നാട്ടി ടിൻഗോ (Natitingou) റീജ്യണിലെ മുഅല്ലിം എഴുതുന്നു: കാട്ടംപോട്ടി(Katampoti)ജമാഅത്തിലെ ഒരു സുഹൃത്തിനോട് തഹ്‌രീക്കെ ജദീദ് ചന്ദയെ കുറിച്ച് പറഞ്ഞപ്പോൾ ഒരുവിധ മടിയും കൂടാതെ അദ്ദേഹം മൂവായിരം ഫ്രാങ്ക് സി എഫ് എ എടുത്ത് നല്കി. മുഅല്ലിം പറയുന്നു: ഞാൻ അദ്ദേഹത്തോടു വളരെ അത്ഭുതപ്പെട്ടുകൊണ്ട് ചോദിച്ചു: കാരണം വളരെ നിർബന്ധിച്ച് പറഞ്ഞിട്ടും 500 ഫ്രാങ്കിനെക്കാൾ കൂടുതൽ ഒരിക്കലും നല്കിയിട്ടില്ല. നിങ്ങൾ ഇത്ര വലിയ തുക എങ്ങനെയാണ് കൊടുത്തത്? അതിന് കാരണമെന്താണ്? അപ്പോൾ അദ്ദേഹം പറഞ്ഞു: ചന്ദയിൽ ഒരുപാട് മടി കാണിക്കാറുണ്ട്. പ്രയാസങ്ങൾ വർധിക്കുന്നതായി ഞാൻ കണ്ടു. കൃഷിയും നന്നാകുന്നില്ല. അവസാനമായി ഞാൻ ചന്ദകൊടുത്തപ്പോൾ ഇതിൽ എങ്ങനെയാണ് ബർക്കത്തുണ്ടാകുക എന്നു നോക്കാമല്ലോ എന്നു വിചാരിച്ചാണ് നല്കിയത്. അങ്ങനെ ഞാൻ പരീക്ഷിച്ചു നോക്കി. ചന്ദയുടെ അനുഗ്രഹങ്ങളാൽ അല്ലാഹു യഥാർഥത്തിൽ രഹസ്യമായി സഹായിക്കുന്നുവെന്ന് മനസ്സിലായി. നമ്മുടെ ആവശ്യങ്ങൾ പൂർത്തിയാക്കുന്നു. ധാന്യവിളവിലും ബർക്കത്ത് പ്രദാനം ചെയ്യുന്നു. അതുകൊണ്ട് ഞാൻ സ്വയം പരീക്ഷിച്ചപ്പോൾ താങ്കൾ പറയുന്നതിനുമുമ്പേ എന്റെ ചന്ദ അഞ്ചിരട്ടി വർധിപ്പിച്ച് എന്നല്ല ആറിരട്ടി വർധിപ്പിച്ച് നല്കിയതാണ്......ഇപ്പോൾ എല്ലാ രാജ്യത്തും അല്ലാഹു ജനങ്ങൾക്ക് അവരുടെ ത്യാഗങ്ങൾക്കുശേഷം തന്റെ അനുഗ്രഹങ്ങളുടെ ദൃശ്യങ്ങൾ കാണിച്ചുകൊടുക്കുന്നു. മോസ്കോയിലെ മുബല്ലിഗ് എഴുതുന്നു: ഒരു സ്നേഹിതനാണ് സാഇർ സാഹിബ്. ഉസ്ബക്കിസ്താനിലെ ബുഖാറ പട്ടണവുമായാണ് അദ്ദേഹത്തിന്റെ ബന്ധം. ദീർഘകാലമായി മോസ്കോയിൽ ജോലി ചെയ്യാൻ വരുന്നു. കുറച്ചുകാലം ഇവിടെ ജോലി ചെയ്യുന്നു. അവിടന്ന് സ്വരൂപിക്കുന്ന പണവുമായി പിന്നീട് ഉസ്ബക്കിസ്താനിലേക്ക് പോകുന്നു.

അദ്ദേഹത്തിന്റെ ഭാര്യ ബയ്അത്തു ചെയ്യുന്നതിനുമുമ്പേ കുറച്ചു താമസിപ്പിച്ചിരുന്നു. പക്ഷേ, പിന്നീട് വായിച്ചു. ദുആ ചെയ്തു. അതിനുശേഷം ബയ്അത്ത് ചെയ്യാനുള്ള തൗഫീഖ് കിട്ടി. കുറച്ചു ദിവസംമുമ്പേ അവരോടു തഹ്‌രീക്കെ ജദീദ് ചന്ദ കൊടുക്കാൻ പറഞ്ഞിരുന്നു. അദ്ദേത്തിന്റെ ഭാര്യയും തഹ്‌രീക്കെ ജദീദിലും വഖ്ഫെ ജദീദിലും പങ്കെടുക്കാൻ പറഞ്ഞു. അദ്ദേഹം ഇപ്പോൾ ഉസ്ബക്കിസ്താനിൽ ടാക്സി ഓടിക്കുകയാണ്. അദ്ദേഹത്തിന്റെ ഭാര്യ തയ്യൽ ജോലിയും ചെയ്യുന്നു. ഈ ദമ്പതിമാരുടെ രീതി, അവരുടെ വരുമാനത്തിന്റെ മൂന്നിൽ


**ഹദീഥുന്നബ്‌വി (സ):**

*ആഇശ(റ)പറയുന്നു:'നബി(സ)തിരുമേനിക്ക് തുടക്കത്തിൽ ലഭിച്ച ദൈവികസന്ദേശങ്ങളുടെ ആരംഭം ഉറക്കത്തിൽ ദൃശ്യമാകുന്ന നല്ല സ്വപ്നങ്ങളായിരുന്നു. അവിടന്ന് കാണുന്ന എല്ലാ സ്വപ്നങ്ങളും പ്രഭാതോദയംപോലെ സ്പഷ്ടമായി പുലർന്നുകൊണ്ടിരുന്നു.'*
*(ബുഖാരി, കിതാബുൽ വഹ്‌യ്, ഹദീഥ് നമ്പർ 3)*

**ത്വാലിബെ ദുആ**
**P.P.Raheem & Family**
**Ahmadiyya Jama-ath Payangadi, Kerala.**

**ഹദീസുന്നബ്‌വി(സ)**

**നബി(സ)തിരുമേനി പറഞ്ഞു: 'പ്രവർത്തനങ്ങൾക്ക് പ്രതിഫലം നല്കുന്നത് ഉദ്ദേശ്യമനുസരിച്ച് മാത്രമാകുന്നു. ഓരോ മനുഷ്യനും അവനുദ്ദേശിച്ചതെന്തോ അതാണ് ലഭിക്കുക.'**
**(ബുഖാരി, കിതാബുൽ വഹ്‌യ്, ഹദീഥ് നമ്പർ 1)**

**ത്വാലിബെ ദുആ:**
**Rahman Shakeer & Family**
**Ahmadiyya Jama-ath Karulai, Kerala.**

ഒരുഭാഗം കുട്ടികൾക്കുവേണ്ടിയും അടുത്തത് വീടിനുവേണ്ടിയും അവസാന ഭാഗം പ്രത്യേകമായി അല്ലാഹുവിന്റെ മാർഗത്തിലും ചെലവഴിക്കുന്നു. അവർ ഇരുവരും വലിയ സന്തോഷത്തിലും സമാധാനത്തിലും അവരുടെ കുടുംബം മെച്ചപ്പെട്ട അവസ്ഥയിലും കഴിഞ്ഞ് പോകുന്നു. സാഇർ സാഹിബ് പറയുന്നു: ഞാൻ ചന്ദ നല്കാൻ ആരംഭിച്ച കാലംമുതൽ അല്ലാഹുവിന്റെ പ്രത്യേക അനുഗ്രഹങ്ങളും ഉണ്ടായി. കഴിഞ്ഞ വർഷങ്ങളിൽ ലഭിക്കാത്തത്ര അനുഗ്രഹം അദ്ദേഹത്തിന്റെ വരുമാനത്തിനുണ്ടായി......... ജർമനി ജമാഅത്തിലെ ഒരു പെൺകുട്ടി എഴുതുന്നു:‘ഞാൻ രണ്ടു മാസം ഗർഭിണിയായിരുന്നു. ഇപ്പോൾ അവർക്ക് കുട്ടി പിറന്നു. രണ്ടു വയസ്സായി. അവർ പറയുന്നു: ഞാൻ ഗർഭിണി ആയിരുന്നപ്പോൾ ദുആ ചെയ്തു, ഒരുപാട് ദുആ ചെയ്തു. അതോടൊപ്പം എല്ലാ മാസവും തഹ്രീക്കെ ജദീദിൽ നൂറ് യൂറോ വീതം ചന്ദ നല്കുമെന്ന വാഗ്ദാനവും ചെയ്തു. ബാക്കിയുള്ള ഏഴ് മാസം അല്ലാഹു വലിയ സമാധാനത്തോടെ കഴിയാൻ സഹായിച്ചു. ഏനക്കേടുകളുണ്ടായിരുന്നതെല്ലാം അകന്നു. അങ്ങനെ അല്ലാഹു ഒരു മകനെ നല്കി അനുഗ്രഹിക്കുകയുണ്ടായി. പറയുന്നു: ഇപ്പോഴും ഞാൻ അല്ലാഹുവിനോട് ചെയ്ത വാഗ്ദാനം അനുസരിച്ച് എല്ലാ മാസവും തഹ്രീക് ജദീദ് ചന്ദ നല്കി വരുന്നു.

ഭൗതീകതയിൽ മുങ്ങിക്കഴിയുകയും അല്ലാഹുവിൽനിന്ന് അകലുകയും ചെയ്യുന്ന ലോകത്തിലെ ഈ ഭാഗത്തും അല്ലാഹു അഹ്മദികൾക്ക് തന്റെ അനുഗ്രഹങ്ങൾ നല്കി സ്വന്തം അസ്തിത്വത്തിനുള്ള തെളിവ് നല്കുന്നു. അതോടൊപ്പം അഹ്മദിയ്യത്തിന്റെ യാഥാർഥ്യവും സത്യതയും അവരിൽ വെളിപ്പെടുത്തുകയും ചെയ്യുന്നു......ഇന്തൊനേഷ്യയിലെ അമീർ സാഹിബ് എഴുതുന്നു: പാസിർ പംഗേറയിൻ(Pasir Pangaraian) ജമാഅത്തിൽ ഒരു നവഅഹ്മദിയുണ്ട്. കുറച്ചു കാലം മുമ്പേ അദ്ദേഹം ബയ്അത്തു ചെയ്തതാണ്. ഭാര്യയിൽനിന്ന് കഠിനമായ എതിർപ്പുണ്ടായി. പക്ഷേ, അദ്ദേഹം ഉറച്ചുനിന്നു. തഹ്രീക്കെ ജദീദിന്റെ പുതുവർഷം ആരംഭിച്ചപ്പോൾ നമ്മുടെ മുബല്ലിഗ് അദ്ദേഹത്തോടു തഹ്രീക്കെ ജദീദ് ധനത്യാഗത്തിൽ പങ്കെടുക്കാൻ പറഞ്ഞു. അദ്ദേഹം അഞ്ച് ലക്ഷം ഇന്തോനേഷ്യൻ രൂപ നല്കാമെന്ന് വാഗ്ദാനം ചെയ്തു. ഇന്തൊനേഷ്യൻ രൂപയുടെ മൂല്യം വളരെ കുറവാണ്. പക്ഷേ, എന്തായാലും അദ്ദേഹത്തിനു അത് വലിയ തുകയായിരുന്നു. ഒരു ഓണററി ടീച്ചറുടെ ശമ്പളം വളരെ കുറവാണ്. നമ്മുടെ മുബല്ലിഗ് അദ്ദേഹത്തോടു വീണ്ടും ചോദിച്ചു. ഇത്ര തുക താങ്കൾ എഴുതിച്ചു. അത് അടയ്ക്കാൻ കഴിയുമോ? പ്രയാസമൊന്നും ഉണ്ടാകുകയില്ലല്ലോ? അപ്പോൾ അദ്ദേഹം വളരെ ദൃഢവിശ്വാസത്തോടെ പറഞ്ഞു:ഇതുതന്നെയാണ് എന്റെ വാഗ്ദാനം. അങ്ങനെ റമളാൻ മാസത്തിൽ നൂറു ശതമാനം വാഗ്ദാനവും അടയ്ക്കാൻ പറഞ്ഞപ്പോൾ അദ്ദേഹം തന്റെ വാഗ്ദാനം പൂർത്തിയാക്കി. ഒരു ദിവസം അദ്ദേഹത്തിന്റെ ഒരു ബന്ധു അദ്ദേഹത്തിന് ഉപഹാരമെന്ന നിലയിൽ ഒരു കവറിൽ കുറച്ച് പണം നല്കി. അദ്ദേഹം അത് തുറന്നില്ല. ഉടനെതന്നെ ജമാഅത്ത് സ്വദ്റിന്റെ വീട്ടിലെത്തി പറഞ്ഞു: ഈ കവറിൽ എന്താണോ ഉള്ളത് അതു ഞാൻ തഹ്രീക്കെ ജദീദിൽ നല്കന്നു. സ്വദ്ർ ജമാഅത്ത് അതു തുറന്നപ്പോൾ അതിൽ കൃത്യം അഞ്ചുലക്ഷം ഇന്തൊനേഷ്യൻ രൂപ യുണ്ടായിരുന്നു.

ഇനി കുട്ടികളിലുള്ള ആത്മാർഥതയുടെയും ത്യാഗത്തിന്റെയും വികാരമാണ്. ഈ വിപ്ലവവും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിൽ കാണപ്പെടുന്നു. അത് ആ മഹാത്മാവ് ഉണ്ടാക്കിയതാണ്. ഘാനയിലെ മുബല്ലിഗ് എഴുതുന്നു: കുറച്ചു ദിവസം മുമ്പേ ജമാഅത്തിൽ ധനത്യാഗത്തെ കുറിച്ച് പ്രത്യേകിച്ച് തഹ്രീക്കെ ജദീദ് ചന്ദയെ കുറിച്ച് ഖുത്ബ കൊടുത്തു. കുട്ടികളിലും ത്യാഗശീലം വളർത്തിയെടുക്കണെമെന്നും പറഞ്ഞു; അവർ സ്വന്തം കൈകൊണ്ട് ചന്ദ കൊടുക്കണം. അടുത്ത ജുമുആയിൽ ഏകദേശം ഒൻപതോ പത്തോ പ്രായമുള്ള ഒരു ആൺകുട്ടി കുറച്ച് പണവുമായി വരികയും തഹ്രീക്കെ ജദീദിന്റെ വിഹിതമായി നല്കുകയും ചെയ്തു. ചോദിച്ചപ്പോൾ അവൻ പറഞ്ഞു: ‘ഞാൻ മാതാപാതാക്കളോട് ചന്ദ നല്കുന്നതിനായി കുറച്ച് പണം ആവശ്യപ്പെട്ടു. എന്നാൽ, എന്തോ കാരണംകൊണ്ട് അവർക്ക് നല്കാൻ കഴിഞ്ഞില്ല. മാതാപിതാക്കളുടെ കൈയിൽ അപ്പോൾ പണം ഉണ്ടാകുകയില്ല. പറയുന്നു: ഞാൻ ഒരു കടയിൽ ജോലിചെയ്യാൻ തുടങ്ങി. അവിടന്ന് കിട്ടിയ തുക ഞാൻ ചന്ദയായി നല്കുകയാണ്.’

പിന്നീട് സിയറ ലിയോണിലെ ഒരു ഉദാഹരണമാണ്. അവിടെ കെനിമായിലെ ലോക്കൽ മുഅല്ലിം ബശീറോ സാഹിബ് എഴുതുന്നു: സേറാബൊ ജമാഅത്തിൽ ആളുകളോടു ചന്ദ തഹ്രീക്കെ ജദീദ് നല്കാൻ പറഞ്ഞപ്പോൾ എട്ടു പത്തു വയസ്സുള്ള ഒരു കുട്ടി വിറകിന്റെ കെട്ടുമായി വരുന്നത് ഞാൻ കണ്ടു. അവൻ മുഅല്ലിം സാഹിബിനോടു പറഞ്ഞു: ഈ വിറക് എന്നിൽനിന്ന് വാങ്ങുക. എത്ര പൈസയുണ്ടോ അതെല്ലാം ചന്ദയിൽ ഇടുക. മുഅല്ലിം സാഹിബ് ആ വിറക് ആ കുട്ടിയിൽനിന്ന് വാങ്ങി. ചന്ദ രസീത് മുറിച്ചു കൊടുത്തു. നിന്റെ ചന്ദ വന്നുകഴിഞ്ഞുവെന്ന് പറഞ്ഞ് പിന്നീട് ആ വിറകും തിരിച്ചുനല്കി.

അല്ലാഹു ഈ ത്യാഗം ചെയ്യുന്നവരുടെയെല്ലാം ധനത്തിലും വിശ്വാസത്തിലും ധാരാളമായി അനുഗ്രഹം നല്കുമാറാകട്ടെ. ഇത്തരത്തിലുള്ള ത്യാഗത്തിന്റെ ചിത്രം ഈ രാജ്യത്തിലെ കുട്ടികളിൽ കാണില്ല. അതായത് അധ്വാനിച്ചും ജോലി ചെയ്തും കാടുകളിലെ വിറകുകൾ വെട്ടിയും ചന്ദ നല്കുന്നു. എന്നാൽ, ഇവിടെയുള്ള അവസ്ഥ മെച്ചപ്പെട്ടതാണ്. നിസംശയം ഇവിടെയും ഉന്നതമായ മാതൃകകളുണ്ട്. ചില കുട്ടികൾ അവരുടെ പോക്കറ്റ് മണി മുഴുവനും ചന്ദയായി നല്കി. എന്തോ പ്രത്യേകസാധനം വാങ്ങാൻ സ്വരുക്കൂട്ടിയതാവാം. എന്തായാലും അവരവരുടെ അവസ്ഥയ്ക്കനുസരിച്ച് എല്ലാ സ്ഥലത്തും ആത്മാർഥതയുടെയും കൂറിന്റെയും ഉദാഹരണങ്ങൾ നമുക്ക് ലഭിക്കുന്നുണ്ട്. അല്ലാഹു അവരുടെ ആത്മാർഥതയും കൂറും വർധിപ്പിക്കുമാറാകട്ടെ.

ഇപ്പോൾ ഞാൻ ചില കണക്കുകൾ സമർപ്പിക്കുന്നതാണ്. അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിന് ത്യാഗങ്ങൾ ചെയ്യാനുള്ള തൗഫീഖ് നല്കിയിരിക്കുന്നു. എപ്രകാരമാണ് ഈ ത്യാഗങ്ങൾ ചെയ്യപ്പെട്ടത് അത് ഒരിക്കലും തന്നെ അല്ലാഹുവിന്റെ പിന്തുണയും സഹായവും കൂടാതെ സാധ്യമാകില്ല. അല്ലാഹുവാണ് മനസ്സുകൾ മാറ്റിമറിക്കുന്നവൻ. അല്ലാഹുതന്നെയാണ് ലോകത്തിലെ വിവിധ രാജ്യങ്ങളിൽ വസിക്കുന്ന അഹ്മദികളുടെ, മുതിർന്നവരുടേയും കുട്ടികളുടേയും മനസ്സിലിടുന്നത്. ബുദ്ധിയുള്ളവർക്ക് ഇതുതന്നെയാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യസാക്ഷ്യത്തിനുള്ള തെളിവെന്ന് മനസ്സിലാക്കാൻ കഴിയും. ഇനി ഞാൻ കുറച്ചു വിവരങ്ങൾ നല്കുകയാണ്.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഒക്ടോബർ 31 ന് തഹ്രീക്കെ ജദീദിന്റെ 85–ാം വർഷം അവസാനിച്ച്, 86–ാം വർഷം ആരംഭിച്ചിരിക്കുന്നു. ഈ വർഷം തഹ്രീക്കെ ജദീദിന് വേണ്ടി 13.6 മില്ല്യൺ പൗണ്ട് ത്യാഗം ചെയ്യാനുള്ള തൗഫീഖ് ലഭിച്ചു. ഇത് കഴിഞ്ഞ വർഷത്തെക്കാൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ എട്ട് ലക്ഷത്തി ഇരുപതിനായിരം പൗണ്ട് അധികമാണ്.......ആദ്യ സ്ഥാനം പൂർണമായ നിലയിൽ ജർമനിക്കാണ്. രണ്ടാം സ്ഥാനം പാകിസ്താൻ, പിന്നെ യു.കെ, പിന്നീട് ബ്രിട്ടൺ ആണ്. മുമ്പേ ഞാൻ പാകിസ്താനെ മാറ്റി നിറുത്തിയിരുന്നു. ആദ്യ സ്ഥാനം അവർക്കായിരുന്നു. പാകിസ്താനെ ഒഴിവാക്കി ബാക്കി രാജ്യങ്ങളുടെ സ്ഥാനങ്ങൾ വിവരിക്കാം. രണ്ടാം സ്ഥാനത്തുള്ള പാകിസ്താനെ കൂടാതെ ബാക്കി പത്ത് രാജ്യങ്ങളുടെ സ്ഥാനം ഇപ്പോൾ വിവരിക്കുന്നതാണ്. ഒന്നാം സ്ഥാനം ജർമനി, പിന്നെ പാകിസ്താനെ കൂടാതെ യു.കെ രണ്ടാം സ്ഥാനം, അതിന് ശേഷം അമേരിക്ക, കനഡ, ഭാരത്, അതിന് ശേഷം മിഡിൽ ഈസ്റ്റിലെ ഒരു ജമാഅത്ത്, പിന്നെ ഇന്തൊനേഷ്യ, ഓസ്ട്രേലിയ, ഘാന, വീണ്ടും മിഡിൽ ഈസ്റ്റിലെ ഒരു ജമാഅത്താണ്.

അവസ്ഥകൾ മോശമായിരുന്നിട്ടും പാകിസ്താനിലും അതുപോലെ മൊത്തത്തിൽ ലോകത്തിലെ വിവിധ രാജ്യങ്ങളിലേയും സാമ്പത്തികാവസ്ഥ മോശമായിരുന്നിട്ടുകൂടി അല്ലാഹു അനുഗ്രഹിച്ചു. തദ്ദേശ കറൻസിയുടെ വർധനയുടെ അടിസ്ഥാനത്തിലുള്ള ആദ്യ മൂന്ന് രാജ്യങ്ങൾ, അതിൽ ഒന്നാം സ്ഥാനം മിഡിൽ ഈസ്റ്റിലെ ഒരു ജമാഅത്തിനാണ്. അത് കൂടാതെ രണ്ടാം സ്ഥാനം ഇന്ത്യ, ഇവിടെ ശതമാനത്തിന്റെ അടിസ്ഥാനത്തിലാണ് വർധന ഉണ്ടായിട്ടുള്ളത്. അതിന് ശേഷം കനഡ, പിന്നെ ജർമനി, യു.കെ, പിന്നെ ഘാന, പിന്നെ പാകിസ്താൻ, ഇന്തൊനേഷ്യ, അമേരിക്ക, ഓസ്ട്രേലിയ.

ആളോഹരി അടവിന്റെ അടിസ്ഥാനത്തിൽ ആദ്യത്തെ മൂന്നു ജമാഅത്തുകൾ സ്വിറ്റ്സർലാന്റ് നമ്പർ വൺ, പിന്നെ അമേരിക്ക, പിന്നീട് സിങ്കപ്പൂർ, നാലാം സ്ഥാനത്ത് ബ്രിട്ടൺ, അഞ്ചാം സ്ഥാനത്ത് സ്വീഡൻ , അതിനുശേഷം മറ്റു രാജ്യങ്ങളാണ്.

**അല്ലാഹുവിന്റെ കലാം**

***“അല്ലയോ ജനങ്ങളേ! നിങ്ങളേയും നിങ്ങൾക്കു മുമ്പേയുള്ളവരേയും സൃഷ്ടിച്ച നിങ്ങളുടെ നാഥനെ നിങ്ങൾ ആരാധിക്കുവിൻ; നിങ്ങൾ രക്ഷപ്പെടുന്നതിനുവേണ്ടി.’(2:22)***

**ത്വാലിബെ ദുആ**
**M.P.Haneef Ahmad**
**Ahmadiyya Jama-ath Koodali, Kerala.**

**കലാമുൽ ഇമാം:–**

**‘ഈ ലോകത്ത് ദൈവത്തെ കാണാൻ ഭാഗ്യം സിദ്ധിച്ചിട്ടില്ലാത്തവൻ അന്ത്യനാളിലും അന്ധകാരത്തിലായിരിക്കും. അല്ലാഹു പറയുന്നു: ‘ഈ ലോകത്ത് കുരുടനായവൻ പരലോകത്തും കുരുടനായിരിക്കും.’ (കിതാബുൽ ബരിയ്യ പേജ് 47)**

**ത്വാലിബെ ദുആ:**
**C. Shameem Ahmad**
**Ahmadiyya Jama-ath Calicut, Kerala.**

ആഫ്രിക്കൻ രാജ്യങ്ങളിൽ മൊത്തത്തിലുള്ള വസൂലിയുടെ അടിസ്ഥാനത്തിൽ എടുത്ത പറയേണ്ടുന്നവയിൽ ആദ്യസ്ഥാനത്ത് ഘാനയാണ്. പിന്നീട് നൈജീരിയ, ബുർക്കിനാ ഫാസോ (Burkina Faso), ടാൻസനിയാ(Tanzania), ഗാംബിയാ(Gambia), ബെനിൻ (Benin)

കഴിഞ്ഞ കുറെ വർഷങ്ങളായി കൂടുതൽ ആളുകളെ ചേർക്കാൻ പറഞ്ഞുവരുന്നുണ്ട്. പങ്കെടുക്കുന്നവരുടെ എണ്ണം വർധിപ്പിക്കാൻ ഞാൻ പറഞ്ഞിരുന്നു. ഈ ഉദ്ദേശ്യത്തോടെ പണത്തെക്കാളുപരി അംഗസംഖ്യ വർധിപ്പിക്കാനാണ് ടാർ ഗറ്റ് നല്കിയിരുന്നത്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇപ്പോൾവരെ പങ്കെടുത്തവരുടെ എണ്ണം 18 ലക്ഷത്തി ഇരുപത്തിയേഴായിരത്തിനു മുകളിലാണ്. ഒരു ലക്ഷത്തി പന്ത്രണ്ടായിരം പേർ ഈ വർഷം പുതുതായി ചേർന്നു. ചേർന്നവരിൽ കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് വർധന ഉണ്ടാക്കിയ ആഫ്രിക്കൻ ജാമഅത്തുകൾ ഇവയാണ്. നൈജർ(Niger), സിയറ ലിയോൺ (Sierra Leone),നൈജീരിയ(Nigeria), കാമറൂൺ(Cameroon),ബെനിൻ (Benin), സെനഗൽ(Senegal),ഗിനി-ബിസോ(Guinea-Bissau), ഐവറികോസ്റ്റ്(Ivory Coast), ടാൻസനിയാ(Tanzania), ഗിനികൊണാക്രി(Guinea Conakry), എന്നിവയാണ്. വലിയ ജമാഅത്തികളിൽ ബംഗ്ലാദേശ്, കനഡ, മലേഷ്യാ, ഭാരത്, ഇന്തൊനേഷ്യാ, ജർമനി, ബ്രിട്ടൺ, അമേരിക്ക, ഓസ്ത്രേലിയ.

ദഫ്ത്തർ അവ്വലിന്റെ രജിസ്റ്റർ, കേന്ദ്ര കണക്കുപ്രകാരം 5927 ആകുന്നു. 36 പേർ അല്ലാഹുവിന്റെ അനുഗ്രഹംകൊണ്ട് ഇപ്പോഴും ജീവിച്ചിരിക്കുന്നു. അവർ തങ്ങളുടെ ചന്ദ നേരിട്ട് നല്കുന്നു. മറ്റുള്ളവരുടെ ചന്ദകൾ അവരുടെ അനന്തരാവകാശികളാണ് നല്കുന്നത്.

ജർമനി ഒന്നാം സ്ഥനത്താണ്. അവരുടെ ആദ്യസ്ഥാനത്തുള്ള പത്തു ജമാഅത്തുകൾ: ഒന്ന് റോഡർമാർക്ക്(Roedermark), നോയിസ് (Neus), പിന്നെബർഗ് (Pinneberg), മഹ്ദിയാബാദ് (Mehdi-Abad), നീദാ(Nieda), ഓസ്നാബർക്ക് (Osnabruck), കീൽ(Kiel), ഫ്ളവേഴ്സ് ഹൈം (Floersheim), weingarten (വിംഗാർട്ടൻ), കോളോൻ (Koeln) എന്നിവ ഉൾപ്പെടുന്നു.

അവരിൽ ആദ്യത്തെ പത്ത് ലോക്കൽ ജമാഅത്തുകളിൽ ഹംബർഗാണ് ഒന്നാം സ്ഥാനത്ത്. ഫ്രങ്ക്ഫർട്ട്, ഗ്രോസ് ജിറോ, മോർഫൽഡൻ, ഡിസ്റ്റൻ ബാഖ്, വേസ്ബാദൻ, റീഡ്സ്റ്റട്ട്, ഡാംസ്റ്റഡ്, മാൻഹൈം, റെസ്സൽസ് ഹൈം.

പാക്കിസ്താനിൽ തഹ്‌രീക്കെ ജദീദിന്റെ ത്യാഗത്തിൽ വസൂലിയുടെ അടിസ്ഥാനത്തിൽ ഒന്നാമതുള്ളത് ലാഹോറാണ്. രണ്ട് റബ്‌വ, മൂന്ന് കറാച്ചി. ജില്ലാ അടിസ്ഥനത്തിൽ 10 ജില്ലകൾ: ഒന്ന് ഇസ്‌ലാമാബാദ്, രണ്ട് സിയാൽക്കോട്ട്, മൂന്ന് ഫയ്സലാബാദ്, ഗോജറൻവാല, ഉമർകോട്ട്, ഹയ്ദ്രാബാദ്, മീർപൂർ ഖാസ്, ഖുസ്വൂർ, ടോബ ടെക് സിംഗ്, മീർപൂർ ആസാദ് കശ്മീർ. വസൂലിയുടെ അടിസ്ഥാനത്തിൽ കൂടുതൽ ത്യാഗം ചെയ്ത പാക്കിസ്താനിലെ നഗരജമാഅത്തുകളിൽ ഇമാറത്ത് ഡിഫൻസ് ലാഹോർ, ഇമാറത്ത് ടൗൺഷിപ്പ് ലാഹോർ, ഇമാറത്ത് കാന്റ് റാവൽപിണ്ടി, ഇമാറത്ത് ശഹ്ർ റാവൽപിണ്ടി, പിന്നീട് മുൽത്വാൻ, പിന്നീട് ഇമാറത്ത് അസീസാബാദ് കറാച്ചി,ഇമാറത്ത് ദഹ് ലി ഗേയ്റ്റ് ലാഹോർ, പിന്നീട് കോയിട്ട, പിന്നീട് പെശാവർ, പിന്നെ ബഹാവൽ നഗർ.

പാക്കിസ്താനിലെ ചെറിയ ജമാഅത്തുകളിൽ അഞ്ചെണ്ണം ഇവയാണ്: വാഹ് കാന്റ്, സ്വബുൻ ദസ്തി, ഘോഘർ ഗറബി, ചക് നൗപനിയാർ, ചോണ്ട.

ബ്രിട്ടണിലെ ആദ്യത്തെ അഞ്ചു റീജ്യൺ: ബയ്ത്തുൽ ഫുത്തൂഹ് റീജ്യൺ, മസ്ജിദ് ഫള്ൽ റീജ്യൺ, മിഡ്ലാന്റ്സ് റീജ്യൺ, ബയ്ത്തുൽ ഇഹ്സാൻ റീജ്യൺ, ഇസ്‌ലാമാബാദ് റീജ്യൺ. മൊത്തത്തിലുള്ള അടവിന്റെ അടിസ്ഥാനത്തിൽ ബ്രട്ടണിലെ 10 വലിയ ജമാഅത്തുകൾ:മസ്ജിദ് ഫള്ൽ ഒന്ന്, വോസ്റ്റർ പാർക്ക്, ഇസ്‌ലാമാബാദ്, ഓൾഡർഷാട്ട്, പുട്ട്നി, ന്യു മോൾഡൻ, ഝലിംഗ്ഹം, പ്രഫിംഗ്ഹം വെസ്റ്റ്, ഗ്ലാസ്ഗോ, സകൻഥാറിപ്പ്. ചെറിയ ജമാഅത്തുകൾ: സവാൻസി ഒന്ന്, സ്പേയിൻവാലി, കേഥ്‌ലെ, നോർത്ത് വെൽസ്, നോർത്ത് ഹെംപ്ടൺ.

അമേരിക്കയിലെ ജമാഅത്തുകൾ: വസൂലിയുടെ അടിസ്ഥാനത്തിൽ ഒന്നാം സ്ഥാനത്ത് സിൽവർ സ്പ്രിംഗ്സ്, ലോസ് ഏഞ്ചൽസ്, സെലിക്കോൺ വാലി, സിയാട്ടൽ, സെൻട്രൽ വെർജീനിയ, ഡട്രായറ്റ്, ചിക്കാഗോ, ഓശ്കോശ്, ഹ്യൂസ്റ്റൺ, ജോർദിയാ, സൗത്ത് വെർജീന.

വസൂലിയുടെ അടിസ്ഥാനത്തിൽ കനഡയുടെ ലോക്കൽ ഇമാറത്തുകൾ: വാൺ, കൽക്കരി, പീസ് വില്ലേജ്, വെങ്കൂർ, മിസ്സസ് സാഗാ, സ്കാട്ടോൺ. ചെറിയ ജമാഅത്തുകൾ: അഡ്മിന്റൻ വെസ്റ്റ്, ദർഹം, ബ്രഡ്ഫോർഡ്, ഹെമിൽടൺ, ഒട്ടോവാ വെസ്റ്റ്.

ത്യാഗങ്ങളുടെ അടിസ്ഥാനത്തിലുള്ള ഇന്ത്യയിലെ പത്ത് ജമാഅത്തുകൾ, ഒന്ന് കരുളായി, പിന്നെ ഖാദിയാൻ, പത്തപ്പിരിയം, ഹൈദരാബാദ്, കോയമ്പത്തൂർ, പഴയങ്ങാടി, ബാംഗ്ലൂർ, കോഴിക്കോട്, കൊൽക്കത്ത, യാദ്ഗീർ.

ആദ്യ പത്ത് സംസ്ഥാനങ്ങൾ, ഒന്ന് കേരളം, പിന്നെ കർണാടക, തമിഴ്നാട്, തെലുങ്കാന, ജമ്മുകാശ്മീർ, ഒഡീഷ, പഞ്ചാബ്, ദില്ലി, ഉത്തർപ്രദേശ്. കശ്മീരിലെ അവസ്ഥ രാഷ്ട്രീയപരവും സമ്പത്തികപരമായും വളരെ മോശമായിരുന്നു എന്നിട്ടും ജമാഅത്ത് വലിയ ത്യാഗമാണ് സമർപ്പിച്ചത്.

മൊത്തത്തിലുള്ള വസൂലിയുടെ അടിസ്ഥാനത്തിൽ ഓസ്ട്രേലായിലെ പത്തു ജമാഅത്തുകൾ: കാസിൽഹിൽ, മൽബറൻ ബേർവിക്, മൽബറൻ ലോംഗ് വാരിൻ, എ സി റ്റി കേബ്റ, മാർസിഡൻ പാർക്ക്, എഡിലോഇഡ് സൗത്ത്, പെയ്ൻ റിഥ്, മൗണ്ട് ഡ്രോയിറ്റ്, പീറാമാട്ടാ, എഡിലോഇഡ് വെസ്റ്റ്.

അല്ലാഹു ത്യാഗം വരിച്ച എല്ലാവരുടേയും ധനത്തിലും ആരോഗ്യത്തിലും അളവറ്റ അനുഗ്രഹങ്ങൾ നിറക്കുമാറാകട്ടെ

AL ISLAM
Al Islam - Official website of Ahmadiyya Muslim Community

(പേജ് 1ൽനിന്ന്)

ൾ ഉണ്ടാകുന്നുവെന്നാൽ, അത് അതിനുള്ളിൽ ദൈവത്വത്തിന്റെ പ്രത്യേകതകൾ ഉൾക്കൊള്ളുന്നതായിരിക്കും. അവൻ എങ്ങനെയുള്ള കാര്യങ്ങളാണ് പറയുന്നതെന്നാൽ, പറയുന്നതുപോലെ ആയിത്തീരുകയും ചെയ്യുന്നു. വിശുദ്ധ ഖുർആനിൽ നബി(സ)തിരുമേനിയുടെ കൈയിൽനിന്നും നാവിൽനിന്നും അത്തരം കാര്യങ്ങൾ നിലവിൽ വന്നിട്ടുള്ളതായി വ്യക്തമായും ചർച്ചയുണ്ട്. *മാ റമയ്ത്ത ഇദ് റമയ്ത്ത വലാക്കിന്നല്ലാഹ റമാ*((8:18)–നീ എറിഞ്ഞപ്പോൾ നീ അല്ല എറിഞ്ഞത്, പ്രത്യുത അല്ലാഹുവാണ് എറിഞ്ഞത്– എന്നു പറഞ്ഞതുപോലെ! അത്തരത്തിലുള്ള മുഅ്ജിസത്ത് അഥവാ ദിവ്യാത്ഭുതമാണ് ശഖ്ഖുൽഖമർ (ചന്ദ്രൻപിളർന്ന് സംഭവം). ഇപ്രകാരംതന്നെ ഒരുപാട് രോഗികളേയും അങ്ങേയറ്റം ദീനാവസ്ഥയിലുള്ളവരേയും സുഖപ്പടുത്തിയതും സ്ഥാപിതമാണ്. വിശുദ്ധഖുർആനിൽ നമ്മുടെനബി(സ)തിരുമേനിയെക്കുറിച്ച് ഇങ്ങനെ നിർദേശമുണ്ട്. *മാ യൻത്വിഖു അനിൽഹവാ* (53:4)–അദ്ദേഹം സ്വേച്ഛ അനുസരിച്ച് സംസാരിക്കുന്നില്ല– ഇത് ശക്തവും ഏറ്റവും ഉന്നതവുമായ സാമീപ്യത്തിലേക്കാണ് വിരൽചൂണ്ടുന്നത്. നബി(സ)തിരുമേനിയുടെ തികവാർന്ന മനഃശുദ്ധിയ്ക്കും ദൈവസാമീപ്യത്തിനുമുള്ള ഒരു തെളിവുമാണ്.

ഹദീഥ് ശരീഫിൽ വന്നിട്ടുണ്ട്; അല്ലാഹു സത്യവിശ്വാസിയായ ദാസന്റെ കൈയും കാലും കണ്ണുമൊക്കെയായി മാറുമെന്ന്. ഇതിന്റെ ഉദ്ദേശ്യം എല്ലാ അവയവങ്ങളും അനുസരണത്തിന്റെ വർണത്തിൽ എങ്ങനെ വർണമുള്ളതാകുന്നുവെന്നാൽ അവനൊരു ദൈവപരമായ ആയുധമാകുന്നു. അവ മുഖേന സന്ദർഭോചിതം ദൈവകർമങ്ങൾ പ്രകടമാകുന്നു. ഇതൊരു തെളിമയാർന്ന സ്ഫടികമാണ്. അതിൽ എല്ലാ ദൈവേഷ്ടങ്ങളും പൂർണ തെളിമയോടെ പ്രതിച്ഛായാപരമായ നിലയിൽ വെളിപ്പെട്ടുകൊണ്ടിരിക്കുന്നു. അല്ലെങ്കിൽ ആ അവസ്ഥയിൽ അവൻ തന്റെ മനുഷ്യത്വത്തിൽനിന്ന് സമ്പൂർണമായും ഒഴിഞ്ഞുപോകുന്നുവെന്ന് പറയാം. മനുഷ്യൻ സംസാരിക്കുമ്പോൾ അവന്റെ മനസ്സിൽ ആളുകൾ തന്റെ വാഗ്‌വിലാസത്തേയും സൽവിവരണത്തേയും ശക്തമായ സംസാരത്തേയും പുകഴ്ത്തണമെന്നാഗ്രഹിക്കുന്നതുപോലെ. എന്നാൽ, അല്ലാഹു വിളിച്ചിട്ടുള്ളവർ സംസാരിക്കുമ്പോൾ, അവരുടെ ആത്മാവ് അലയടിച്ചുയരുമ്പോൾ അല്ലാഹുവിൽനിന്ന് ഒരു തിര അവനിൽ സ്വാധീനം ചെലുത്തി തിരമാലകളുണ്ടാകുന്നു. തന്റെ ശബ്ദംകൊണ്ടോ വാക്കുകൾകൊണ്ടോ അവൻ സംസാരിക്കുകയില്ല; പ്രത്യുത ദൈവത്തിന്റെ അവസ്ഥയും പറച്ചിലും ആവേശത്തിലും ആയിരിക്കും. അപ്രകാരംതന്നെ അവൻ നോക്കുമ്പോൾ–നോക്കുമ്പോൾ ചിന്തയും അതിനോടൊപ്പമുണ്ടാകും എന്നത് തത്ത്വമാണെന്നതുപോലെ– അവന്റെ ദർശനവും കൈകടത്തലും കൊണ്ടല്ല പ്രത്യുത അല്ലാഹുവിന്റെ പ്രകാശത്താലാണ്. മറ്റുള്ള ചിന്താപൂരിതമായ ദൃഷ്ടിയ്ക്കും കാണാൻ കഴിയാത്ത കാര്യങ്ങളായിരിക്കും അവൻ അവർക്ക് കാണിച്ചുകൊടുക്കുന്നത്. (മൽഫൂദാത്ത്, വാല്യം 1 പേജ് 100–103, 2018 ഖാദിയാൻ)

◆

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:–**

'ഖലീഫ ജമാഅത്തിന്റെ പരിഷ്ക്കരണത്തിന് എന്തെങ്കിലും പറഞ്ഞാൽ അതേറ്റെടുക്കുകയും ജമാഅത്തംഗങ്ങളുടെ മുമ്പിൽ അത് ആവർത്തിക്കുകയും ചെയ്യുക. മന്ദബുദ്ധിയിൽ മന്ദബുദ്ധിയായവനുപോലും അതു മനസ്സിലാകാനും ദീനിൽ ശരിയായ നിലയിൽ നടക്കാനുള്ള വഴിപ്രാപിക്കാനും അതാവർത്തിക്കുക. ആവർത്തിക്കുക, ആവർത്തിക്കുക!'
(ഖുത്വ്ബാത്തെ മഹ്മൂദ് വാല്യം 18 പേജ് 214 – 215)
(ഖുത്വ്ബ ജുമുഅ 29 – 5 – 2015)

**ത്വാലിബെ ദുആ:**
**Ahmadiyya Muslim Jama'at Palluruthy, Ernakulam dist:**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:–**

നമ്മുടെ ആരാധനകളുടെ പുരോഗതിതന്നെ നമുക്ക് വിജയങ്ങൾ പ്രദാനം ചെയ്യുന്നതാണ്. അതുകൊണ്ടുതന്നെ ഇത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ജമാഅത്ത് മുഴുവൻ ഇതു സംബന്ധമായി വളരെ തീവ്രമായ ശ്രദ്ധ ചെലുത്തേണ്ട ആവശ്യമുണ്ട്. (ജുമുഅ ഖുത്വ്ബ 27 – 1 – 2017)

**ത്വാലിബെ ദുആ:**
**Abdul Hameed Koya Ameer Ahmadiyya Jama'ath Kannur Town, Kerala**

# സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലായുടെ അമേരിക്കൻ പര്യടനം

വിവർത്തനം:അമീൻ മുഹമ്മദ് മാത്ര

**2018 ഒക്ടോബർ 22, തിങ്കളാഴ്ച:**

(തുടർച്ച....) ഗ്വാട്ടിമാലയിലെ മാർതിസ ടിയൂൾ (Martiza Tiul) പറയുന്നു: ഹുദൂറിനോട് ഇത്ര അടുത്തിരിക്കാൻ മുമ്പേയൊരിക്കലും എനിക്ക് അവസരം കിട്ടിയിട്ടില്ല. മുമ്പേ ചിത്രങ്ങളിലൂടെയേ കണ്ടിരുന്നുള്ളൂ. കാലത്തിന്റെ ഇമാമിനെ ആദ്യമായി ദർശിക്കാൻ സാധിച്ചു. അല്ലാഹുവിനോട് വളരെ നന്ദിയുണ്ട്. ഹുദൂറുമായി സംസാരിക്കാൻ സാധിച്ചത് എന്റെ ജീവിതത്തലെ ഏറ്റവും ശ്രേഷ്ഠമായ അവസരമാണ്.

ഗോട്ടിമാലയിൽനിന്ന് വന്ന മിഗ്വേൽ പാൻസോസ് (Miguel Panzos) പറയുന്നു: 'ജീവിതത്തിലാദ്യമായി കാലത്തിന്റെ ഖലീഫയെ കാണാൻ കഴിഞ്ഞത് നമ്മുടെ ജീവിതത്തിലെ ഉത്തമമായ അവസരമാണ്. ഹോസ്പിറ്റലിന്റെ സ്ഥാപനം നമുക്ക് ഒരനുഗ്രഹത്തേക്കാൾ ഒട്ടും കുറവല്ല. മുമ്പേയൊരു മതവും മനുഷ്യത്വത്തിനു വേണ്ടി ഇവ്വിധം ചിന്തിച്ചിട്ടില്ല. കാലത്തിന്റെ ഖലീഫയെ നമ്മുടെ ഇടയിൽ കാണുന്നതിൽ വളരെ സന്തോഷമുണ്ട്. നമ്മുടെ ഇടയിൽ വിവിധ രാജ്യങ്ങളിൽ നിന്നുള്ള അഹ്മദികളെ കാണാൻ കഴിഞ്ഞതിലും വളരെ സന്തോഷമുണ്ട്. കാലത്തിന്റെ ഖലീഫ കാരണത്താൽ നമ്മുടെ ഇടയിൽ ഒരാത്മീയ മാറ്റം സംജാതമായി.

ആലിയ തുറയ്ദ(AliyaTuraida) സാഹിബ പറയുന്നു: 'കാലത്തിന്റെ ഖലീഫയെ കൺമുന്നിൽ കണ്ടപ്പോൾ എനിക്ക് സന്തോഷവും അഭിമാനവും തോന്നി. ഞാൻ അഹ്മദിയാണെന്നതിൽ എനിക്ക് അഭിമാനം തോന്നുന്നു. അതു കാരണത്താൽ ഇസ്‌ലാമിന്റെ ഉത്തമമായ അധ്യാപനം ജനങ്ങൾവരെ എത്തിക്കാൻ ശ്രമങ്ങൾ നടത്തും.'

ക്ലൗഡിയ (Claudia) സാഹിബ തന്റെ അനുഭവം വിവരിക്കുന്നു: ഞാൻ വളരെ സന്തോഷവതിയാണ്. ഖലീഫത്തുൽ മസീഹിനെ സ്വന്തം രാജ്യത്തിൽ കണ്ടതിൽ ഞാൻ വളരെ ഭാഗ്യവതിയാണ്. ഈ കൂടിക്കാഴ്ച എനിക്കും എന്റെ വീട്ടുകാർക്കും അനുഗൃഹീതമായിരിക്കാൻ ഞാൻ അല്ലാഹുവിനോട് ദുആ ചെയ്യുന്നു. എന്റെ വികാരങ്ങൾ പ്രകടിപ്പിക്കാൻ എനിക്ക് വാക്കുകളില്ല. സമൂഹ കൂടിക്കാഴ്ചയിൽ ഞാൻ ഹുദൂറുമൊത്തിരിക്കുമ്പോൾ എനിക്ക് ഹുദൂറിനോട് ധാരാളം കാര്യങ്ങൾ സംസാരിക്കണമെന്ന് മനസ്സിൽ തോന്നിയിരുന്നു. എന്നാൽ, എന്റെ വികാരങ്ങൾ അവകൾക്ക് മേലെയായി. എനിക്ക് ഒന്നും പറയാൻ കഴിഞ്ഞില്ല. ഹുദൂർ എനിക്ക് വേണ്ടിയും എന്റെ കുടുംബത്തിനുവേണ്ടിയും ദുആ ചെയ്യണമെന്നതാണ് എന്റെ അപേക്ഷ. എന്റെ വിവാഹം കഴിഞ്ഞ് പത്തു വർഷമായി. എനിക്ക് കുട്ടികളില്ല. അല്ലാഹു എനിക്ക് സന്താനങ്ങൾ നല്കി അനുഗ്രഹിക്കട്ടെ.

മെക്സിക്കോയിലെ ചിയാപാസ്(Chiapas) ജമാഅത്തിലെ ഖദീജ കോംസ് സാഹിബ പറയുന്നു: ഖലീഫത്തുൽ മസീഹിനെ കാണാൻ അവസരം ലഭിച്ചതിൽ ഞാൻ അല്ലാഹുവിനെ സ്തുതിക്കുന്നു. നമ്മുടെ ചോദ്യങ്ങൾക്ക് മറുപടി ലഭിച്ചതിലും. എന്റെ സ്നേഹം ഇസ്‌ലാമിന്റെ ഭാഗത്തേക്ക് വർധിച്ചിരിക്കുന്നു. ബയ്അത്ത് ചെയ്തതു മുഖേന എന്റെ വിശ്വാസം പുതിയ രൂപത്തിൽ ജീവസ്സുറ്റതായി. എന്റേയും ചിയാപ്സ് ജമാഅത്തിലെ എല്ലാ അംഗങ്ങളുടേയും വിശ്വാസത്തിലും ആത്മീയജ്ഞാനത്തിലും വർധന ലഭിക്കാൻ വേണ്ടി ഹുദൂറിനോട് ഞാൻ ദുആക്കപേക്ഷിക്കുന്നു.

സുറയ്യാ ഗോമസ് സാഹിബ പറയുന്നു: 'എനിക്ക് ഖലീഫത്തുൽ മസീഹിനെ ഈ അവസരത്തിൽ കാണാൻ സാധിച്ചതിൽ ഞാൻ അല്ലാഹുവിനെ സ്തുതിക്കുന്നു. മുമ്പേ ഞാൻ ഹുദൂറിന്റെ പ്രഭാഷണങ്ങൾ ശ്രവിച്ചിരുന്നു. ഹുദൂറിനെ കണ്ട കാര്യം എങ്ങനെ വിവരിക്കണമെന്നത് എനിക്ക് മനസ്സിലാകുന്നില്ല. എന്റെ ഹൃദയത്തിന്റെ ഉള്ളിൽനിന്ന് നിർഗളിക്കുന്ന വികാരങ്ങളാണിത്. ഞാൻ സമൂഹ കൂടിക്കാഴ്ചയിൽ സന്നിഹിതയായിരുന്നു. ഹുദൂറുമൊത്തുള്ള കൂടിക്കാഴ്ച എനിക്ക് വലിയൊരു പാഠം നല്കി. അത് ഞാൻ എന്റെ കൂടെ കൊണ്ടു പോകുന്നതാണ്.

യാസ്മിൻ ഗോമസ് സാഹിബ പറയുന്നു: കുടിക്കാഴ്ചയിൽ സന്നിഹിതയാകുക എന്നത് വളരെ സുന്ദരമായൊരു ഓർമയാണ്. കാരണം എനിക്ക് ഹുദൂറിനെ നേരിട്ട് കാണാൻ ലഭിച്ച പ്രഥമ അവസരമായിരുന്നു ഇത്. സന്തോഷത്താൽ കണ്ണിൽനിന്ന് കണ്ണീർ വരുത്തിയ വികാരമായിരുന്നു എന്റേത്. ഹുദൂർ വിവരിച്ച എല്ലാം എന്റെ ജീവിതത്തിൽ ഉയർച്ച കൊണ്ടുവരാൻ അവസരം ഒരുക്കുന്നതാണ്.

മെക്സിക്കോയിലെഒരു പുതിയ അഹ്മദി ജീസസ് വല്ലേജോ സെഗൂറ (Jesus Vallejo Segura) സാഹിബ് പറയുന്നു: 'ജമാഅത്തിനെ പരിചയപ്പെടലും ജമാഅത്തുമായി ബന്ധം ഉണ്ടാക്കലും ഒരു വളരെ വലിയ സൗഭാഗ്യമാണ്. ഉന്നതനായ അല്ലാഹു എന്റെ ദുആ കേട്ടു എന്നത് എനിക്കു ലഭിച്ച സൗഭാഗ്യമാണ്. ഞാൻ ഇരുട്ടിലായിരുന്നു. ഉന്നതനായ അല്ലാഹു സ്വയം എന്നേയും എന്റെ കുടുംബത്തേയും പ്രകാശത്തിലേക്ക് കൊണ്ടു വന്നു. എനിക്ക് ജീവിതത്തിൽ മാറ്റം വരുത്താൻ അവസരം ലഭിച്ചു. ഹുദൂറിന്റെ ഗ്വാട്ടിമാല പര്യടനത്തിന് വളരെ നന്ദിയുണ്ട്. ആരാധനയെ കുറിച്ചുള്ള എന്റെ ചോദ്യത്തിന് ഹുദൂർ എനിക്ക് സംതൃപ്തജനകമായ മറുപടിയും നല്കി.

ഇമാം ഇബ്രാഹീം സാഹിബിന്റെ മകൾ ലായില ലത്വീഫ് തന്റെ വികാരം ഇങ്ങനെ പ്രകടിപ്പിച്ചു: എന്റെ ബന്ധം ചിയാപാസ്(Chiapas) ജമാത്തുമായിട്ടാണ്. കാലത്തിന്റെ ഖലീഫയുമായി കൂടിക്കാഴച നടത്താൻ സാധിച്ചതിൽ എനിക്ക് അതിരറ്റ സന്തോഷമുണ്ട്. മുമ്പേ ഹുദൂറിനെ ഫോട്ടോയിലൂടെയും ടീവിയിലൂടെയുമാണ് കണ്ടിരുന്നത്. ഹുദൂറുമായി കൂടിക്കാഴ്ച നടത്താനുള്ള അവസരം നമുക്ക് നല്കിയ അല്ലാഹു നമ്മുടെ മേൽ വളരെ വലിയ കാരുണ്യമാണ് കാണിച്ചത്. ഹുദൂറുമായി കൂടിക്കാഴ്ചക്കു ശേഷം എനിക്ക് വിവരണാതീതമായ സന്തോഷം അനുഭവപ്പെട്ടു.അല്ലാഹു നമ്മെ യഥാർഥ അഹ്മദികളിൽ ഉൾപ്പെടുത്താൻ ഹുദൂർ ദുആ ചെയ്യണമെന്ന ഒരപേക്ഷയേ എനിക്കുള്ളൂ.'

പാനമ രാജ്യത്തു നിന്നു ഹീലിഡോറോ അൽമാൻസോ (Helidoro Almanzo) സാഹിബ് തന്റെ സഹധർമിണി, മകൾ എന്നിവരോടൊപ്പമാണ് ഹുദൂറിനെ കാണാനെത്തിയത്. അദ്ദേഹം തന്റെ അനുഭവങ്ങൾ പറയുന്നു: ഹുദൂറുമായുള്ള കൂടിക്കാഴ്ച എന്റെ ജീവിതത്തിലെ സന്തോഷങ്ങൾ നിറഞ്ഞ സുദിനമായിരുന്നു. വാക്കുകളിൽ അത് വിവരിക്കാൻ ഞാൻ അശക്തനാണ്. ഹുദൂറിന്റെ പ്രകാശിത മുഖം ദർശിച്ചപ്പോൾ ഒരു വിസ്മയകരമായ ആത്മീയ ആകർഷണം എന്റെയുള്ളിലുണ്ടായതായി എനിക്ക് തോന്നി. എന്റെ ഹൃദയം ഹുദൂറിനോടുള്ള പ്രേമത്താൽ നിറഞ്ഞു കവിഞ്ഞു. ഈ പരിശുദ്ധ വ്യക്തിത്വത്തിന്റെ സവിധത്തിൽ ഇരിക്കാനും ഹസ്തദാനം ചെയ്യാനും എനിക്ക് ഭാഗ്യം ലഭിക്കുമെന്ന് ഞാനെരിക്കലും ചിന്തിച്ചിട്ടില്ലായിരുന്നു. ഈ വിനീതൻ ഹുദൂറിന് നന്ദി രേഖപ്പെടുത്തുന്നു. ഈ വിനീതന് അഞ്ചു വർഷമായി കഠിനമായ നിലയിൽ രോഗമായിരുന്നു.. ഹുദൂറിന്റെ ദുആയുടെ ഫലമായി ഉന്നതനായ അല്ലാഹു അനുഗ്രഹിച്ചു. എനിക്ക് പൂർണാരോഗ്യം നല്കി. എന്റെയുള്ളിൽ ഇട്ടു തന്ന ഹുദൂറിന്റെ സ്നേഹവും ആത്മീയാകർഷണവും കാരണത്താൽ ഞാൻ അല്ലാഹുവിന് വളരെ നന്ദി പറയുന്നു.

കോസ്റ്ററിക്കാ രാജ്യത്തുനിന്ന് ഹുദൂറിനെ കാണാൻ വന്ന ഹൈദർ റാഇറോ സാഹിബ് പറയുന്നു: ദൈവത്തിന്റെ ഖലീഫയെ ഗ്വാട്ടി മാലയിൽ കണ്ടപ്പോൾ അതിരില്ലാത്ത സന്തോഷവും ശാന്തിയും ഉണ്ടായി. ഹൃദയത്തിന് ശാന്തിയും സമാധാനവും പ്രാപ്തമായി. ഇസ്‌ലാമിനെ വ്യാപിപ്പിക്കാനുള്ള ഹുദൂറിന്റെ മോഹം ദർശിച്ചുകൊണ്ട് ഞാനും ഇസ്‌ലാമിന്റെ സന്ദേശം വലിയൊരളവിൽ പ്രചരിപ്പിക്കാൻ ശ്രമിക്കുമെന്ന് പ്രതിജ്ഞ ചെയ്തു. ഇപ്രകാരം ഇസ്‌ലാമിന്റെ സമാധാന നിർഭരമായ അധ്യാപനങ്ങളെ കുറിച്ച് ലോകം സാക്ഷിയാകട്ടെ. ഇസ്‌ലാമിനെ സ്വീകരിക്കുന്നവരാകട്ടെ. നിസ്സംശയം പ്രശോഭിതനായ ഹുദൂർ സമാധാനത്തിന്റെ ദൂതനാണ്. മനുഷ്യത്വത്തിന്റെ സേവനത്തിനുവേണ്ടി നാസിർ ഹോസ്പിറ്റൽ സ്ഥാപിതമായതിൽ ഞങ്ങൾ അല്ലാഹുവിനെ സ്തുതിക്കുന്നു.

ബെലീസ് രാജ്യത്തുനിന്ന് നീണ്ട 16 മണിക്കൂർ യാത്ര ചെയ്ത് ഒരു സംഘം വന്നിരുന്നു. അവരിൽപ്പെട്ട ഒരു ലജ്നാ അംഗം ഗോൾഡാ മാർട്ടിന സാഹിബ തന്റെ അനുഭവങ്ങൾ വിവരിക്കുന്നു:

"എനിക്കും എന്റെ കുടുംബത്തിനും ഇതൊരു ഹൃദയാത്മനാ അനുഗൃഹീത അവസരമായിരുന്നു. ഞാൻ വളരെ വികാരാധീനയായിരുന്നു. ഞാൻ ഹുദൂറിനോടു ബെലീസിന്റെ വിവിധ പ്രശ്നങ്ങളെ സംബന്ധിച്ച് പറയാൻ ആഗ്രഹിക്കുന്നു. നിശ്ചയമായും ഇത് വളരെ നല്ലൊരു യാത്രയായിരുന്നു. ഹുദൂറിനെ കണ്ടപ്പോൾ സന്തോഷമുണ്ടായി. ഉന്നതനായ അല്ലാഹു ഹുദൂറിനെ ശക്തിപ്പെടുത്തുകയും സഹായിക്കുകയും ചെയ്യട്ടെ. അപ്രകാരം ഹുദൂർ നേരായ മാർഗത്തിൽ നയിച്ചു കൊണ്ട് അല്ലാഹുവിലേക്ക് നമുക്ക് വഴി കാണിക്കട്ടെ. എന്നെന്നും ഈ കൂടിക്കാഴ്ച എന്റെ ഓർമയിലുണ്ടാകും. കാരണം എനിക്കും എന്റെ മക്കൾക്കും ഈ അനുഗ്രഹത്തിൽ നിന്ന് ഭാഗം ലഭിച്ചിരിക്കുന്നു.

മറ്റൊരു ലജനാംഗം ഖദീജ ഹസൻ സാഹിബ പറയുന്നു: 'ഹുദൂറുമായുള്ള കൂടിക്കാഴ്ചക്കു ശേഷം എനിക്ക് ആത്മീയതയിൽ വളരെ വർധനയുണ്ടായി. ഹുദൂറിനെ ടീ.വി.യിൽ ഇന്റർവ്യൂ നല്കുന്നതും രാഷ്ട്രീയക്കാരുമായി സംഭാഷണം നടത്തുന്നതായും വിവിധ രാജ്യങ്ങളിൽ നിന്നുള്ള ലജ്ന, ഖുദ്ദാം, വഖ്ഫ് ചെയ്തവർ എന്നിവർക്ക് ക്ലാസ് എടുക്കുന്നതായും ഞാൻ കണ്ടിട്ടുണ്ട്. ഞാൻ എന്നെ വളരെ ഭാഗ്യവതി എന്നു മനസ്സിലാക്കുന്നു. വ്യക്തിപരമായി ഹുദൂറിന്റെ വേദിയിൽ ഇരിക്കാനെനിക്കു സാധിച്ചു. ഇന്നെനിക്കൊരു ചോദ്യം ചോദിക്കാനും അവസരം കിട്ടി. ഞാൻ വളരെ ഭാഗ്യവതിയാണ്.

ലജ്ന മെമ്പറായ നിക്കോളെ അവിലേസ് (Nicole Avilez)സാഹിബ പറയുന്നു: എന്റെ ഈ യാത്ര വളരെ സന്തോഷദായകമായിരുന്നു.

ഇത് വളരെ വലിയ നല്ലൊരനുഭവമായിരുന്നു. ലോകത്താകമാനമുള്ള വ്യക്തികളെ കാണാൻ അവസരം ലഭിച്ചു. എല്ലാവരും സ്വന്തം കുടുംബക്കാരെ പോലെ എനിക്ക് സ്നേഹം നല്കി. നമ്മുടെ സംഘത്തിന്റെ എല്ലാ വ്യക്തികളോടൊപ്പം അവരെല്ലാവരും വളരെ ആദരവോടെ പെരുമാറി.എനിക്ക് പ്രത്യക്ഷമായൊരു സ്നേഹം ദർശിക്കാൻ കഴിഞ്ഞു. ഞാൻ ഹുദൂറിനെ കണ്ടപ്പോഴും എന്നോട് സംസാരിച്ചപ്പോഴും ഞാൻ വളരെയധികം നെർവസ് ആയിരുന്നു. ഹുദൂർ എന്നെ യു.കെ ജൽസയിലേക്ക് ക്ഷണിച്ചപ്പോൾ വളരെയധികം വികാരാധീനയായി. എന്റെ ശരീരം വിറക്കാൻ തുടങ്ങിയിരുന്നു. കാരണം യു.കെ ജൽസയിൽ പോയി ഹുദൂറുമായി കൂടിക്കാഴ്ച നടത്തണമെന്നത് എന്റെ ശക്തമായ ആഗ്രഹമായിരുന്നു. ഇപ്പോൾ ഇൻശാ അല്ലാഹ് എനിക്ക് യു.കെയിൽ പോകാൻ അവസരം കിട്ടും. അല്ലാഹു എന്റെ ഈ ആഗ്രഹം പൂർത്തിയാക്കി. ഈ അനുഗൃഹീത കൂടിക്കാഴ്ച എന്നും ഓർമയിലുണ്ടാകും.

ഒരു ലജ്ന അംഗം ഫോളോറന്റീന പെരെസ്(Florentina Perez) സാഹിബ പറയുന്നു: ഇങ്ങനെ ഒരു അവസരം ഒരിക്കലും കിട്ടില്ലെന്നാണ് എനിക്ക് തോന്നിയത്. ഈ ഓർമ എന്റെ മരണം വരെ നിലനിൽക്കും. ഹുദൂറിനോടൊപ്പം നമസ്കരിക്കുമ്പോൾ വളരെ ആനന്ദം തോന്നി. ഹൃദയത്തിന് സമാധാനം കിട്ടി. ഹുദൂർ റൂമിൽ പ്രവേശിച്ചപ്പോൾ ഇപ്പോൾ എല്ലാം ശരിയാകും എന്ന തോന്നൽ ഉളവാക്കിയിരുന്നു. എല്ലാ ബുദ്ധിമുട്ടുകളും നീങ്ങിപ്പോകും. കൂടിക്കാഴ്ചക്കിടയിൽ എന്തെങ്കിലും പറയുന്നതിന് എനിക്ക് അവസരം ലഭിച്ചിരുന്നില്ല. എന്നാൽ, എനിക്ക് അദ്ദേഹവുമായി സംസാരിക്കാൻ ഉതകുംവിധമുള്ള അവസരം ഭാവിയിലും ലഭിക്കുമെന്ന പ്രതീക്ഷ എനിക്കുണ്ട്.

ഒരു പെൺകുട്ടി ജൂലിയറ്റ് റൊബാ യിറ്റോ (Jullet Robateau) പറയുന്നു: ഹുദൂറിന്റെ നമസ്കാരങ്ങൾ നീണ്ടതും ആത്മീയതയാൽ നിർഭരവുമായിരുന്നു. നമ്മുടെ കൂടിക്കാഴ്ച ഹുദൂറുമായി ഉണ്ടായപ്പോൾ ഞാനും വളരെ ഭയന്നിരുന്നു. അദ്ദേഹത്തിന്റെ വ്യക്തിത്വം വളരെ സരളവും സ്നേഹത്താൽ നിറഞ്ഞതുമായിരുന്നു. അദ്ദേഹവുമായി ഞാൻ സംസാരിച്ചപ്പോൾ എന്റെ ഹൃദയം വളരെ ശക്തമായി ഇടിക്കാൻ തുടങ്ങിയിരുന്നു. കാരണം പിന്നീട് ലജ്ജിക്കേണ്ടി വരുന്ന വിധത്തിൽ എന്തെങ്കിലും പറഞ്ഞു പോകുമോ എന്ന് എനിക്ക് ഭയം ഉണ്ടായിരുന്നു. എന്നാൽ എല്ലാം നല്ലതു പോലെ നടന്നു.'

*ഹെ ദസ്തെ ഖിബ്‌ല നുമാ ലാ ഇലാഹ ഇല്ലല്ലാഹ്* എന്ന പദ്യം ഞങ്ങൾ നാസിറാത്തുകൾ ആലപിച്ചു. ഹുദൂറിന്ന് അത് വളരെ ഇഷ്ടമായി എന്ന് ഞങ്ങൾക്ക് തോന്നി. ഹുദൂറിന്റെ ഉപദേശങ്ങൾ വളരെ അഭിമാനാർഹമായിരുന്നു. കൂടിക്കാഴ്ച വളരെ അനുഗൃഹീതമായിരുന്നു.

ലജ്നയിലെ മറ്റൊരു അംഗം പാമേല പാസ്കാസിയോ(Pamela Pascasio) സാഹിബ പറയുന്നു: അവർ വ്യവസ്ഥാപിതമായി ബയ്അത്ത് ചെയ്തിട്ടില്ലെങ്കിലും സ്വന്തത്തെ അഹ്മദി എന്നാണ് മനസ്സിലാക്കുന്നത്.'

ഹുദൂറിന്റെ വരവിനുവേണ്ടി ഞങ്ങൾ പ്രതീക്ഷിച്ചു നില്ക്കുമ്പോൾ എനിക്ക് വിസ്മയം ഉണ്ടാക്കിയ ഒരു കാര്യം എല്ലാവരും എത്ര ശ്രദ്ധിക്കുന്നവരും അടുപ്പം കാണിക്കുന്നവരുമാണെന്നും കണ്ടതാണ്. നീണ്ടകാലമായി തനിക്ക് നഷ്ടപ്പെട്ട ഒരു സുഹൃത്തിനെ വളരെ കാലത്തിനു ശേഷം കണാൻ നില്ക്കുന്നതു പോലെ എനിക്ക് തോന്നിയിരുന്നു. ജനങ്ങൾ വളരെ വലിയ സഹായികളും അച്ചടക്കം പുലർത്തുന്നവരുമായിരുന്നു. അവരുടെ പ്രവർത്തനങ്ങളിൽ തന്റേത് എന്ന വികാരം പ്രകടമായിരുന്നു. ഞങ്ങൾക്ക് വളരെ ആദരവ് നല്കപ്പെട്ടു. വിവിധ രാജ്യങ്ങളിൽനിന്ന് വന്ന ലജ്നകളുടെ കാര്യങ്ങളും ബെലീസ് രാജ്യത്തെ കുറിച്ചും അവിടുത്തെ ജമാഅത്തിനെ കുറിച്ചും അറിയാനുള്ള എന്റെ താല്പര്യം എന്നെ വളരെ ആകാംക്ഷഭരിതയാക്കി. ഈ ലജ്നകളുമായി ഭാവിയിലും ചങ്ങാത്തവും ബന്ധവും നിലനിറുത്തണമെന്നാണ് എന്റെ ആഗ്രഹം. നമ്മുടെ ജമാഅത്തിനെ ശക്തിപ്പെടുത്താൻ അവരിൽ ചിലർ നല്കിയ നിർദേശങ്ങൾ വളരെ പ്രാധാന്യമുള്ളതായിരുന്നു. ഹുദൂറിന്റെ അനുഗൃഹീത വ്യക്തിത്വം നമുക്ക് കൂടിക്കാഴ്ച അനുവദിച്ചു. ഞങ്ങളെ ഹുദൂർ വെവ്വേറെ പരിചയപ്പെട്ടത് എന്നെ വളരെ സ്വാധീനിച്ചു. നമ്മുടെ ജമാഅത്തിന്റെ പരിഷ്കരണത്തിനുവേണ്ടി മാർഗനിർദേശങ്ങൾ നല്കി. വെവ്വേറെ ഫോട്ടോ എടുക്കാനും നമുക്ക് അവസരം നല്കി. ഒരിക്കൽ ബെലീസിലും വരാൻ ഹുദൂറിനെ അല്ലാഹു തുണക്കട്ടെ.

പരാഗ്വേ രാജ്യത്തിന്റെ ഡെപ്യൂട്ടി മിനിസ്റ്റർ ഫോർ എജ്യൂക്കേഷൻ ആൻഡ് റിലീജ്യസ് അഫയേഴസ് മിസ്റ്റർ റോബർട്ട് കാനോ (Robert Cano) തന്റെ അനുഭവം വിവരിക്കുന്നു: അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് ഗ്വാട്ടിമാലയിലെ അംഗങ്ങളെ കാണാൻ എനിക്കിവിടെ അവസരം ലഭിച്ചതിൽ എനിക്ക് വളരെ നന്ദിയുണ്ട്. നിങ്ങളുടെ സമാധാനത്തിന്റേയും സാഹോദര്യത്തിന്റേയും അധ്യാപനം സർവ്വ മനുഷ്യർക്കും പ്രയോജനകരമാണ്.'

പരാഗ്വേയിൽ നിന്ന് വന്ന ഒരു പത്ര പ്രവർത്തകൻ റിച്ചാർഡ് മൊറയ്റ (Richard Moreira) സാഹിബ് പറയുന്നു: പുതിയ നാസിർ ഹോസ്പിറ്റൽ ഗംഭീരമാണ്. ഗ്വാട്ടിമാലയിലെ ജനങ്ങളോടൊപ്പം ഐക്യപ്പെട്ടു കൊണ്ടാണ് ഈ രോഗശമനം നല്കുന്ന സ്ഥലം നിർമിച്ചിട്ടുള്ളത്. തന്റെ അയൽവാസിയോട് സ്നേഹത്തോടെ വർത്തിക്കുക. അവരുടെ സാമൂഹിക സ്ഥാനം, വീക്ഷണങ്ങൾ, വർണ്ണ വർഗ വ്യത്യാസം നോക്കാതെ സ്നേഹത്തോടെ വർത്തിക്കുക എന്നതാണ് അഹ്മദിയ്യാ ജമാഅത്തിന്റെ തത്ത്വജ്ഞാനത്തിന്റെ സംഗ്രഹം.

**2018 ഒക്ടോബർ 23 ചൊവ്വാഴ്ച:**

ഹുദൂർ രാവിലെ അഞ്ചു മണിക്ക് പോർട്ട ഹോട്ടലിലെ ഒരു ഹാളിലെത്തി ഫജ്ർ നമസ്കാരത്തിനു നേതൃത്വം നല്കി. ശേഷം ഹുദൂർ താമസിക്കുന്ന അപ്പാർട്ട്മെന്റിലേക്ക് മടങ്ങി. രാവിലെ ഹുദൂർ ഓഫീസ് സംബന്ധമായ കത്തുകൾ, ഇതര കത്തുകൾ, റിപ്പോർട്ടുകൾ പരിശോധിച്ചു.വിവിധ ഓഫീസ് കാര്യങ്ങളിൽ ഹുദൂർ മുഴുകി.

ഉച്ച കഴിഞ്ഞ് ഒരു മണിക്ക് ഹുദൂർ ഹോട്ടൽ ഹാളിലെത്തി ളുഹ്ർ അസ്ർ നമസ്കാരം ജംആക്കി നമസ്കരിപ്പിച്ചു. ഗ്വാട്ടിമാലയിൽ നിർമിതമായ അമേരിക്കയിലെ ഹ്യൂമാനിറ്റി ഫസ്റ്റ് നിർമിച്ച നാസിർ ഹോസ്പിറ്റലിന്റെ ഉൽഘാടന ദിവസമായിരുന്നു ഇന്ന്. പ്രോഗ്രാമനുസരിച്ച് 2.50–ന് ഹുദൂർ ഹോസ്പിറ്റലിലേക്ക് പുറപ്പെട്ടു. പോലീസ് ഹുദൂറിന് അകമ്പടി സേവിച്ചു. 3.20–ന് ഹുദൂർ ഹോസ്പിറ്റലിലെത്തി. ഹ്യൂമാനിറ്റി ഫസ്റ്റ് ചെയർമാനും മറ്റംഗങ്ങളും ഹോസ്പിറ്റൽ സ്റ്റാഫും ചേർന്ന് ഹുദൂറിനെ വരവേറ്റു. ഈ അവസരത്തിൽ ജമാഅത്തംഗങ്ങൾ മുദ്രാവാക്യങ്ങൾ വിളിച്ചു.

ശേഷം ഹുദൂർ ഒരു സ്പെഷ്യൽ പന്തലിലെത്തി. അവിടെ ഗ്വാട്ടിമാലയിലെ സർക്കാർ ഉദ്യോഗസ്ഥർ ഹുദൂറുമായി കൂടിക്കാഴ്ച നടത്തി. ഈ പന്തലിൽ താഴെ പറയുന്ന വ്യക്തികൾ സന്നിഹിതരായിരുന്നു.

വൈസ് മിനിസ്റ്റർ ഓഫ് ഹെൽത്ത് ഓണറബിൾ മാരിയോ ഫിഗേറോവ(Mario Figueroa), വൈസ് മിനിസ്റ്റർ ഓഫ് കൽച്ചർ ജുആൻ അൽബേർട്ടോ മോൺസൻ(Juan Alberto Monzon), സെക്കന്റ് ഇൻ കമാന്റ് ഗ്വാട്ടിമാല ആർമി പീസ് കോർപ്(Peace Corp)ജനറൽ ഗോഡിനസ് ക്യൂവാസ് (General Godines Cuevas), ചീഫ് ഓഫ് ഗ്വാട്ടിമാല നാഷണൽ സിവിൽ പോലീസ് എഡ്‌വിൻ ടീ ഇസഡ് ഐ (Edwin TZI),ഫസ്റ്റ് വൈസ് മിനിസ്റ്റർ ഓഫ് സെക്യൂരിറ്റി ഗോട്ടിമാലൻ ഗവണ്മെന്റ് കാമിലോ റിവേറ(Kamilo Rivera), മേയർ ഓഫ് ടൗൺ ഓഫ് സാന്റിയാഗോ ഡോക്ടർ ജുവാൻ കാർലോസ് ബാരിയോസ് ( Dr.Jaun Carlos Barrios),

മേയർ സാഹിബിന്റെ ഭാര്യ ക്ളാര ബാരിയോസ് (Clara Barrios),പ്രസിഡന്റ് ഓഫ് പ്രൈവറ്റ് ഗ്വാട്ടിമാല സെക്യൂരിറ്റി ഫേം ജനറൽ കാര്യോസ് മാൻസില്ല (General Carios Mansilla), എക്സ് പ്രസിഡന്റ് ഗ്വാട്ടിമാല കോൺസ്റ്റിറ്റ്യൂഷണൽ കോർട്ട്. നെഫ്റ്റാലി അൽഡാന (Neftaly Aldana), ഗ്വാട്ടിമാല കോൺഗ്രസ് വുമൺ ഇല്യാന കാൽസ്(lliana Calls).

ഹുദൂർ ഈ എല്ലാ അതിഥികൾക്കും നന്ദി പറഞ്ഞു. എല്ലാ അതിഥികളും ഹുദൂറിനും നന്ദി പറഞ്ഞു. അഹ്മദിയ്യാ ജമാഅത്ത് ഒരു പുതിയ ഹോസ്പിറ്റൽ ഹ്യൂമാനിറ്റി ഫസ്റ്റിന്റെ കീഴിൽ തുറക്കുകയും ഇത് രാജ്യത്തിന് പ്രതീക്ഷയുടെ ഒരു പുതിയ കിരണമായി മാറിയിരിക്കുന്നു എന്നതിലും അവർ നന്ദി പ്രകാശിപ്പിച്ചു.

അപ്പോൾ ഹുദൂർ പറഞ്ഞു: 'ഹ്യൂമാനിറ്റി ഫസ്റ്റിന്റെ സ്ഥാപനോദ്ദേശ്യം തന്നെ മനുഷ്യസമൂഹത്തിലെ പാവപ്പെട്ടവരേയും പിന്നാക്കം നിൽക്കുന്നവരേയും വർണമോവർഗമോ നോക്കാതെ നിസ്വാർഥമായി സേവിക്കുക എന്നതാണ്. സാഹചര്യങ്ങൾ യുക്തമാകുകയാണെങ്കിൽ കൂടുതൽ പ്രദേശങ്ങളിലേക്ക് ഹ്യൂമാനിറ്റി ഫസ്റ്റ് അതിന്റെ പ്രവർത്തനം വ്യാപിപ്പിക്കുന്നതാണ്. എയർപ്പോർട്ടിൽ ഹുദൂറിനെ സ്വീകരിക്കാനെത്തിയിരുന്ന ഗ്വാട്ടിമാലയിലെ ഒരു കോൺഗ്രസ് വുമൻ ഇല്ല്യാന കാളസ് സാഹിബ ഈ പ്രോഗ്രാമിലും പങ്കെടുക്കാനെത്തിയിരുന്നു. പാർലമെന്റുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഹുസൂർ അവരോട് അന്വേഷിച്ചു. അതിനോട് അവർ ഇങ്ങനെ പ്രതികരിച്ചു: ഞങ്ങളുടെ പാർലമെന്റ് 158 അംഗങ്ങൾ അടങ്ങുന്നതാണ്. ഇവരാണ് നിയമ നിർമാണം നടത്തുന്നത്. സെനറ്റ് അല്ല. ഞാൻ ഭരണകക്ഷിയിലാണ് പ്രവർത്തിക്കുന്നത്.

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**'അല്ലാഹുവിന്റെ കാരുണ്യത്തെ ആകർഷിച്ചെടുക്കുന്നതിനും മലക്കുകളുടെ വലയത്തിനുള്ളിൽ വരുന്നതിനും, നമ്മളിൽ ഓരോരുത്തരും വിശുദ്ധഖുർആൻ പഠിക്കുകയും അത് മനസ്സിലാക്കുകയും നമ്മുടെ മക്കളെ പഠിപ്പിക്കുകയും നിത്യവും ഖുർആൻ പാരായണം ചെയ്യാൻ അവരെ ഉപദേശിക്കുകയും ചെയ്യേണ്ടത് നിർബന്ധമാണ്.'**

**(ഖുത്ബാത്തെ മസ്റൂർ, വാല്യം 3, പേജ് 565)**

**ത്വാലിബെ ദുആ:**
**M.K. Abdul Azeez & Family, Ahmadiyya Jama-ath Mannarkad(Kerala)**

**ഹുദൂർ:** നിങ്ങൾ എയർപ്പോർട്ടിലും വന്നിരുന്നു. വ്യക്തിപരമായി നിങ്ങളോട് നന്ദി പറയാൻ ആഗ്രഹിക്കുന്നു.

മറ്റൊരതിഥി: 'ഹോസ്പിറ്റൽ തുറന്നതിൽ ഞങ്ങൾക്ക് വളരെ സന്തോഷമുണ്ട്. ഗ്വാട്ടിമാലയിൽ ആരോഗ്യരംഗത്ത്, ചികിത്സാ രംഗത്ത് വളരെ ആവശ്യകതകൾ നിലനില്ക്കുന്നു.ഇവിടെ ആശുപത്രി തുറന്നുകൊണ്ട് ചികിത്സയുടെ സംവിധാനം തയ്യാറാക്കിയതിൽ ഞങ്ങൾക്ക് താങ്കളോട് വളരെ നന്ദിയുണ്ട്.'

**ഹുദൂർ:** 'ഈ ഹോസ്പിറ്റലിന്റെ സ്ഥാപനോദ്ദേശ്യം മാനവതയെ സേവിക്കുക എന്നതാണ്. മാനുഷിക മൂല്യങ്ങൾ സ്ഥാപിതമാകുക എന്നതാണ് അടിസ്ഥാനം. എല്ലാവരും കൂട്ടായ്മയോടെ പ്രവർത്തിക്കുക. ഐക്യത്തോടെ ജീവിക്കുക.'

മറ്റൊരു ചോദ്യത്തിന് മറുപടി നല്കിക്കൊണ്ട് ഹുദൂർ പറഞ്ഞു: 'ഇതുവരെ ഞാൻ ഹോസ്പിറ്റൽ ചിത്രത്തിലാണ് കണ്ടത്. വളരെ നല്ല ഡിസൈനാണ്.'

ആ പ്രദേശത്തെ മേയറും ഈ പരിപാടിയിൽ പങ്കെടുക്കാനെത്തിയിരുന്നു. ഹുദൂർ അവരോട് വിവരങ്ങൾ ചോദിച്ചറിഞ്ഞു. മേയറിനെ തിരഞ്ഞെടുക്കുന്നത് കൗൺസിലേഴ്സാണോ?

മേയർ: 'തദ്ദേശവാസികളാണ് തിരെഞ്ഞെടുക്കുന്നത്.അടുത്ത വർഷം രണ്ടാമത് മത്സരിക്കാൻ ആഗ്രഹിക്കുന്നു. ഹോസ്പിറ്റൽ ഉൽഘാടനത്തിന് ഇവിടെ വന്നതിൽ എനിക്ക് ഹുദൂറിനോട് വളരെ നന്ദിയുണ്ട്. ഹ്യൂമാനിറ്റി ഫസ്റ്റ് വളരെ പെട്ടെന്ന് നിർമാണം പൂർത്തിയാക്കി ഹോസ്പിറ്റൽ തയ്യാറാക്കിയിരിക്കുന്നു.

**ഹുദൂർ:** ഈ ഹോസ്പിറ്റലിനെ ജനങ്ങൾ എത്രത്തോളം ഉപയോഗിക്കും?

മേയർ: ഈ പ്രദേശത്തും ചുറ്റിലുമായി ലക്ഷക്കണക്കിന് ജനങ്ങൾ താമസിച്ചു വരുന്നു. അവർ ഇതിനെ പ്രയോജനപ്പെടുത്തും.

ഈ ഹോസ്പിറ്റലിൽ പുറത്തു അമേരിക്കയിൽ നിന്ന് ചില ക്വാളിഫൈഡ് ഡോക്ടർമാരും വരുന്നതാണ്. നമ്മുടെ ലോക്കൽ ഡോക്ടർമാരും അവരിൽനിന്ന് പരിശീലനം നേടുന്നതാണ്.

**ഹുദൂർ:** മാനവികതയെ സേവിക്കാനുള്ള വികാരം ഉണ്ടെങ്കിൽ ട്രൈനിംഗിന് ശേഷം നല്ല ഫലം ഉണ്ടാകുന്നതാണ്.

ഈ അതിഥികളുമായുള്ള കൂടിക്കാഴ്ച 3.30 വരെ തുടർന്നു. ശേഷം അമേരിക്കൻ ഭരണ കൂടത്തിൽ നിന്ന് വന്ന ഒരു സംഘവുമായി ഹുദൂറിന്റെ കൂടിക്കാഴ്ച നടന്നു. അതിൽ ചുവടെ ചേർക്കുന്ന വ്യക്തികൾ ഉണ്ടായിരുന്നു.**(തുടരും)**


**നൂറുൽ ഇസ്ലാംവകുപ്പിന്റെ പ്രവർത്തന സമയം:**

രാവിലെ 9 മണിമുതൽ രാത്രി 11 മണിവരെ.

വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച് താങ്കൾക്ക് അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച് കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.


# വിശുദ്ധഖുർആൻ

## ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)
## (വാഗ്ദത്ത മഹ്ദീ മസീഹ്)

(റിവ്യു ഓഫ് റിലീജ്യൺസ് എന്ന ഇംഗ്ലീഷ് മാസികയുടെ 2019 ഒക്ടോബർ ലക്കത്തിൽ പ്രസിദ്ധീകരിച്ച ലേഖനത്തിന്റെ പരിഭാഷ. വിവർത്തകൻ: കെ.വി. ഹസ്സൻകോയ കോഴിക്കോട്)

**(കഴിഞ്ഞ ലക്കത്തിൽ നിന്നുള്ള തുടർച്ച)**

ഗുണങ്ങളിലും വാക്കുകളിലും പ്രവർത്തനങ്ങളിലും അവന്റെ സത്ത ഏതെങ്കിലും ഒരാൾ അവന്റെ പങ്കുകാരൻ ആയിരിക്കണമെന്നുള്ള പൂർവാപര വിരുദ്ധതയിൽനിന്ന് സ്വതന്ത്രമായിരിക്കണം.

രണ്ടാമതായി, നിരീക്ഷണം മുഖേന തെളിയിക്കപ്പെട്ട കാര്യമാണ്, സൃഷ്ടിക്കപ്പെട്ട എല്ലാ വസ്തുക്കളും ദൈവത്താൽ സൃഷ്ടിക്കപ്പെട്ടതാണെന്നത്. അവയിൽ ഒന്നുംതന്നെ മനുഷ്യനാൽ സൃഷ്ടിക്കപ്പെടാൻ സാധ്യമല്ല. അവയിൽ ഏറ്റവും ചെറുതുപോലും സൃഷ്ടിക്കാൻ മനുഷ്യന് സാധ്യമല്ല. ഉദാഹരണമായി ഈച്ച, കൊതുക്, ചിലന്തി മുതലായവ. അവയുടെ രൂപവും രൂപീകരണവും നിരീക്ഷിച്ചാൽ അത്തരം ദിവ്യാത്ഭുതങ്ങൾ കാണാൻ കഴിയും. അത് നമുക്ക് പ്രപഞ്ചസ്രഷ്ടാവിന്റെ അസ്തിത്വത്തിനുള്ള നിർണായകമായ തെളിവ് നല്കുന്നു. ഈ എല്ലാ വാദഗതികളും കൂടാതെ, ദൈവം തന്റെ ശക്തിയാൽ സൃഷ്ടിച്ചത് ദൈവത്തെ കൂടാതെ മറ്റാർക്കെങ്കിലും സൃഷ്ടിക്കാൻ കഴിയുമായിരുന്നെങ്കിൽ ഒരു ബുദ്ധിമാനായ വ്യക്തിക്ക് വളരെ വ്യക്തമാകുന്നത് സൃഷ്ടിയുടെ ഒരു ഭാഗവും യഥാർഥ സ്രഷ്ടാവിന്റെ അസ്തിത്വത്തിനു തെളിവായി ഉദ്ധരിക്കാൻ സാധ്യമല്ലാതെ വരും എന്നാണ്. അപ്പോൾ സ്രഷ്ടാവുമായി അവനെ തിരിച്ചറിയുന്ന കാര്യം സംശയാസ്പദമായിത്തീരുന്നതാണ്. എന്തെന്നാൽ, സർവ്വശക്തനായ ദൈവം സൃഷ്ടിച്ചതിൽ ചിലത് മറ്റുള്ളവർക്കും സൃഷ്ടിക്കാം എന്നു വരുന്നു. അപ്പോൾ ദൈവം സൃഷ്ടിച്ച എല്ലാം മറ്റുള്ളവർക്കും സൃഷ്ടിക്കാൻ കഴിയില്ല എന്നു പറയാൻ ഒരുവിധ കാരണവുമില്ല.

ദൈവം സൃഷ്ടിച്ചത് അതുല്യമായിരിക്കേണ്ടത് ആവശ്യമാണ് എന്ന് ഇപ്പോൾ സ്ഥാപിച്ചുകഴിഞ്ഞിരിക്കുന്നു. അതിന്റെ തുല്യത അത് ദൈവത്തിൽനിന്നുള്ളതാണെന്നതിനുള്ള നിർണായക തെളിവാണ്. ദൈവികവചനം അതുല്യമായിരിക്കണമെന്ന ആവശ്യമില്ലെന്ന നിർദേശത്തിനുള്ള പൂർണമായ ഖണ്ഡനമാണിത്. അല്ലെങ്കിൽ അത് അതുല്യമാണെന്ന കാര്യം അത് ദൈവത്തിൽനിന്നുള്ളതാണെന്നതിന് തെളിവല്ല. അതുല്യത ദൈവത്തിന്റെ പ്രവൃത്തിയുടെയും വാക്കിന്റേയും ഒരു പ്രത്യേകതയാണ്. ഓരോ ബുദ്ധിമാനായ വ്യക്തിയും അതറിയുന്നു. ബുദ്ധിയുടെ പ്രധാന വഴി, ദൈവികത്വത്തിന്റെ ദൈവികത സ്ഥാപിക്കാൻ ദൈവത്തിൽനിന്ന് വരുന്ന മറ്റെല്ലാ കാര്യങ്ങളും എത്രത്തോളം അതുല്യമാണെന്നുവെച്ചാൽ അത് സ്രഷ്ടാവിന്റെ ഏകത്വത്തിന് നിർണായകമായ തെളിവാണ്. ഈ വഴി ലഭ്യമായിരുന്നില്ലെങ്കിൽ ദൈവത്തിലെത്തുന്ന ബുദ്ധിയുടെ വഴി അടക്കപ്പെടുമായിരുന്നു.' (ബറാഹീനെ അഹ്മദിയ്യാ, റൂഹാനീഖസാഇൻ, വാള്യം 1, പേജ് 149–182)

വിശുദ്ധഖുർആൻ അതിന്റെ അതുല്യത പ്രഖ്യാപിച്ച ഒരു ഗ്രന്ഥമാണ്. അതിന്റെ മഹത്ത്വവും അതിന്റെ യുക്തിയും അതിന്റെ സത്യവും സംഗ്രഥനത്തിന്റെ സൗന്ദര്യവും അതിന്റെ ആത്മീയ പ്രകാശവും അത് അവകാശപ്പെടുന്നു. ഖുർആന്റെ യോഗ്യത അതുതന്നെ പ്രതിപാദിക്കുന്നു; അതിന്റെ മികവുകളും അതിന്റെ അതുല്യതയും മുന്നോട്ടുവയ്ക്കുന്നു. അതിന്റെ അതുല്യതയും നിസ്തുലതയും മുഴുവൻ സൃഷ്ടികൾക്കും ഒരു വെല്ലുവിളിയായി മുന്നോട്ടുവയ്ക്കുന്നു. അത് ഉച്ചത്തിൽ വിളിച്ചുപറയുന്നു: മത്സരിക്കുന്ന ഏതെങ്കിലും ആളുണ്ടോ? അതിന്റെ സത്യതകളും സൂക്ഷ്മമായ ആശയങ്ങളും രണ്ടിലോ മൂന്നിലോ ഒതുങ്ങുന്നില്ല. അങ്ങനെയാകുമ്പോൾ അജ്ഞരായ ഒരു വ്യക്തിക്ക് സംശയത്തിനിട വരും. എന്നാൽ, അത് സമുദ്രത്തിലെ ഓളങ്ങൾ പോലെ തിളച്ചുമറിയുകയാണ്. ആകാശത്തിലെ നക്ഷത്രങ്ങൾപോലെ ഓരോ ദിശയിലും കാണാൻ സാധിക്കും. അതിന്റെ പുറത്തുകിടക്കുന്ന ഒരു സത്യവും ഇല്ല. അതിലടങ്ങാത്ത യുക്തിയുമില്ല. അതിനെ അനുധാവനം ചെയ്യുന്നതു മുഖേന ലഭിക്കാത്ത ഒരു വെളിച്ചവുമില്ല. ഈ കാര്യങ്ങളൊന്നും തെളിവില്ലാത്തതല്ല. ഇവ വെറും വാക്കുകളല്ല. ഇത് സ്ഥാപിക്കപ്പെട്ടതും വ്യക്തമായി തെളിയിക്കപ്പെട്ടതുമായ സത്യതയാണ്. അത് 1300 വർഷമായി തിളങ്ങിക്കൊണ്ടിരിക്കുന്നു. ഈ സത്യത ഈ ഗ്രന്ഥത്തിൽ വളരെ വിശദമായി നാം പ്രതിപാദിച്ചിരിക്കുന്നു. വിശുദ്ധഖുർആന്റെ സൂക്ഷ്മമായ ആശയങ്ങൾ ഓളങ്ങൾ മറിയുന്ന സമുദ്രം പോലെയാണ്. നാം അത് വ്യാഖ്യാനിച്ചിരിക്കുന്നു. ഇത് സത്യാന്വേഷികളുടെ സംതൃപ്തിക്കുവേണ്ടിയാണ്.' (ബറാഹീനെ അഹ്മദിയ്യാ, റൂഹാനീഖസാഇൻ, വാള്യം 1, പേജ് 662–665, അടിക്കുറിപ്പ് 11)

## നിങ്ങൾക്കുമെഴുതാം

നിങ്ങളുടെ സൃഷ്ടികൾ ഞങ്ങൾക്കു അയച്ചുതരിക. പ്രസിദ്ധീകരണയോഗ്യമെങ്കിൽ ബദർ മലയാളം ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും. വിവർത്തനസൃഷ്ടിയും അതുപോലെതന്നെ ദുആയ്ക്കുള്ള പരസ്യങ്ങളും ജമാഅത്തിൽ നടക്കുന്ന പരിപാടികളുടെ റിപ്പോർട്ടും അയക്കാവുന്നതാണ്. ഭാവിയിൽ ഇതെല്ലാം നിങ്ങളുടേയും നിങ്ങളുടെ ജമാഅത്തിന്റേയും ചരിത്രമായി മാറുന്നതായിരിക്കും. അയക്കേണ്ട വിലാസം:

മുഹമ്മദു ഇസ്മായീൽ ആലപ്പുഴ,
'ബയ്ത്തുൽ ഇസ്റ' വണ്ണാം തടം,
അടുത്തില, പഴയങ്ങാടി,
കണ്ണൂർ 670 303.
ismayeel.ha@gmail.com

## ഹദീഥുന്നബ്‌വി (സ):

***സ്വന്തം കൈകൊണ്ടു സമ്പാദിച്ച ഭക്ഷണത്തെക്കാൾ ഉത്തമമായ ഒരു ഭക്ഷണവുമില്ല.***
***(സ്വഹീഹ് ബുഖാരി, കിതാബുൽബുയൂഅ്)***

**ത്വാലിബെ ദുആ**
**P.Abdul Ameer**
**Sadr, Ahmadiyya jama'ath Pathapiriyam (Kerala)**

## കലാമുൽ ഇമാം:-

**സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:**
**"അല്ലാഹുവിനോടുണ്ടാകേണ്ട സത്യസന്ധത, കൂറ്, ആത്മാർഥത, സ്നേഹം അല്ലാഹുവിലുള്ള സമർപ്പണം ഒന്നും ഇല്ലാതായിപ്പോയിരിക്കുന്നു."(മൽഫൂദാത്ത് വാള്യം 6 പേജ് 352)**

**ത്വാലിബെ ദുആ:**
**Members of lajna Imayillah,**
**Ahmadiyya jama'ath Mathottam (Kerala)**

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2017-2019 Vol-4 Thursday 12 December 2019 Issue-50

MANAGER
NAWAB AHMAD
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 500/- (Per Issue : Rs. 9/-) (**WEIGHT** - 20-50 gms/issue)

# മൂസാനബി(അ)യുടെ കാലത്തെ ഫിർഔൻ

**ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ) ഖലീഫത്തുൽമസീഹുസ്സമാൻ**
**ശഹ്സാദ് അഹ്മദ്**

ഇംഗ്ലീഷിൽ ആദ്യമായി പ്രസിദ്ധീകരിച്ചു. ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ) നമുക്ക് നൽകുന്നത്, യഥാർഥത്തിൽ അതുല്യവും വർണപകിട്ടേറിയതും ഉൾക്കാഴ്ച നല്കുന്നതും ശ്രദ്ധേയമായതുമായ ഒരു പ്രബന്ധമാണ്. വിവിധങ്ങളായ ചരിത്രപരാമർശങ്ങളും പുരാവസ്തുശാസ്ത്രപരമായ തെളിവുകളും നല്കിക്കൊണ്ട് അദ്ദേഹം തിരിച്ചറിയുന്നത് മൂസാനബി(അ)യുടെ കാലത്തെ ഫിർഔൻ യഥാർഥത്തിൽ ആരായിരുന്നുവെന്നാണ്.

**ആമുഖം.**

വിഭജിക്കപ്പെട്ട കടൽവഴി ഫിർഔനിൽനിന്ന് രക്ഷപ്പെട്ട മൂസാനബി(അ)യുടെ കഥ ലോകത്തുള്ള ആയിരക്കണക്കിനാളുകൾക്ക് അറിയാം.

യഥാർഥത്തിൽ ഇസ്രായീല്യർ അഥവാ ബനീ ഇസ്റായീൽ അനുഭവിച്ച മർദനങ്ങൾ മൂന്ന് ഇബ്റാഹീമീ മതങ്ങളുടെ വേദഗ്രന്ഥങ്ങളിലും പ്രസ്താവിക്കപ്പെട്ടിട്ടുണ്ട്.

പക്ഷേ, ഈ കഥ നിരവധി ചരിത്രപരമായ ചോദ്യങ്ങൾ ഉയർത്തുന്നുണ്ട്. ബനീഇസ്റായീൽ ആരായിരുന്നു? ഈജിപ്തിൽനിന്നുള്ള അവരുടെ പുറപ്പാടിന്റെ യഥാർഥ സാഹചര്യങ്ങൾ എന്തായിരുന്നു? ഫറോവ ആരായിരുന്നു? എന്നിവയാണ് ചോദ്യങ്ങൾ. വളരെ അഹങ്കാരപൂർവ്വം മൂസാനബി(അ)യെ പുറന്തള്ളാൻ ശ്രമിച്ചു ഫിർഔൻ മാനഹാനിക്കിടവരുത്തുന്ന മരണം വരിച്ചവനായി അറിയപ്പെടുന്നു.

ബനീ ഇസ്രായീലിനെ സംബന്ധിച്ചിടത്തോളം അവരുടെ പൂർവപിതാക്കളുടെ വംശാവലി കുലപതിയായ ഇബ്റാഹിംനബി(അ)യിൽ എത്തുന്നു. ബൈബിളിന്റെ നിവേദന പ്രകാരം ഇസ്ഹാഖുനബി(അ)യുടെ മകനായ യഅ്ഖൂബുനബി(അ)ക്ക് ഇസ്റായീൽ എന്ന പേര് നല്കപ്പെട്ടു. ബനീഇസ്റായീൽ എന്നതുകൊണ്ട് അക്ഷരാർഥത്തിൽ ഉദ്ദേശിക്കപ്പെട്ടത് യഅ്ഖൂബി(അ)ന്റെ മക്കൾ അല്ലെങ്കിൽ സന്തതി എന്നാണ്. യഅ്ഖൂബുനബി(അ)യ്ക്ക് 12 ആൺമക്കളുണ്ടായിരുന്നു. അവരിലോരോരുത്തനും ഓരോ ഗോത്രത്തിന്റെ പൂർവ്വികനായിരുന്നു. അത് പിന്നീട് ബനീഇസ്റായീൽ ആയി രൂപപ്പെട്ടു. ബനീഇസ്റായീൽ താമസിച്ചിരുന്നത് കൻആൻ ദേശത്തായിരുന്നു. അത് പന്ത്രണ്ട് ഗോത്രങ്ങളായി വിഭജിക്കപ്പെട്ടു. എന്നിരിക്കിലും ക്ഷാമം കാരണം അവർ ഈജിപ്തിൽ കുടിയേറാൻ നിർബന്ധിതരായി. ചില തലമുറകൾക്കുശേഷം വർധിച്ചുകൊണ്ടിരിക്കുന്ന അവരുടെ എണ്ണം കാരണമായി അക്കാലത്തെ ഫിർഔൻ ബനീഇസ്റായീല്യരെ അടിമകളാക്കി. അവരെ കഠിന പീഢനങ്ങൾക്കും ഞെരുക്കങ്ങൾക്കും വിധേയരാക്കി. ബനീഇസ്രായീലിൽ ജനിക്കുന്ന ആൺകുട്ടികളെ കൊല്ലാൻപോലും ഉത്തരവ് പുറപ്പെടുവിക്കപ്പെട്ടു. ഇത് മൂസാനബി(അ)ജനിക്കുന്നതിനോടടുത്തായിരുന്നു. മൂസാനബി(അ)യുടെ കാലത്തെ ഫിർഔൻ ആരായിരുന്നുവെന്നതിനെക്കറിച്ച് അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ രണ്ടാം ഖലീഫയായിരുന്ന ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ) എഴുതിയ പ്രബന്ധം ദി റിവ്യൂ ഓഫ് റീലിജ്യൻസ് അവതരിപ്പിക്കുകയാണ്.

1911–ൽ എഴുതപ്പെട്ട 'മൂസാനബി(അ)യുടെ കാലത്തെ ഫിർഔൻ' എന്ന ആകർഷകമായ അപഗ്രഥനമാണിത്. ഇത് ചരിത്രപരമായ പരാമർശങ്ങളും പുരാവസ്തുശാസ്ത്ര തെളിവുകളും ഉൾക്കൊള്ളുന്നു. ഈ ഉപന്യാസത്തിന്റെ രണ്ടാം ഭാഗത്ത് ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ) മൂസാനബിയുടെ കാലത്തെ ഫിർഔന്റെ ശരീരം കണ്ടെത്തിയതിനെക്കുറിച്ച് പ്രസ്താവിക്കുന്നു.

1898–ൽ ഈജിപ്റ്റോളജിസ്റ്റായ വിക്ടർലോററ്റാണ് എംബാം ചെയ്ത ശരീരമുള്ള സ്ഥലം കണ്ടുപിടിച്ചത്. അത് കെവി–35 എന്നറിയപ്പെടുന്നു. ആ സ്ഥലത്ത് നിരവധി രാജാക്കന്മാരുടെ എംബാം ചെയ്യപ്പെട്ട ശരീരങ്ങളും കണ്ടെത്തി. വിക്ടർ ലോററ്റ് ഫ്രഞ്ച് ഈജിപ്റ്റോളജിസ്റ്റായ വില്യം എൻഗ്രോഫിന്റെയടുക്കൽപോയി. അദ്ദേഹം ഉറപ്പിച്ചുപറഞ്ഞത് ചിത്രലിപി ശരീരത്തിന്റെ തിരിച്ചറിവ് ഉറപ്പിച്ചു എന്നാണ്. പുരാവസ്തുശാസ്ത്രത്തിന്റെ തെളിവും വിശുദ്ധഖുർആന്റെ തെളിവുംകൊണ്ട് അദ്ദേഹം ഫിർഔന്റെ അനന്യതക്ക് പൂർണമായ മറുപടി നല്കുന്നു. മൂസാനബി(അ)യുടെ യാത്രയെക്കുറിച്ചുള്ള മറ്റുവശങ്ങളിലേക്ക് വെളിച്ചം വീശുന്നു. അത് ആധുനിക വായനക്കാരനു താല്പര്യജനകമായിരിക്കും. 'ദി റിവ്യൂ ഓഫ് റിലീജ്യൻസ്' താഴെ പൂർണമേൽവിലാസം അവതരിപ്പിക്കുന്നതിൽ സന്തുഷ്ടരാണ്. ഇത് ഇംഗ്ലീഷിൽ പ്രസിദ്ധീകരിക്കുന്നത് ആദ്യമായാണ്.

ജനങ്ങൾ വിശുദ്ധഖുർആനിൽ ഫിർഔനെ സംബന്ധിച്ച വിവരണം വായിക്കുമ്പോൾ അവരിൽ മിക്കവരും വിശ്വസിക്കുന്നത് അത് പ്രത്യേകമൊരു രാജാവിന്റെ പേരാണെന്നാണ്. എന്നിരിക്കിലും യഥാർഥത്തിൽ ഏതുപോലെ ചൈനയിലെ ചക്രവർത്തിക്ക് 'ഫഗ്ഫർ' എന്നും ഇറാനിലെ ചക്രവർത്തിക്ക് 'കിസ്രാ' എന്നും റോമിലെ ചക്രവർത്തിക്ക് 'സീസർ' എന്നും ജപ്പാനിലെ ചക്രവർത്തിക്ക് 'മിക്കാഡോ' എന്നും റഷ്യയിലെ ചക്രവർത്തിക്ക് 'സാർ' എന്നും സ്ഥാനപ്പേരുണ്ടോ അതേപ്രകാരം ഈജിപ്തിലെ രാജാക്കന്മാർക്കോ ഭരണാധികാരികൾക്കോ നല്കപ്പെട്ട സ്ഥാനപ്പേരാണ് 'ഫിർഔൻ' എന്നത്. യൂസുഫുനബി(അ)യുടെ കാലത്തെ ഭരണകർത്താക്കൾ ഫിർഔൻമാർ ആയിരുന്നു. അതുപോലെ മൂസാനബി(അ)യുടെ കാലത്തും ഫിർഔൻ ഉണ്ടായിരുന്നു. ആദ്യത്തെയാൾ ഒരു പ്രവാചകനെ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്തു. അങ്ങനെ തന്റെ രാജ്യത്തെ ക്ഷാമത്തിന്റെ ദുരിതത്തിൽനിന്നു രക്ഷിച്ചു. അപരൻ ഒരു പ്രവാചകനെ നിന്ദിച്ചു. അതിൻഫലമായി അയാൾ രാജ്യവും സ്വത്തും പൂർണമായി നശിപ്പിച്ചു. യൂസുഫുനബി(അ)യുടെ കാലത്തെ ഫിർഔൻ അദ്ദേഹത്തേയും സഹോദരന്മാരേയും ക്ഷണിക്കുകയും അവർക്ക് സുഖസൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്തു. അതേസമയം മറ്റേയാൾ അതിഥികളുടെ സന്തതികളെ കിരാതമായി വധിച്ചു. അതുകൊണ്ട് യൂസുഫുനബി(അ)യുടെ കാലത്തെ ഫിർഔനും മൂസാനബി(അ)യുടെ കാലത്തെ ഫിർഔനും തമ്മിൽ വ്യത്യാസത്തിന്റെ ലോകംതന്നെയുണ്ട്. ഒരാൾ സൗഭാഗ്യവാനും മറ്റേയാൾ നികൃഷ്ടനുമായിരുന്നു.

യൂസുഫുനബി(അ)യുടെയും മൂസാനബി(അ)യുടെയും കാലത്തിനിടയിൽ എത്ര ഫിർഔൻമാർ ഉണ്ടായിരുന്നുവെന്ന് കൃത്യമായി പറയാൻ സാധിക്കില്ലെങ്കിലും ഏകദേശം പതിനാലോ പതിനഞ്ചോ ഉണ്ടായിരിക്കണം, എന്തെന്നാൽ ഇസ്റായീല്യർ ഈജിപ്തിൽ താമസിച്ചത് 200 വർഷമായിരുന്നു. ഇക്കാലത്ത് അവർ വളരെയധികം പുരോഗതി നേടുകയും അവരുടെ ജനസംഖ്യ ഏതാനും ചില വ്യക്തികളിൽനിന്ന് ആയിരങ്ങളായി വർധിക്കുകയും ചെയ്തു. അങ്ങനെ ഫിർഔൻമാർക്ക് അവരെക്കുറിച്ചു ഭയം തോന്നി. അതിൻഫലമായി അവരുടെ നേരെ വിവിധരീതിയിൽ അവർ ക്രൂരത കാണിക്കാൻ തുടങ്ങി.

ഫിർഔന്മാർ അവരെ ഭയപ്പെടാൻ തുടങ്ങിയതിന്റെ കാരണങ്ങളിലൊന്ന് തങ്ങൾ സ്വയംതന്നെ ഈജിപ്തിലെ നിവാസികളായിരുന്നില്ലെന്നതാണ്. വാസ്തവമെന്തെന്നാൽ, അവർ കിഴക്കുനിന്നു യാത്രചെയ്തു ആ ഭൂമിയിൽ താമസമാക്കിയതാണ്. ഇസ്റായീല്യരെപ്പോലെതന്നെ അവർ അറബികളിൽ നിന്നുള്ളവരായിരുന്നു. അവർ സെമിറ്റിക്കുകളായിരുന്നു. അപ്രകാരം ഇബ്റാഹിംനബി(അ)യുടെ സന്തതികൾക്ക് ഈ ദേശവുമായുണ്ടായ ബന്ധം ഈ ധാരണയിലേക്ക് കൂടുതൽ വെളിച്ചം വീശുന്നു.

ഫിർഔന്മാർ വളരെ ഉൽക്കണ്ഠാകുലരായിരുന്നു. ഏതെങ്കിലും ഗോത്രം കൂടുതൽ ശക്തിയാർജിക്കുകയും തദ്ദേശവാസികളുമായി ചേരുകയും അല്ലെങ്കിൽ മറ്റൊരു ഗോത്രവുമായിചേർന്ന് തങ്ങളെ ആ ദേശത്തുനിന്ന് നാടുകടത്തുകയും ചെയ്യുമെന്ന് അവർ ഭയപ്പെടുന്നു. അതുകൊണ്ട് ഇസ്രായീല്യരുടെ വളർന്നുവരുന്ന ശക്തിക്ക് സാക്ഷിയാകുമ്പോൾ സാധ്യമായ എല്ലാ മാർഗങ്ങളിൽക്കൂടിയും അത് നിറുത്താൻ അവർ തീരുമാനിച്ചിരുന്നു. അവരുടെ സന്താനങ്ങളെ കൊന്നശേഷം ഫറോവമാർ അവരിലോരോരുത്തരേയും ഇഷ്ടികകൾ വിരിക്കുന്ന ജോലിക്ക് നിർബന്ധിച്ചു. അവരെക്കൊണ്ട് ജോലിയെടുപ്പിച്ചു. രണ്ടു പട്ടണങ്ങൾ നിർമിക്കാൻ തുടങ്ങി. ഹത്തറ റാമെസ്സസ് എന്നിവയായിരുന്നു ആ പട്ടണങ്ങൾ. അപരനെ ഫറോവയോടു ചേർത്തു നാമകരണം ചെയ്തു.

തുടരും

**കലാമുൽ ഇമാം:–**

**സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:**
**"ഏഷ്യയിലേയും യൂറോപ്പിലേയും അമേരിക്കയിലേയും മനസ്സുകളിൽ മലക്കുകളുടെ സൈന്യം ആകാശത്തുനിന്നിറങ്ങുന്നത് നിങ്ങൾ കാണുന്ന കാലം വിദൂരമല്ല, പ്രത്യുത വളരെ അടുത്താണ്."**

**ത്വാലിബെ ദുആ:**
**Members of lajna Imayillah,**
**Ahmadiyya jama'ath Calicut (Kerala)**

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin